No. 247 JANUARY 2015

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*




6 ഇന്ത്യൻ ജനാധിപത്യവും പൗരസമൂഹ നിർമ്മിതിയും
32 പ്രദീപന്റെ അമ്മ
14 ഹിന്ദുത്വവും ഭാരതസംസ്കാരവും

AKPCTA

KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 247 JANUARY 2015

EDITORIAL BOARD

*Chief Editor*

**Promod Vellachal**

*Managing Editor*

**Prof. R. Mohanakrishnan**

*Assistant Editor*

**Dr. M.S.Vasanthakumar**

*Members*

Dr. K. P. Sukumaran Nair

Dr. K. Sreevalsan

Dr. D.K. Babu

Prof. A.G. Oleena

Dr. Kusalakumari

Prof. T.K.Ramakrishnan

Dr. C. Unnikrishnan

Dr. Rakhi Rgahavan

Dr. K.Biju kumar

Dr. I.G. Shibi

Prof. A.C. Sreehari

Prof. N. Vipin Chandran

Dr. N.Gopa kumar

Dr. Ajith. G. Krishna

Dr. S. Soju

Prof. N. K. Sunilkumar

Prof. Sreejith

AKPCTA State Committee Office
Mathrubhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org

# 247

## inside

തകർക്കപ്പെടുന്ന ഉന്നതവിദ്യാഭ്യാസം
**ഡോ.കെ.ശ്രീവത്സൻ**

ഇന്ത്യൻ ജനാധിപത്യവും
പൗരസമൂഹ നിർമ്മിതിയും

അധ്യാപിക സംഘടനാ പ്രവർത്തക
സാമൂഹ്യജീവി

ഹിന്ദുത്വവും ഭാരതസംസ്കാരവും
**ഡോ. ധർമ്മരാജ് അടാട്ട്**

Swami Vivekanada and
His Views on Education
**Dr. K. Krishnadas**

നോവൽഭാവനയുടെ ചരിത്രാത്മകത
**പി.എസ്. ജ്യോതിലക്ഷ്മി**

പ്രദീപന്റെ അമ്മ
**അശോകൻ ചരുവിൽ**

National Institution for Transforming
India (NITI) Aayog - Claims and
Facts A Boon or Bane?
**Dr. Kumar S P**

ശാസ്ത്രവും ദേശീയതയും
പിന്നെ ആഗോള മൂലധനവും
**സി.പത്മനാഭൻ**

ദയാവധം കാത്ത് ഒരു സർവകലാശാല:
എം.ജി. സർവകലാശാലയിലെ പ്രതിസന്ധികൾ
**ടോമിച്ചൻ ജോസഫ്**

ഇനിയും തുടരണോ ഈ വളർത്തുദോഷം?
**എ.ജി.ഒലീന**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org.
Printing & Typeset: New Genial Printers, Tvpm-01, Ph: 3012141 Chief Editor:Prof. Pramod Vellachal

Chief Editor's Desk



# വിദ്യാഭ്യാസ ഇടതുപക്ഷം (Educational Left) പ്രസക്തിയും പ്രയോഗവും

അധിനിവേശത്തിന്റെ രീതിശാസ്ത്രം എന്തായിരിക്കും എന്ന് മനസ്സിലാക്കുവാൻ ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്ത് ജീവിക്കുന്ന സാമൂഹ്യബോധമുള്ളയാർക്കും മനസ്സിലാക്കാൻ സാധിക്കേണ്ടതാണ്. കോഴിക്കോട് സാമൂതിരിരാജാവിനോട് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കുവാനുള്ള വെള്ളക്കാരന്റെ അപേക്ഷ ഒരു രാജ്യത്തിന്റെയും സംസ്കാരത്തിന്റെയും അടിമത്തത്തിലേക്കുള്ള വഴിയായിരുന്നുവെന്ന് ചരിത്രം പിന്നീട് സാക്ഷ്യപ്പെടുത്തി. അപേക്ഷകളെയെല്ലാം അധികാരം എങ്ങിനെയാണ് ആജ്ഞകളാക്കി മാറ്റുന്നതെന്ന അധികാര രസതന്ത്രം സൂക്ഷ്മമായി അപഗ്രഥിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ അത് അത്യന്തം ഗുരുതരമായ അപകടങ്ങളുടെ ആഴങ്ങളിലേക്കുള്ള പതനമായിരിക്കും. സമൂഹം ഓടിക്കൊണ്ടിരിക്കുന്നു. എങ്ങോട്ട്? ആർക്കുവേണ്ടി? ആരുടെ ആശയങ്ങളുടെ കൂടെ? ഏത് തിരിച്ചറിവിന്റെ വെളിച്ചത്തിൽ?

മാനസികമായ കോളനി വൽക്കരണത്തിലൂടെ ഇച്ഛകളെയും സ്വപ്നങ്ങളെയുമെല്ലാം അധികാരചിന്തകളുടെ പക്ഷത്താക്കുന്ന പൊതുസമ്മതികളുടെ അഴിഞ്ഞാട്ടം സംഭവിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ വിമോചനത്തിന്റെ വിപ്ലവകരമായ ബോധനോപാദികൾ എന്തെന്ന് വിളിച്ചുപറയുവാനുള്ള ചരിത്രബാദ്ധ്യത പുരോഗമന പക്ഷത്ത് നിൽക്കുന്നവർക്കുണ്ട്. നവലിബറൽ ആശയങ്ങൾ There Is No Alternative (TINA) എന്നു വിളിച്ചുപോകുമ്പോൾ അതേറ്റു പറയുവാൻ എളുപ്പമാണ്. പക്ഷെ There are Alternatives എന്ന് പ്രഖ്യാപിക്കുവാൻ ഒഴുക്കിനെതിരെ നീന്തുന്ന ശേഷിയുണ്ടാവണം. സ്വയംഭരണ കോളേജുകൾക്കുവേണ്ടിയുള്ള കൂട്ടയോട്ടം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന പുതിയ കാലാവസ്ഥയിൽ അക്കാദമിക് ഓട്ടോണമി മാത്രമേയുള്ളൂ എന്ന് ആശ്വസിച്ചിരിക്കുന്നവരുടെ കൺമുന്നിലൂടെയാണ് അത് മാത്രമല്ല ഫീസ് വർദ്ധനയും പ്രവേശന അട്ടിമറിയും സാധ്യമാണ് എന്ന് തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. തലയില്ലാത്ത ചിന്തകളുടെ ബുൾഡോസറുകൾ സാധാരണക്കാരായ പാവം മനുഷ്യരുടെ ഉന്നത വിദ്യാഭ്യാസമോഹങ്ങളുടെ നെഞ്ചകത്തുകൂടിയാവരുത്. കൂട്ടോയോട്ടങ്ങളുടെ പടയോട്ടങ്ങളിൽ ലാഭവും സ്വപ്നവും ആലിംഗനം ചെയ്യുമ്പോൾ വെട്ടിപിടിക്കുന്ന സ്വകാര്യവൽക്കരണത്തിന്റെ ആനന്ദമൂർച്ഛകളാണ് ചുറ്റിലും ഉയർന്നു കേൾക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ അടിക്കല്ല് പറിക്കുന്ന പുതിയ സ്വയംഭരണ സിദ്ധാന്തങ്ങൾക്കെതിരെ പടചേർന്ന് നിൽക്കാൻ പൊതു സമൂഹം തയ്യാറാകുന്നില്ലെങ്കിൽ പിന്നീട് പരിതപിച്ചിട്ട് കാര്യമുണ്ടാവില്ല.

പീറ്റർ മാക്ലാറനും (Peter Mcleran) ഹനാലിയ ജറാമിലോവും (Hanalia Jaramillo) Pedagogy and Praxis in the Age of Empire: Towards a New Humanisam എന്ന ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നതുപോലെ ലോകം മുഴുവനും വിശിഷ്യ കേരളത്തിലും ഒരു Educational Left അത്യന്താപേക്ഷിതമായിരിക്കുന്നു. ചെറുത്തു നിൽപ്പിന്റെ ചെറുതുരുത്തുകളിൽ നിന്നും പ്രതിരോധത്തിന്റെ വൻകരകളിലേക്കുള്ള കുതിപ്പാവട്ടെ നമ്മുടെ സമകാലിക അറിവുകൾ എന്ന് പ്രത്യാശിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ തലയിൽ ചവിട്ടി മൂന്നാമത്തെ കാലടിയും സ്വന്തമാക്കുന്ന വാമനന്മാരുടെ ലോകം ഭയാനകമാണ്. പുരോഗമന കേരളം യുദ്ധകാലാടിസ്ഥാനത്തിൽ ചർച്ചചെയ്യേണ്ട ഒരു വിഷയമാണ് വിദ്യാഭ്യാസ ഇടതുപക്ഷത്തിന്റെ പ്രസക്തിയും പ്രയോഗവും.

ചീഫ് എഡിറ്റർ

# തകർക്കപ്പെടുന്ന ഉന്നതവിദ്യാഭ്യാസം



ഡോ.കെ.ശ്രീവത്സൻ
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ

സ്വാതന്ത്ര്യം കിട്ടുന്നതിനു മുന്നെതന്നെ കേരളത്തിൽ ഒരു ഇടതുപക്ഷ പൊതുബോധം ജനങ്ങൾക്കിടയിൽ നിലനിന്നിരുന്നു. അതുസ്വാതന്ത്ര്യസമരകാലത്തും അതിനുശേഷവും കേരളത്തിൽ വളർന്നുവരുകയും ചെയ്തു. ഇടതുപക്ഷപൊതുബോധം കേരളജനതയിൽ നിലനിന്നുപോരുകയും ചെയ്യുന്നു. ഇടതുപക്ഷപ്രസ്ഥാനങ്ങൾ വളരുകയും, ഒരു പരിധിവരെ സോഷ്യലിസ്റ്റ് മനോഭാവം കേരളത്തിലെ പൊതുസമൂഹത്തിൽ നിലനിന്നുപോരുന്നു. അതുചില വലതുപക്ഷപ്രസ്ഥാനങ്ങളിൽ പോലും നമുക്ക് അടുത്തകാലത്തുവരെ കാണാൻ കഴിയുന്നുണ്ട്. പക്ഷെ അവരുടെ ശബ്ദം ഇന്ന് കുറഞ്ഞുവരുകയാണ്.

കേരള ജനതയിൽ ഒരു പൊതുബോധം, പ്രത്യേകിച്ച് ഒരു സോഷ്യലിസ്റ്റ് കാഴ്ചപ്പാട് നിലനിന്നതുകൊണ്ടാണ് ആരോഗ്യത്തിനും, വിദ്യാഭ്യാസത്തിനും പൊതുഇടങ്ങളുണ്ടായത്. അങ്ങനെയുള്ള പൊതുഇടങ്ങൾ സൃഷ്ടിച്ച പുരോഗതിയെയാണ് ഇന്ന് കേരളമോഡൽ വികസനമെന്ന് വിശേഷിപ്പിക്കുന്നത്.

ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങലെക്കാൾ നമുക്ക് മുന്നേറാൻ കഴിഞ്ഞത് സർക്കാർ മേഖലയിൽ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പൊതു ഇടങ്ങൾ നിലനിന്നതുകൊണ്ടാണ്. ആഗോളവത്ക്കരണകാലത്ത് ഇന്ത്യയിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന പുത്തൻപരിഷ്കാരങ്ങൾ കേരളത്തിൽ മാറിമാറിവന്ന യു.ഡി.എഫ് സർക്കാരുകൾ നടപ്പിലാക്കാൻ ശ്രമിച്ചു. പ്രധാനപ്പെട്ട സേവനമേഖലകളായ ആരോഗ്യരംഗത്തുനിന്നും വിദ്യാഭ്യാസരംഗത്തുനിന്നും സർക്കാർ പിൻവാങ്ങാനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിന്റെ ഫലമായി സ്വകാര്യസംരംഭകർ കടന്നുവരുകയും അവരിന്ന് ഈ മേഖലകൾ കൈയ്യടക്കാനുള്ള ശ്രമത്തിലുമാണ്. ആ ശ്രമത്തിന് ആക്കം കൂട്ടുന്ന നിലപാടാണ് ഇന്ന് ഉമ്മൻചാണ്ടി സർക്കാരും, മോഡി സർക്കാരും നടത്തുന്നത്.

വിദ്യാഭ്യാസരംഗത്തെ ഒരു "കമ്മോഡിറ്റി"യാക്കി വിൽപ്പനച്ചരക്കാക്കാനുള്ള ലോകബാങ്കിന്റെ എൺപതുകളിലെ നയം അവരിന്നുമാറ്റിപ്പറയുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കയാണ്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്താൽ രാജീവ് ഗാന്ധിയും, മൻമോഹനും, വാജ്പേയിയും നടത്തിയ പരിഷ്ക്കാരങ്ങൾ ഇന്ത്യയിലെ വിദ്യാഭ്യാസമേഖല സാധാരണക്കാർക്കും ദുർബ്ബലവിഭാഗങ്ങൾക്കും അപ്രാപ്യമാക്കി. ലോകബാങ്കിന്റെ സഹായങ്ങൾക്കായി ഉന്നതവിദ്യാഭ്യാസരംഗത്തെ പൂർണ്ണമായും സ്വദേശവിദേശ കുത്തകകൾക്ക് അടിയറവച്ചു. ഇങ്ങനെ വിദ്യാഭ്യാസ മുതലാളിമാർ തങ്ങളുടെ ആവശ്യങ്ങൾ തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നട

ത്താൻ സർക്കാരുകളുടെ മേൽ സമ്മർദ്ദം ചെലുത്തി. അതിന്റെ ഫല മായി പൊതുവിദ്യാഭ്യാസത്തെ ഇല്ലാതാക്കാൻ വേണ്ടി അനവധി പരിഷകാരങ്ങൾ കൊണ്ടുവരികയു ണ്ടായി. പക്ഷേ അവയിൽ പലതും നിയമനിർമ്മാണ സഭയായ പാർല മെന്റിന്റെ ഉപരിസഭയിൽ പരാജയ പ്പെട്ടു. ഇങ്ങനെ പരാജയപ്പെട്ടിട്ടും അതിനെ ഓർഡിനൻസായും, മറ്റ് എക്സിക്യൂട്ടീവ് ഉത്തരവുകളായും കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തു ന്നുണ്ട്. അതിലൊന്നാണ് "റൂസ" എന്ന ദേശീയ ഉന്നതവിദ്യാഭ്യാസമി ഷൻ. (National Higher Education Mission) എന്ന "റൂസ"യുടെ മറ വിൽ ഇന്ത്യയിലെ സ്വകാര്യ വിദ്യാ ഭ്യാസ കച്ചവടക്കാർക്കും സർക്കാർ ഖജനാവിൽ നിന്നും പണം നൽകാ നുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സ്വാശ്രയസ്വകാര്യ സ്ഥാപന ങ്ങൾക്കും സാമ്പത്തിക സഹായ ങ്ങൾ നൽകാൻ ശ്രമിക്കുന്ന കോൺ ഗ്രസ്സിന്റെ ശ്രമങ്ങളെ അപ്പാടെ കാവി പൂതപ്പിച്ച് നടപ്പാക്കാൻ ശ്രമി ക്കയാണ് മോഡി സർക്കാർ.



ലോകബാങ്ക് തങ്ങൾ നട ത്തിയ പുതിയ പഠനത്തിന്റെ ഫല മായി ഉന്നതവിദ്യാഭ്യാസ മേഖലയെ ക്കുറിച്ച് അവരുടെ നേരത്തേയുള്ള അഭിപ്രായങ്ങൾ മാറ്റുകയുണ്ടായി. അൺഎയ്ഡഡ് വിദ്യാഭ്യാസം ഉന്ന തവിദ്യാഭ്യാസമേഖലയിൽ സൃഷ്ടിച്ച ദുരന്തത്തെക്കുറിച്ച് ലോകബാങ്കിന്റെ പഠനത്തിൽ പ്രതി പാദിക്കുന്നുണ്ട്. ഗുണമേന്മയും, ലഭ്യ തയും പറഞ്ഞ് അൺഎയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച വർ ഇന്ന് തള്ളിപ്പറയുന്നത് വിരുദ്ധ മായ അനുഭവങ്ങളുണ്ടായതുകൊ ണ്ടുമാത്രമാണ്. അൺഎയ്ഡഡ് വിദ്യാഭ്യാസം ഗുണമേന്മ നശിപ്പിക്കു കയും, സമ്പന്നർക്കുമാത്രം ലഭ്യമാ ക്കുകയും ചെയ്ത സാഹചര്യത്തി ലാണ് ലോകബാങ്കിന് തങ്ങളുടെ അഭിപ്രായം മാറ്റേണ്ടിവന്നത്. ഉന്ന തവിദ്യാഭ്യാസ മേഖലയിലുണ്ടായ ഈ അസന്തുലിതാവസ്ഥ വികസി ത-വികസ്വര രാജ്യങ്ങളിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ വാൾസ്ട്രീറ്റ് പ്രക്ഷോഭം തുടങ്ങിയ തിനുള്ള മുഖ്യകാരണങ്ങളിലൊന്നാ യിരുന്നു എന്ന് വിലയിരുത്തപ്പടുന്നു.

എങ്ങനെയും പൊതുവിദ്യാ ഭ്യാസമേഖലയിൽ നിന്നും, പൊതു ആരോഗ്യ മേഖലയിൽ നിന്നും പിൻവാങ്ങുന്നതിനുള്ള ശ്രമങ്ങളിൽ കേന്ദ്രത്തിലെ യു.പി.എ, എൻ.ഡി.എ ഗവൺമെന്റുകൾ ഒന്നാണ്. കേരളത്തിൽ അധികാരത്തിലിരി ക്കുന്ന ഉമ്മൻചാണ്ടി സർക്കാർ അതിന്റെ ഏറ്റവും വലിയ പ്രചാര കരും അപ്പോസ്തലന്മാരുമാണ്. അതിന്റെ ഫലമായാണ് കേരള ത്തിൽ അൺഎയ്ഡഡ് കോളേജു കൾ കൂടുതൽ തുടങ്ങാൻ തയ്യാറാ വുന്നത്. അൺഎയ്ഡഡ് കോളേജ് വ്യവസായത്തെ ഏതുവിധേനെയും സഹായിക്കുന്ന നയപരിപാടി കൾക്കാണ് കേരളത്തിൽ ഉമ്മൻചാണ്ടി സർക്കാർ ശ്രമിക്കുന്ന ത്. അതിന്റെ ഒരു പുതിയ ഉദാഹര ണമാണ് എഞ്ചിനീയറിംഗ് മെഡി ക്കൽ എൻട്രൻസ് പരീക്ഷകൾ ഇനി എങ്ങനെ നടത്താതിരിക്കാമെന്ന് ആലോചിക്കുന്നത്. എഞ്ചിനീയറിംഗ് എൻട്രൻസിന് ഇനി മാർക്കൊന്നുമി ല്ലെങ്കിലും ഇനി അഡ്മിഷൻ കിട്ടു ന്നതിനുള്ള മാർഗ്ഗരേഖയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. എഞ്ചിനീയറിംഗ്, മെഡിക്കൽ അഡ്മിഷന് +2വിന്റെ മിനിമം മാർക്കിന്റെ പരിധി എടുത്തുകള യുന്ന അവസ്ഥയിലേക്കാണ് കാര്യ ങ്ങൾ നീങ്ങുന്നത്. ഹൈക്കോടതി വിധിയുടെ അടിസ്താനത്തിൽ പൂട്ടേണ്ട സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസ്താപന ങ്ങളെ എങ്ങനെയും രക്ഷിക്കാനും വിദ്യാർത്ഥികളെയും രക്ഷിതാക്ക ളെയും വഴിയാധാരമാക്കാനുള്ള ഒരു പദ്ധതിയാണ് ശ്രീ അബ്ദുൽ റബ്ബിന്റെ നേതൃത്വത്തിൽ ഇന്ന് കേരളത്തിൽ നടപ്പാക്കുന്നത്.

മേൽപ്പറഞ്ഞ കാര്യത്തിന്റെ അടുത്ത പടിയായിട്ടുവേണം സ്വയം ഭരണ കോളേജ് എന്ന പദവി നൽകുന്നതിനെ കാണാനേണ്ടത്. സർവ്വകലാശാലകളുടെ സ്വയംഭ രണ പദവി ഇല്ലാതാക്കിയാണ് സ്വയംഭരണ കോളേജുകൾ ഉണ്ടാ ക്കുന്നത്. സ്വയംഭരണ കോളേജു കൾക്കായുള്ള യു.ജി.സി നിബന്ധ നയിൽ സർവ്വകലാശാലകളാണ് കാര്യങ്ങൾ നോക്കേണ്ടിയിരുന്നത്. എന്നാൽ കേരളത്തിൽ മന്ത്രിയുടെ നേതൃത്വത്തിൽ അഴിമതി നടത്തുന്ന തിനും സ്വജനപക്ഷപാതം കാണി ക്കുന്നതിനും വേണ്ടിയുണ്ടാക്കിയ ഒരു സമിതിയാണ് കോളേജുകളെ പരിശോധിക്കുന്നതും യു.ജി.സി ക്ക് ശുപാർശ നൽകുന്നതും. ഈ സമി തിയുടെ ശുപാർശ യു.ജി.സി ക്ക് ഫോർവേഡ് ചെയ്യുന്ന ഒരു ഏജൻസി മാത്രമാക്കിമാറ്റി സർവ്വക ലാശാലകളുടെ സ്വയംഭരണം തകർക്കുകയും ചെയ്യുന്നത് കച്ചവ ടലാക്കോടു കൂടിയ നടപടിയായിട്ടു മാത്രമേ നമുക്കു കാണാൻ കഴിയൂ. ഇനി അടുത്തപടിയായി സ്വയം ഭരണം നൽകി സ്വാശ്രയസ്ഥാപന ങ്ങളെ രക്ഷിക്കാൻ സർക്കാർ ശ്രമി ക്കും. അതിനുവേണ്ടിയുള്ള ശ്രമ ങ്ങൾ അണിയറയിൽ നടക്കുകയാ ണ്. അതുകൂടെ വരുമ്പോൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ നിന്നും അൺഎക്ക ണോമിക് എന്നുപറഞ്ഞ് പൂട്ടേണ്ട സാഹചര്യം ഉണ്ടാകും. അതാണ് കേന്ദ്ര, കേരള സർക്കാരുകളുടെ അജണ്ട. ഇത് മുന്നിൽകണ്ട് ശക്ത മായ പ്രക്ഷോഭങ്ങൾ നമുക്ക് സംഘ ടിപ്പിക്കേണ്ടിയിരിക്കുന്നു. അതിന് പൊതുവിദ്യാഭ്യാസത്തെ സംരക്ഷി ക്കാനുള്ള കൂട്ടായ്മയുണ്ടാക്കാൻ നമുക്കെല്ലാവർക്കും ഒത്തുചേരാം.




# ഇന്ത്യൻ ജനാധിപത്യവും പൗരസമൂഹ നിർമ്മിതിയും

## എ.കെ.പി.സി.ടി.എ സിമ്പോസിയം

എ.കെ.പി.സി.ടി.എ തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച **ഇന്ത്യൻ ജനാധിപത്യവും പൗരസമൂഹ നിർമിതിയും** എന്ന സിമ്പോസിയം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സ. വി. എസ്. അച്യുതാനന്ദൻ നടത്തിയ പ്രസംഗം

എ.കെ.പി.സി.ടി.എ തിരുവനന്തപുരം ജില്ലാ കമ്മിറ്റി ഇന്ത്യൻ ജനാധിപത്യവും പൗരസമൂഹ നിർമിതിയും എന്ന വിഷയത്തെപ്പറ്റി ഏറെ ഗൗരവതരമായ ഒരു സിമ്പോസിയം സംഘടിപ്പിച്ചതിൽ ഞാൻ അവരെ ഹാർദ്ദവമായി അഭിനന്ദിക്കുകയാണ്. ഏഴു പതിറ്റാണ്ടോടടുക്കുന്ന നമ്മുടെ ജനാധിപത്യ സംവിധാനവും, ആ ജനാധിപത്യ ഭരണസംവിധാനത്തിനു കീഴിലുള്ള പൊതുസമൂഹവും പലവിധ മാറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. ആഗോളവൽക്കരണത്തിന്റെ അഭിരുചികൾ ആടിത്തിമിർത്ത കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ ഈ മാറ്റങ്ങൾക്ക് വലിയ ഗതിവേഗമുണ്ടായി. രാഷ്ട്രീയവും, സാംസ്കാരിക വ്യവഹാരങ്ങളും ജീവിത മൂല്യങ്ങളുമൊക്കെ അത്ഭുതകരമായ രീതിയിൽ മാറ്റങ്ങൾക്ക് വിധേയമായി. ജനാധിപത്യ ഭരണസംവിധാനത്തിലെ വ്യാകരണത്തെറ്റുകളും പൗരസമൂഹത്തിന്റെ ഇടപെടലുകളിലെ ന്യായാന്യായങ്ങളും ഗൗരവതരമായ ചർച്ചകൾക്ക് വിധേയമാകേണ്ട കാലമാണിത്. ആ അർത്ഥത്തിൽ ഇത്തരമൊരു സംവാദം ഏറെ പ്രസക്തമാണ്.

മുതലാളിത്ത-സാമ്രാജ്യത്വ രാഷ്ട്രീയവും അതുൽപ്പാദിക്കുന്ന മൂല്യങ്ങളും ആഗോളതലത്തിൽ തന്നെ മാനവികതയുടെ മുന്നിൽ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. മുതലാളിത്ത രാജ്യങ്ങളെക്കാൾ ഏറെ

ആവേശത്തോടെ അതിന്റെ യുക്തികളും രീതികളും പിന്തുടരുന്ന ഇന്ത്യയിൽ ഇത് കൂടുതൽ ശക്തമാണ്. നമ്മുടെ ഭരണഘടന വിഭാവന ചെയ്യുന്നത് ജനാധിപത്യ - മതനിരപേക്ഷ-സോഷ്യലിസ്റ്റ് ആശങ്ങളാണ്. അതുകൊണ്ടുതന്നെ പുരോഗമന-മതനിരപേക്ഷ ചിന്തകളും ആശങ്ങളും ഇന്ത്യയിലെ പൊതുസമൂഹത്തെ നിർണയിക്കുന്നതിൽ കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. ഈയൊരു ധാരയുടെ വെളിച്ചം ഏറ്റുവാങ്ങിക്കൊണ്ട് നമ്മുടെ ഭരണസംവിധാനത്തിൽ ഇളക്കിപ്രതിഷ്ഠകൾ സംഭവിച്ചിട്ടുമുണ്ട്. മാനവികത, തുല്യത, സാമൂഹ്യനീതി, പിന്നോക്ക-ദളിത് വിഭാഗങ്ങളോടും, ജീവിതത്തിന്റെ അരികുകളിലേക്ക് അടിച്ചോടിക്കപ്പെട്ടവരോടുള്ള സവിശേഷമായ പരിഗണന തുടങ്ങിയവയെല്ലാം നേരത്തെ പറഞ്ഞ പുരോഗമന-സോഷ്യലിസ്റ്റ് ആഭിമുഖ്യത്തിന്റെ പ്രതിഫലനങ്ങളുമായിരുന്നു. ഈ പ്രവണതകൾ കേരളത്തിന്റെ സാമൂഹ്യ ജീവിത ചലനങ്ങളിലും ശക്തമായിത്തന്നെ പ്രകടമായിരുന്നു.

എന്നാൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ ഈ ജീവിത പ്രവണതകൾക്കും മൂല്യബോധങ്ങൾക്കും വിസ്മയകരമായ മാറ്റങ്ങൾ സംഭവിച്ചു. ഭരണ-രാഷ്ട്രീയ സംവിധാനത്തിന്റെ മേഖലകളിൽ മാത്രമല്ല, ജീവിതവ്യവഹാരത്തിന്റെ സർവതലങ്ങളിലും പുതിയ പ്രവണതകളുടെ മലവെള്ളപ്പാച്ചിലുകൾ പ്രകടമായി. ഇത് ജനാധിപത്യവും പൗരസമൂഹവും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തെ സംബന്ധിച്ചും പുതിയ ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്.

ജനാധിപത്യഭരണകൂടം ബൂർഷ്വാ താൽപര്യങ്ങളുടെ സംരക്ഷകരായി മാറുമ്പോൾ പൗരസമൂഹത്തിന് അതിൽ എത്രത്തോളം ഇടപെടലുകൾ നടത്താൻ കഴിയും എന്നതാണ് പ്രസക്തം. പൗരസമൂഹത്തെയും അത്തരം താൽപര്യങ്ങളുടെ അട്ടിപ്പേറുകാരായി നിലനിർത്താനുള്ള ശ്രമങ്ങൾ സജീവമാണ്. ഭരണസംവിധാനത്തിലെ പുഴുക്കുത്തലുകൾക്കെതിരെ പ്രചാരകരും പ്രക്ഷോഭകരുമാകേണ്ട പൗരസമൂഹം അത് എത്രത്തോളം നിർവഹിക്കാൻ പ്രാപ്തമാണ് എന്നതും ചിന്തിക്കേണ്ട കാര്യമാണ്.


**ജനാധിപത്യ ഭരണകൂടം ബൂർഷ്വാ താൽപര്യങ്ങളുടെ സംരക്ഷകരായി മാറുമ്പോൾ പൗരസമൂഹത്തിന് അതിൽ എത്രത്തോളം ഇടപെടലുകൾ നടത്താൻ കഴിയും എന്നതാണ് പ്രസക്തം. പൗരസമൂഹത്തെയും അത്തരം താൽപര്യങ്ങളുടെ അട്ടിപ്പേറുകാരായി നിലനിർത്താനുള്ള ശ്രമങ്ങൾ സജീവമാണ്. ഭരണസംവിധാനത്തിലെ പുഴുക്കുത്തലുകൾക്കെതിരെ പ്രചാരകരും പ്രക്ഷോഭകരുമാകേണ്ട പൗരസമൂഹം അത് എത്രത്തോളം നിർവഹിക്കാൻ പ്രാപ്തമാണ് എന്നതും ചിന്തിക്കേണ്ടകാര്യമാണ്.**

ജനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം, പ്രതികരണശേഷി, തുല്യത, സാമൂഹ്യനീതി, സുതാര്യത, നിയമവാഴ്ച, കാര്യക്ഷമത, കാഴ്ചപ്പാട് തുടങ്ങിയവയെല്ലാം ജനാധിപത്യ ഭരണസംവിധാനത്തിന്റെ അളവുകോലുകളാണ്. എന്നാൽ ഈ സങ്കൽപ്പങ്ങളൊക്കെ പുസ്തകങ്ങളിലെയും പ്രസംഗങ്ങളിലെയും ചത്ത അക്ഷരങ്ങളായി മാറുന്നതാണ് നമ്മുടെ അനുഭവം. അത്തരമൊരവസ്ഥയിൽ കാവൽനായ്ക്കളെപ്പോലെ നിലകൊള്ളേണ്ടവരാണ് പൗരസമൂഹം. പക്ഷെ, അങ്ങനെയുള്ള പൗരസമൂഹം തന്നെ ഹൈജാക്ക് ചെയ്യപ്പെടുന്ന സ്ഥിതിയുണ്ടായാലോ? അതാണ് ഇന്ന് നമ്മുടെ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

സാങ്കേതിക വിദ്യയുടെ അത്യത്ഭുതകരമായ വികാസം നമ്മുടെ കാഴ്ചകളിലും അനുഭവങ്ങളിലും ചിന്തകളിലുമൊക്കെ അട്ടിമറി തന്നെ സൃഷ്ടിച്ചുപോയ കാലത്തിന്റെ അന്ധവിശ്വാസങ്ങളും, അസംബന്ധ ചിന്തകളും, അനാചാര ,പ്രവണതകളും ജീവിതത്തിന്റെ ആഘോഷങ്ങളാകുന്ന സ്ഥിതിയായി. ആഗോളവൽക്കരണത്തെപ്പറ്റി ചോംസ്കി എഴുതിയ പുസ്കത്തിന്റെ പേരു തന്നെ ജനങ്ങൾക്കു മേൽ ലാഭം എന്നതാണ്. വിൽക്കാനോ വാങ്ങാനോ കഴിവില്ലാത്തവർ ആഗോളവൽക്കരണകാലത്ത് തഴയപ്പെടുമെന്നാണ് ചോംസ്കി ഈ പുസ്തകത്തിൽ നിരീക്ഷിക്കുന്നത്. വിപണി കേന്ദ്രീകരിച്ചുള്ളവ്യവഹാരങ്ങളാണ് വർത്തമാനകാല യുക്തികൾ നിശ്ചയിക്കുന്നതെന്നു സാരം. അവിടെ സ്ത്രീകളാകട്ടെ, കുട്ടികളാകട്ടെ, എന്തിനേറെ, ജീവിതബന്ധങ്ങൾ പോലും ചരക്കു വൽക്കരിക്കപ്പെടുകയാണ്. ലാഭനഷ്ടങ്ങളുടെ കണക്കുശാസ്ത്രമാണ് എന്തിനെയും അടക്കിവാഴുന്നത്. ആശയങ്ങളായും ചിന്തകളായും ചിത്രനിർമിതികളായും ഈ തത്വശാസ്ത്രം വഹിക്കുന്നുണ്ട്. രാഷ്ട്രീയവും രാഷ്ട്രീയക്കാരുമാണ് സമൂഹത്തിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന നിരീക്ഷണം അടിച്ചേൽപ്പിക്കുന്നതിലും പ്രവർത്തിക്കുന്നത് മേൽപ്പറഞ്ഞ യുക്തികൾ തന്നെയാണ്. അരാഷ്ട്രീയബോധം പടർത്തിവിടുന്നതിനുള്ള കൗശലക്കളി മാത്രമാണിത്. കലാലയ രാഷ്ട്രീയത്തിനെതിരെ അടുത്തകാലത്ത് ചില വലതുപക്ഷ മാധ്യമങ്ങൾ വാളോങ്ങിയതിനു പിന്നിലെ യുക്തിയും ഇതുതന്നെയാണ്.

അരാഷ്ട്രീയം വാഴുന്നിടത്താണ് വർഗീയതയും ഫാസിസ്റ്റ് ചിന്തകളും തലപൊക്കുന്നത്. അതിപ്പോൾ അത്യന്തം അപകടകരമായി ശക്തിപ്പെടുന്ന കാഴ്ചയാണ്. ഗുജറാത്ത് വംശഹത്യയുടെ നടുക്കുന്ന ഓർമകൾ നാം മറവിയിൽ ഒളിപ്പിക്കുകയാണ്. ഈ വംശഹത്യയുടെ പിന്നിൽ നിന്ന് ചരടു വലിച്ചവർ ഇന്ന് രാജ്യത്തിന്റെ രക്ഷകരായി അവതരിപ്പിക്കപ്പെടുന്നു. വിലോഭനീയമായ വസ്ത്രധാരണത്തിനും വിസ്മയം ജനിപ്പിക്കുന്ന പ്രഭാഷണ ചാതുര്യത്തിനും മുന്നിൽ പ്രത്യയശാസ്ത്രത്തിലെയും പ്രവർത്തനങ്ങളിലെയും കരാളതകൾ നാം അറിയാതെ പോവുകയാണ്. സംഘപരിവാർ രാഷ്ട്രീയത്തിന് സമ്മോഹനമായ മാന്യത കൽപ്പിക്കപ്പെടുന്നു. ഗോഡ്സെ ശാന്തിയുടെയും സമാധാനത്തിന്റെയും അവതാരപുരുഷനായി വാഴ്ത്തപ്പെടുന്നു.

അഴിമതി ഭരണ-ജീവിത മണ്ഡലങ്ങളിലെ നിത്യസാന്നിധ്യമായി. അഴിമതി നടത്തുന്നത് മോശം കാര്യമാണെന്ന ചിന്ത ഇല്ലാതായി



എ. കെ. പി.സി.ടി.എ തിരുവനന്തപുരം ജില്ല അക്കാദമിക് കമ്മിറ്റി കൺവീനർ ശ്രീകണ്ഠൻനായർ രചിച്ച *ഡി കൺസ്ട്രക്ഷൻ* എന്ന കവിതാ സമാഹാരം ശ്രീ. ബാലമോഹൻ തമ്പിക്ക് നൽകി വി. എസ്. അച്യുതാനന്ദൻ പ്രകാശനം ചെയ്യുന്നു.

എന്നു മാത്രമല്ല, അതെന്തോ മഹത്തായ കാര്യമാണെന്ന നിലവരെയായി. അഴിമതിപ്പണത്തിന്റെ കനമനുസരിച്ച് അതിലേർപ്പെടുന്നവരുടെ ആധികാരികത കൊട്ടിഘോഷിക്കപ്പെടുന്ന സ്ഥിതിയാണ്. സാധാരണ മനുഷ്യരുടെ സങ്കൽപ്പങ്ങൾക്കും അപ്പുറത്തുള്ള അക്കങ്ങളിലേക്ക് അഴിമതിയുടെ കണക്കുകൾ നീങ്ങുന്നതിൽ മന്ത്രിമാർക്കോ അധികാരികൾക്കോ ഒരുളുപ്പും ഇല്ലെന്നായി. ഒരു ലക്ഷത്തി എഴുപത്തിയാറായിരം കോടിയുടെ അഴിമതിയുള്ളപ്പോൾ കേവലം ഒരു കോടിയുടെ അഴിമതിയിൽ എന്തു കാര്യമിരിക്കുന്നു എന്നാണ് നമ്മുടെ മന്ത്രിമാർ പറയുന്നത്. കൈക്കൂലി വാങ്ങിയതിനെപ്പറ്റിയോ അഴിമതി നടത്തിയതിനെപ്പറ്റിയോ ചർച്ച ചെയ്യുന്നതിനുപകരം, അതുന്നയിക്കുന്നത് ചട്ടപ്രകാരമാണോ എന്ന രീതിയലാണ് ചർച്ചകൾ പോകുന്നത്. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കുകയും അർത്ഥശൂന്യവും അസംബന്ധജടിലവുമായ കാര്യങ്ങളിൽ ജനശ്രദ്ധ ഉടക്കിയിടുകയും ചെയ്യുകയെന്ന തന്ത്രമാണ് ഇവിടെ പ്രോയോഗിക്കപ്പെടുന്നത്.

ഇതൊക്കെയാണ് വർത്തമാനകാല ഇന്ത്യൻ ജനാധിപത്യത്തിന്റെയും പൗരസമൂഹത്തിന്റെയും അവസ്ഥ. ജനാധിപത്യമൂല്യങ്ങളും ഭരണഘടനാ തത്വങ്ങളും മുന്നോട്ടുവയ്ക്കുന്ന സങ്കൽപങ്ങൾ തിരിച്ചുപിടിക്കാൻ മേൽപ്പറഞ്ഞ പ്രവണതകൾ കർക്കശമായി വിചാരണ ചെയ്യപ്പെടേണ്ടതുണ്ട്. അതിലൂടെ പുതിയ സാധ്യകളിലേക്ക് ചെന്നെത്താൻ കഴിയണം. അതിലേക്കുള്ള അർത്ഥപൂർണമായ ഒരു ചുവടുവയ്പ്പാണ് ഇന്നിവിടെ സംഘടിപ്പിച്ചിട്ടുള്ള സിമ്പോസിയം എന്നാണ് ഞാൻ കരുതുന്നത്. അങ്ങനെയാവട്ടെ എന്നാശംസിക്കുന്നു. സിമ്പോസിയം ഔപചാരികമായി ഉദ്ഘാടനം ചെയ്യുന്നു.

ഇതിനൊപ്പം ശ്രീ. ആർ.ശ്രീകണ്ഠൻ നായർ രചിച്ച ഡീകൺസ്ട്രക്ഷൻ എന്ന പേരിലുള്ള കവിതാഗ്രന്ഥം പ്രകാശനം ചെയ്യാനും എനിക്ക് സന്തോഷമുണ്ട്. രാഷ്ട്രമീമാംസയിൽ ഗഹനമായ പാണ്ഡിത്യം നേടിയ അധ്യാപകനാണ് ശ്രീകണ്ഠൻ നായർ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹം ഇത്തരമൊരു കവിതാസമാഹാരം എഴുതിയതും, അത് ഇത്തരമൊരു ചടങ്ങിൽ പ്രകാശിപ്പിക്കുന്നതും ഏറെ സാർത്ഥകമാണെന്ന് ഞാൻ കരുതുന്നു. കാരണം ഈ പുസ്തകത്തിലെ ഓരോ കവിതയും വർത്തമാനകാല ജീവിതത്തോട് സംവദിക്കുന്നതാണ്. ലളിതസുന്ദരമായ പദങ്ങളും ബിംബങ്ങളും കൊണ്ട് ചുറ്റുപാടുകളിലെ അസംബന്ധ പ്രവണതകളെ നോക്കി ചിരിക്കുകയും ചിലപ്പോഴൊക്കെ പരിഹസിക്കുകയും ചെയ്യുന്ന കവിതെയാണ് നാമിതിൽ കാണുന്നത്. ജീവിതത്തിനു നേരെ തുറന്നുവച്ച കണ്ണും കാതും മനസ്സും കൊണ്ടാണ് അദ്ദേഹം ഇതിലെ കാവ്യബിംബങ്ങൾ പെറുക്കിയെടുത്തിട്ടുള്ളത്. പുസ്കത്തിന്റെ പേരു സൂചിപ്പിക്കുന്നതുപോലെ, ഒരർത്ഥത്തിൽ അദ്ദേഹം വർത്തമാനകാല ജീവിതത്തെത്തന്നെ ഇതിൽ ഡീകൺസ്ട്രക്ട് ചെയ്യുകയാണ്. അത്രത്തോളം അത് ജീവിതത്തോട് നീതി പുലർത്തുന്നുമുണ്ട്. അദ്ദേഹത്തിന് ഭാവിയിൽ കൂടുതൽ മികവേറിയ കവിതകൾ രചിക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു.



# അധ്യാപിക സംഘടനാ പ്രവർത്തക സാമൂഹ്യജീവി

**ഏ.കെ.പി.സി.ടി.എ. സംസ്ഥാന വനിതാ കൺവെൻഷൻ
പത്തനംതിട്ട, 2015 ജനുവരി 10**

റിപ്പോർട്ട്

അധീശ ശക്തികളുടെ ആഗോള സാമൂഹിക-സാമ്പത്തികനയങ്ങളും അതിന് പിന്നണി പാടുന്ന ഭരണകൂട നിലപാടുകളും ചേർന്ന് സ്ത്രീജീവിതം അത്യന്തം ദുരിതപൂർണ്ണമാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രബുദ്ധതയുള്ള അദ്ധ്യാപിക, സംഘടനാപ്രവർത്തക, സമൂഹജീവി എന്നീ നിലകളിലെ പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്കാളിത്തം വഹിക്കുവാനായി അംഗങ്ങളെ ക്ഷണിച്ചുകൊണ്ട് നമ്മൾ സംഘടിപ്പിച്ച സംസ്ഥാന വനിതാ കൺവെൻഷൻ, 2015 ജനുവരി 10 ശനിയാഴ്ച രാവിലെ 11 മണിക്ക് പത്തനംതിട്ട ജില്ലയിലെ പരുമല ദേവസ്വം ബോർഡ് പമ്പാ കോളേജിൽ നടന്നു. ബഹുമാനപ്പെട്ട മുൻ എം.പി.യും ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറിയുമായ അഡ്വ. സി.എസ്. സുജാത ഉദ്ഘാടനം നിർവ്വഹിച്ച സമ്മേളനത്തിൽ ഏ.കെ.പി.സി.ടി.എ. സംസ്ഥാന വനിതാ കമ്മറ്റി ചെയർപേഴ്സൺ പ്രൊഫ. എ.ജി. ഒലീന അദ്ധ്യക്ഷയായി. സ്വാഗതസംഘം ചെയർമാൻ പ്രൊഫ. എ. ലോപ്പസ് സ്വാഗതവും ഏ.കെ.പി.സി.ടി.എ. സംസ്ഥാന വനിതാ കമ്മറ്റി കൺവീനർ ഡോ. പി.കെ. കുശലകുമാരി

കൺവെൻഷന്റെ പ്രാധാന്യം, പ്രസക്തി എന്നിവയെപ്പറ്റി വിശദീകരണവും നിർവ്വഹിച്ചു.

ഏ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ 2008-ൽ ആരംഭിച്ച വനിതാസമ്മേളനസംരംഭം, അദ്ധ്യാപികമാരുടെ പ്രാതിനിധ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും സംഘടനാമാസികയിൽ എഴുതാനൊരു പേജ് സ്ത്രീകൾക്ക് ലഭ്യമായതും ഓരോ വനിതാസമ്മേളനത്തിലും അദ്ധ്യാപികമാരുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നതും അതിന്റെ തെളിവാണെന്നും അദ്ധ്യക്ഷപ്രസംഗത്തിൽ പ്രൊഫ. എ.ജി. ഒലീന അഭിപ്രായപ്പെട്ടു. എങ്കിലും സംഘടനാംഗങ്ങളെന്ന നിലയിൽനിന്ന് നേതൃത്വത്തിലേക്ക് എത്താൻ സ്ത്രീകൾ മടിക്കുന്നുണ്ട്. അതെന്തുകൊണ്ടെന്നും അദ്ധ്യാപിക എന്ന നിലയിൽ കോളേജുകളിലനുഭവിക്കുന്ന ലിംഗവ്യത്യാസം എത്രത്തോളമെന്നും ഏ.കെ.പി.സി.ടി.എ.യുടെ നേതൃതലത്തിലും ഇതുപോലുള്ള വനിതാസമ്മേളനങ്ങളിലും ചർച്ച ചെയ്യപ്പെടേണ്ടതുണ്ടെന്ന് അവർ ഓർമ്മപ്പെടുത്തി.



സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും ആദ്യം നേരിടേണ്ടിവരുന്നത് സ്ത്രീക്കാണെന്നും എല്ലാം തരാമെന്ന് പറഞ്ഞു പ്രീണിപ്പിച്ച മുതലാളിത്തം സ്ത്രീക്ക് അവഗണന മാത്രമാണ് നല്കുന്നതെന്നും ഇതിനെതിരെ അദ്ധ്യാപികമാർ രംഗത്തിറങ്ങണമെന്നും പറഞ്ഞുകൊണ്ടാണ് അഡ്വ.സി.എസ്. സുജാത തന്റെ ഉദ്ഘാടനപ്രസംഗം ആരംഭിച്ചത്. ലോകവ്യാപകമായ അനവധി സംഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് യുദ്ധം, സാമ്പത്തികത്തകർച്ച, തീവ്രവാദം തുടങ്ങി പലതിനും വലിയ വില കൊടുക്കേണ്ടിവരുന്നത് സ്ത്രീകൾക്കാണെന്ന് അവർ പറഞ്ഞു. ഈ കാലഘട്ടത്തിൽ പോലും സ്ത്രീകൾക്ക് വിദ്യാഭ്യാസം, വിവാഹം, ഉദ്യോഗം, മാതൃത്വം എന്നിവയ്ക്ക് അഭിപ്രായസ്വാതന്ത്ര്യം പൂർണ്ണതോതിൽ ലഭ്യമല്ല. അന്ധവിശ്വാസങ്ങൾക്ക് വിധേയമായ സമൂഹം സ്ത്രീയുടെ പ്രസവം പോലും മാറ്റിവെയ്ക്കാൻ അവളെ നിർബന്ധിക്കുന്നു. സമൂഹത്തിലെ സ്ത്രീവിരുദ്ധപരമായ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും പട്ടിണിമരണങ്ങൾക്കും എതിരെ വിദ്യാർത്ഥിസമൂഹത്തെ സജ്ജരാക്കേണ്ടത് അദ്ധ്യാപികമാരാണ്. സമൂഹപ്രതിബദ്ധതയോടെ മുന്നിട്ടിറങ്ങാൻ സംഘടനാ പ്രവർത്തനത്തിലൂടെ സാധിക്കും. തന്റേടത്തോടെ കടന്നുവരുന്ന സ്ത്രീകളെ അംഗീകരിക്കാൻ സംഘടനയും സമൂഹവും തയ്യാറാകണമെന്നും സന്തുലിതമായ സാമൂഹ്യജീവിതം സ്ത്രീമുന്നേറ്റത്തിലൂടെ മാത്രമേ സാധ്യമാവൂ എന്നും അഡ്വ. സി.എസ്. സുജാത അഭിപ്രായപ്പെട്ടു.

"ആവിഷ്കാരവും സ്ത്രീയും" എന്ന വിഷയത്തെ അധികരിച്ച് പരുമല ദേവസ്വം ബോർഡ് കോളേജ് മലയാളവിഭാഗം മേധാവിയും പ്രശസ്ത എഴുത്തുകാരിയുമായ ഡോ. എസ്. ശാരദക്കുട്ടി അവതരിപ്പിച്ച പ്രഭാഷണം ഏറെ ശ്രദ്ധേയമായി. അടച്ചുവെച്ചിരുന്ന അനുഭവങ്ങളെ അവസരം കിട്ടുമ്പോൾ സ്വയം മറന്ന് സ്ത്രീ ആവിഷ്കരിക്കുമെന്നും സ്ത്രീകൾ ഭാഷയുടെ കാര്യത്തിൽ അനുഗൃഹീതരാണെന്നും അവർ ചൂണ്ടിക്കാട്ടി. പുരുഷന്റേതു മാത്രമല്ല സ്ത്രീയുടേയും ഏത് പ്രവർത്തനവും സാമൂഹ്യപ്രവർത്തനമാണ്. കുഞ്ഞിനെ പ്രസവിച്ച് വളർത്തുന്നത് സ്വകാര്യനേട്ടത്തിനല്ല; സമൂഹത്തിനുവേണ്ടിയാണ്. ആണും പെണ്ണും വേർതിരിവില്ലാതെ വളർത്തപ്പെടണം. വിവാഹം സ്ത്രീയുടെ മാത്രമല്ല പുരുഷന്റെയും ആവശ്യമാണ്. പുരുഷന്റെ വിഴുപ്പലക്കുവാൻ സൃഷ്ടിക്കപ്പെട്ടവളല്ല സ്ത്രീ, സ്വന്തം വസ്ത്രം അലക്കുവാൻ കഴിയുന്ന കാലത്തു മാത്രമേ പുരുഷൻ വിവാഹിതനാകാവൂ. വിവാഹം സ്ത്രീക്ക് ഭീതിജനകമാവരുത്. അപരിചിതനായ പുരുഷൻ, വീട്, ബന്ധുക്കൾ ഒക്കെയുമായി ചെറിയൊരു കാലയളവെങ്കിലുമെടുത്തേ സ്ത്രീക്ക് പൊരുത്തപ്പെടാനാകൂ. 22 വയസ്സുവരെ കഷ്ടപ്പെട്ടു വളർത്തിയ മകൾക്ക് പെട്ടെന്നൊരു ദിവസം പുതിയ വീട്, വേറെ അച്ഛൻ, അമ്മ, ബന്ധുക്കൾ. പുരുഷന് എല്ലാം പഴയപടി. ഇത്തരം പക്ഷപാതപരമായ സമൂഹനിലവാരങ്ങൾ മാറണം. വിവാഹത്തിനുമുമ്പ് പെൺകുട്ടിക്ക് വരന്റെ വീട് പരിചിതമാവണം. വിവാഹദിവസം ആദ്യമായി വലതുകാൽ വെച്ചേ കയറാവൂ എന്ന നില മാറണം. താലി ചാർത്തൽ, സിന്ദൂരം അണിയിക്കൽ, വരന്റെ കാൽ വന്ദിക്കൽ മുതലായ സ്ത്രീവിരുദ്ധ ആചാരങ്ങളെല്ലാം നിരുത്സാഹപ്പെടുത്തണം. സ്വാതന്ത്ര്യത്തോടെ അടിമത്തമില്ലാതെ സ്ത്രീക്ക് ജീവിക്കാൻ കഴിയണമെന്ന് അവർ പറ




ഞ്ഞു. സ്ത്രീക്ക് വിദ്യാഭ്യാസം നല്കൂ, സ്വന്തം കാര്യം അവൾ തീരുമാനിക്കട്ടെ എന്ന് സ്വാമി വിവേകാനന്ദൻ ആഹ്വാനം ചെയ്ത മണ്ണിൽ ഇന്ന് മൗലവിമാരും ബാവാമാരും സന്യാസിമാരും ആവശ്യം പോലെ മക്കളെ പ്രസവിച്ച് കുടുംബത്തിനുള്ളിലേക്ക് സ്ത്രീയെ ഒതുക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന്, അഡ്വ. സി.എസ്. സുജാതയെ പിന്താങ്ങിക്കൊണ്ട് ഡോ. ശാരദക്കുട്ടിയും അഭിപ്രായപ്പെട്ടു. സമ്മേളനം അവസാനിക്കുന്നതുവരെയും അഡ്വ. സി.എസ്. സുജാതയുടെയും ഡോ. ശാരദക്കുട്ടിയുടേയും അഭിപ്രായങ്ങൾ വേദിയിൽ തുടർന്നു സംസാരിച്ചവരിലൂടെ പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ശ്രീമതി. നിർമ്മലാദേവി, എ.കെ.പി.സി.ടി.എ. പ്രസിഡന്റ് ഡോ. കെ.പി. സുകുമാരൻ നായർ, എ.കെ.പി.സി.ടി.എ. സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ, പത്തനംതിട്ടാ ജില്ലാ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ, സ്വാഗതസംഘം രക്ഷാധികാരി പ്രൊഫ. റ്റി.കെ.ജി. നായർ എന്നിവർ ചടങ്ങിൽ ആശംസകളർപ്പിച്ചു. പ്രശസ്ത ജനകീയ ഗായിക ശ്രീമതി. മച്ചാട്ട് വാസന്തി, സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച എ.കെ.പി.സി.ടി.എ. അംഗങ്ങളായ ഡോ.പി. ഭാനുമതി (തൃശൂർ കേരളവർമ്മ കോളേജ്), ഡോ. സുനിൽ എം.എസ് (പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്), ഡോ. ആർ. ഷായിത (കോഴിക്കോട്, ഫാറൂഖ് കോളേജ്), ഡോ. കെ. സുധ (കണ്ണൂർ എസ്.എൻ. കോളേജ്) എന്നിവർ ചടങ്ങിൽ ആദരിക്കപ്പെട്ടു. പുരുഷാധിപത്യസമുദായത്തിൽ സ്വാഭിപ്രായത്തോടെ മുന്നേറിയ ആദ്യ മുസ്ലിം വനിതാ മേജർ എന്ന നേട്ടത്തെ ഡോ. ഷായിത പങ്കുവെച്ചപ്പോൾ പേരിൽപോലും ലിംഗവ്യത്യാസം അനുഭവിക്കരുതെന്ന് ശഠിച്ച മാതാപിതാക്കളാണ് തന്റെ വിപുലമായ സാമൂഹ്യസേവനത്തിന്റെ പ്രചോദകരെന്ന് ഡോ. സുനിൽ ഓർമ്മിച്ചെടുത്തു. നാട്ടിക എസ്.എൻ.കോളേജിലെ പ്രൊഫ. കെ.എം. അർച്ചന തയ്യാറാക്കിയ Give Peace A Chance എന്ന പോസ്റ്റർ ഈ സമ്മേളനത്തിൽ പ്രദർശിപ്പിക്കപ്പെട്ടു. എ.കെ.പി.സി.ടി.എ. പത്തനംതിട്ടാ ജില്ലാ വനിതാ കൺവീനർ പ്രൊഫ. ഷീന ഈപ്പൻ നന്ദി പറഞ്ഞു. കേരളത്തിലെ തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള എല്ലാ ജില്ലകളെയും പ്രതിനിധീകരിച്ച് 160ൽപ്പരം അംഗങ്ങൾ പങ്കെടുത്ത വനിതാകൺവെൻഷൻ മുൻകാലങ്ങളെ അപേക്ഷിച്ച് അംഗബലംകൊണ്ടും അക്കാദമിക ചർച്ചകളുടെ ഉൾക്കാമ്പുകൊണ്ടും മാത്രമല്ല വിഭവസമൃദ്ധവും സ്വാദിഷ്ഠവുമായ ഉച്ചഭക്ഷണം കൊണ്ടും ശ്രദ്ധേയമായി. ജില്ലാ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാറിന്റെ നേതൃത്വത്തിൽ മികച്ച സംഘാടനത്തിലൂടെ സംസ്ഥാന വനിതാ കൺവെൻഷന് ആതിഥ്യമരുളിയ പത്തനംതിട്ട ജില്ലാ കമ്മറ്റിയും ഡോ. വി.പ്രകാശ്, പ്രൊഫ. എൻ. ദേവദത്ത്, ഡോ. എസ്. ശാരദക്കുട്ടി എന്നിവർ നേതൃത്വം നൽകിയ പരുമല ദേവസ്വം ബോർഡ് കോളേജ് ബ്രാഞ്ച് യൂണിറ്റും അഭിനന്ദനമർഹിക്കുന്നു.

*തയ്യാറാക്കിയത്:* ***ബീന. എം.കെ***
*എം.എസ്.എം. കോളേജ്, കായംകുളം.*





# പ്രതിഷേധത്തിന്റെ രോഷാഗ്നിയിൽ എ.കെ.പി.സി.ടി.എ സെക്രട്ടറിയേറ്റ് മാർച്ച്

## 2015 ജനുവരി 17, തിരുവനന്തപുരം

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നാളിതുവരെ നിലനിന്ന എല്ലാ മൂല്യങ്ങളും ഗുണമേൻമയും തച്ചുടക്കുന്ന നയസമീപനങ്ങളുമായാണ് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഭരിച്ചു കൊണ്ടിരിക്കുന്നത്. അധികാരത്തിലേറിയ ഉടൻ തന്നെ വർഗീയ വിദ്യാഭ്യാസനയങ്ങളിലൂന്നിയാണ് കേന്ദ്ര സർക്കാർ മുന്നോട്ട് പോകുന്നത്. കേരളത്തിലാകട്ടെ വിദ്യാഭ്യാസരംഗം കുത്തഴിഞ്ഞ നിലയിലാണ്. ജനാധിപത്യ രീതികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലാ ഭരണസമിതിക്ളെ ഓർഡിനൻസിലൂടെ പിരിച്ചു വിടുകയും ഗുണമേൻമയും യോഗ്യതയും ഇല്ലാത്തവരെ അത്തരം സമിതികളിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. വൈസ് ചാൻസലർമാരുടെ നിയമനങ്ങളിൽ പോലും യാതൊരു വിധ ഭരണനൈപുണ്യമോ യോഗ്യതയോ പരിഗണിച്ചില്ല. സർവ്വകലാശാലാ സിൻഡിക്കേററ് യോഗങ്ങളിൽ കയ്യാങ്കളി നടക്കുന്നുവെന്ന് മാത്രമല്ല തെരുവിൽ തന്നെ ഏററുമുട്ടൽ നടക്കുന്നു. അഴിമതിയുടെ കൂത്തരങ്ങായി സർവ്വകലാശാലകൾ മാറുന്നു.

മികച്ച നിലയിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണ പദവി നൽകുക വഴി ഉന്നത വിദ്യാഭ്യാസരംഗം വിദ്യാഭ്യാസ കച്ചവടത്തിനുള്ള കമ്പോളമാക്കുകയാണ് കേരള സർക്കാർ. ആദ്യം വിദ്യാഭ്യാസപരമാ

യ സ്വയംഭരണം നൽകുകയും അടുത്ത ഘട്ടത്തിൽ ഭരണപരവും ധനപരവുമായ സ്വയംഭരണം നൽകുകയും ചെയ്യാനാണ് ഗൂഢനീക്കം. പരീക്ഷാ നടത്തിപ്പും ഫല പ്രഖ്യാപനവും സ്ഥാപനങ്ങളെ പൂർണ്ണമായും ഏൽപിക്കുമ്പോൾ സാമ്പത്തിക ബാധ്യത മുഴുവൻ വിദ്യാർത്ഥികളുടെ തലയിൽ കെട്ടിവെക്കപ്പെടും. പണമുള്ളവന് മാത്രം പഠിക്കാൻ സാധിക്കുന്ന ദുരവസ്ഥ കൈവരും. അതേസമയം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം കവർന്ന് സർക്കാർ അവയെ ശ്വാസം മുട്ടിക്കുകയാണ്.


എയ്ഡഡ് കോളജുകളിൽ വ്യാപകമായി അൺ-എയ്ഡഡ് കോഴ്സ് അനുവദിക്കാനാണ് സർക്കാരിൻെറ നീക്കം. പാവപ്പെട്ടവന്റെ പഠനസ്വപ്നങ്ങളുടെ മുമ്പിൽ പണം വിലങ്ങുതടിയായി മാറുന്നു. അധ്യാപക-അനധ്യാപക തസ്തികകൾ വെട്ടിക്കുറക്കുകയും അധ്യാപക വിദ്യാർത്ഥി അനുപാതം വർഷങ്ങൾക്ക് മുമ്പേയുള്ളത് തന്നെ തുടരുകയും ചെയ്യുന്നു. സേവന മേഖലയിൽ നിന്ന് സർക്കാരുകൾ പിൻമാറുന്നതിൻെറ സൂചനകളാണ് ഇവിടെയും പ്രകടമാകുന്നത്.

പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത ആറാം യു ജി സി ശമ്പള പരിഷ്കരണത്തിൻെറ ആനുകൂല്യങ്ങൾ പൂർണ്ണമായും ഇനിയും ലഭിക്കാത്ത അവസ്ഥയാണുള്ളത്. ശമ്പള കുടിശ്ശികയുടെ ആദ്യ ഗഡു മാത്രമേ അധ്യാപകർക്ക് കിട്ടിയിട്ടുള്ളൂ. 2007 ജൂലായ് 1 മുതൽ 2010 ഫെബ്രുവരി 28 വരെയുള്ള കുടിശ്ശിക നൽകാതെ പിന്തിരിപ്പൻ സമീപനവുമായാണ് കേരള സർക്കാർ നീങ്ങുന്നത്. 2014 ജൂലായ് 1 മുതൽ ലഭിക്കേണ്ട ക്ഷാമബത്തയുടെ കാര്യത്തിലും ഇതേ സമീപനം തന്നെ. എ ഐ സി ടി ഇ ശമ്പള കുടിശ്ശികയും അടിയന്തിരമായി ലഭ്യമാക്കണം. പുതുതായി നിയമിക്കപ്പെട്ട അധ്യാപകരുടെ ശമ്പളം അകാരണമായി പിടിച്ചു വെക്കപ്പെടുന്നതും പുതുക്കിയ യു.ജി.സി-എ.ഐ.സി.ടി.ഇ റഗുലേഷൻസ് അനുസരിച്ചുള്ള പ്ലേസ്മെൻറും പ്രമോഷനും നൽകാത്തതും പ്രതിഷേധാർഹമാണ്. കേന്ദ്രഗവൺമെൻറ് ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷനും ഗ്രാററുവിററിയും യു ജി സി ശമ്പളം വാങ്ങുന്ന അധ്യാപകർക്കും ലഭ്യമാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

2013 ഏപ്രിൽ 1 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ പരിധിയിലാണ്. വേതനത്തിൻെറ ഒരു ഭാഗം ഭാവിയിൽ ലഭിക്കേണ്ടുന്ന പെൻഷൻെറ ഫണ്ടിലേക്ക് നൽകുക എന്നത് ശമ്പളം വെട്ടിക്കുറക്കുന്നതിന് സമാനമാണ്. ഇങ്ങനെ പിടിച്ചെടുക്കുന്ന ശമ്പളം ഏത് ഫണ്ടിൽ നിക്ഷേപിക്കുമെന്നും സർക്കാരിൻെറ മാച്ചിങ്ഫണ്ട് എത്രകാലം തുടരുമെന്നുമെല്ലാം ഇന്നും ആശങ്കയിലാണ്. എല്ലാ വിഭാഗം ജീവനക്കാരെയും നിർവ്വചിക്കപ്പെട്ട പെൻഷൻെറ പരിധിയിൽ കൊണ്ടു വരണം.

സാധാരാണക്കാരന്റെയും സർക്കാർ ജീവനക്കാരുടേയും ജീവിക്കാനുള്ള എല്ലാ അവകാശങ്ങളും തച്ചു തകർത്തുകൊണ്ട് അനിയന്ത്രിതമായ വിലക്കയററം ഉണ്ടാകുന്നത് രൂക്ഷമായ പ്രതിസന്ധി സൃഷ്ടിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളാകട്ടെ, ജനജീവിതം ദുസ്സഹമാക്കാൻ മത്സരിക്കുകയാണ്. കോർപ്പറേററുകൾക്കും മുതലാളിമാർക്കും മുമ്പിൽ മുട്ടുകുത്തി നമസ്കരിക്കുകയാണ് ഭരണകൂടങ്ങൾ. ഈ വിഷയങ്ങളെല്ലാം ഉയർത്തിപ്പിടിച്ചു കൊണ്ട് 2015 ജനുവരി 17 ശനിയാഴ്ച എ.കെ.പി.സി.ടി.എ സംഘടിപ്പിച്ച സെക്രട്ടറിയേററ് മാർച്ച് സ. വി. ശിവൻകുട്ടി എം. എൽ. എ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം യൂണിവേഴ്സിററി കോളജ് പരിസരത്ത് നിന്നാണ് മാർച്ച് ആരംഭിച്ചത്. യോഗ്യതയില്ലാത്ത വൈസ് ചാൻസലർമാരുടെ കൈയ്യിലിരിപ്പും ഭരണകൂടത്തിന്റെ ജനാധിപത്യവിരുദ്ധ തീരുമാനങ്ങളും ഉന്നതവിദ്യഭ്യാസരംഗത്തെ തകർക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എ. കെ. പി. സി.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. ഡി. കെ. ബാബു അദ്ധ്യക്ഷതവഹിച്ചു. ഫെസ്റ്റോ തിരുവനന്തപുരം ജില്ലാ സെക്രട്ടറി സത്യശീലൻ, കെ. ജി. ഒ.എ ജനറൽ സെക്രട്ടറി കെ. ശിവകുമാർ, എ.കെ.പി.സി.ടി.എ സംസ്ഥാന പ്രസിഡന്റ് പ്രൊ. കെ.ജയകുമാർ, എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രൊഫ.എ.ജി. ഒലീന, സെക്രട്ടറിയേറ്റ് എംപ്ലോയീസ് യൂണിയൻ സ്റ്റേറ്റ് പ്രസിഡന്റ് കെ. വി. സുധീർ എന്നിവർ പ്രസംഗിച്ചു. എ.കെ.പി.സി.ടി. എ ജനറൽ സെക്രട്ടറി ഡോ. കെ. ശ്രീവത്സൻ സ്വാഗതവും, സംസ്ഥാന ട്രഷറർ പ്രൊഫ. മോഹനകൃഷ്ണൻ നന്ദിയും പറഞ്ഞു.

- **ഉന്നത വിദ്യാഭ്യാസ മേഖലയും പൊതു വിദ്യാഭ്യാസ മേഖലയും തകർക്കുന്ന സർക്കാർ നയം ഉപേക്ഷിക്കുക**
- **സ്വയംഭരണ കോളജുകൾക്ക് അനുമതി നൽകുന്ന സർക്കാർ സർവ്വകലാശാല നയം തിരുത്തുക**
- **എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സ് അനുവദിക്കാതിരിക്കുക**
- **സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം സംരക്ഷിക്കുക**
- **അധ്യാപക- അനധ്യാപക തസ്തികകൾ വെട്ടിക്കുറക്കാനുള്ള നീക്കം ഉപേക്ഷിക്കുക.**
- **അധ്യാപക- വിദ്യാർത്ഥി അനുപാതം കാലോചിതമായി പരിഷ്കരിക്കുക**
- **യുജിസി, എ.ഐ.സി.ടി.ഇ ശമ്പള കുടിശ്ശിക ഉടൻ അനുവദിക്കുക**
- **എൻജിനീയറിംഗ് കോളജധ്യാപകരുടെ പ്ലേസ്മെൻറ് സർക്കാർ ഉത്തരവ് അനുസരിച്ച് നൽകുക.**
- **പുതുതായി നിയമനം ലഭിക്കുന്ന അധ്യാപകർക്ക് ഉടൻ ശമ്പളം നൽകുക**
- **അധ്യാപകർക്ക് പ്ലേസ്മെൻറും പ്രമോഷനും യഥാസമയം നൽകുക**
- **കേന്ദ്രനിരക്കിൽ പെൻഷനും ഗ്രാററുവിററിയും അനുവദിക്കുക**
- **പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുക**
- **വിലക്കയററം തടയുക**
- **കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധനയങ്ങൾ അവസാനിപ്പിക്കുക**




# ഹിന്ദുത്വവും ഭാരതസംസ്കാരവും



**ഡോ. ധർമ്മരാജ് അടാട്ട്**
*ശ്രീ ശങ്കര സർവ്വകലാശാല, കാലടി*

**ഒന്നാം ഭാഗം.**

ഭാരതമെന്നപേർ കേട്ടാലഭിമാന-
പൂരിതമാകണമന്തഃരംഗം

കേരളത്തിന്റെ ദേശീയകവി ഉറക്കെ പാടിയ ഈരടികൾ ഇന്നും നമ്മുടെ മനസ്സുകൾക്ക് ഉറവ വറ്റാത്ത ഊർജ്ജസ്രോതസ്സാണ്. മലയാളികളുടെ മാത്രമല്ല, ഓരോ ഇന്ത്യക്കാരന്റേയും അവസ്ഥയും മറ്റൊന്നല്ല. ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസീഃ-അമ്മയും ജന്മഭൂമിയും സ്വർഗ്ഗത്തേക്കാൾ മഹത്തരമാണെന്ന സങ്കല്പം ഓരോ ഇന്ത്യക്കാരന്റേയും ഹൃദയധമനികളുടെ സ്പന്ദനമാണ്.

പെറ്റനാടിനെ മുൻനിർത്തിയുള്ള ഈ അഭിമാനത്തെ അതിന്റെ പാരമ്പര്യത്തിൽ ദുരുപയോഗം ചെയ്യപ്പെടുന്ന പ്രവണത ഇന്ന് ഏറെ ശക്തമാണ്. അത് നമ്മെ നിരവധി പ്രതിസന്ധികളിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം ഓരോ ഭാരതീയനും തിരിച്ചറിയേണ്ടതുണ്ട്. ഗതകാല പാരമ്പര്യത്തിന്റെ ദുരുപയോഗങ്ങളിലൂടെയാണ് ഫാസിസത്തിന്റെ ആൾക്കൂട്ടമനഃശാസ്ത്രം ശക്തിപ്പെടുന്നതെന്ന് തിരിച്ചറിഞ്ഞ് മുൻകരുതലെടുക്കുവാൻ ചരിത്രം നമ്മോടാവശ്യപ്പെടുന്നു.

ഇതൊരു പുതിയ പ്രശ്നമല്ല. ഇന്ത്യൻ പാരമ്പര്യത്തെ ഹിന്ദുത്വത്തിന്റെ വഴികളിലൂടെ ചിട്ടപ്പെടുത്താനുള്ള പരിശ്രമം പത്തൊമ്പതാം നൂറ്റാണ്ടുമുതൽക്കുതന്നെ സംഘടിതമായി നടന്നുവരുന്നു. വർഗീയ ഫാസിസ്റ്റ് ശക്തികളിലേക്ക് ഇന്ത്യയുടെ ഭരണാധികാരം എത്തപ്പെട്ട നാളുകളിൽ മുമ്പെങ്ങുമില്ലാത്ത രീതിയിൽ ഈ വഴിയിലൂടെ മുന്നേറാൻ അവർക്ക് സാധിക്കുകയും ചെയ്തു. ഗുപ്തരാജാക്കന്മാരുടെ ഭരണകാലത്തെ ഓർമ്മിപ്പിക്കുന്ന രീതിയിൽ നാനാപ്രതലങ്ങളിൽനിന്നും സംഘടിതമായി ഇത്തരം പൊളിച്ചെഴുത്തിന് തുടക്കമിടുകയുണ്ടായി. ഹിന്ദു സനാതനധർമ്മത്തിന്റെ വക്താക്കളും വേദമന്ത്രങ്ങളുടെ ദ്രഷ്ടാക്കളുമായ ആര്യന്മാർ ഇന്ത്യൻ തദ്ദേശവാസികളായിരുന്നുവെന്നും ഇവിടെ നിന്നാണ് ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്ക് മർത്ത്യപ്രവാഹം ആരംഭിച്ചതെന്നുമുള്ള വാദഗതി ചരിത്രത്തിലിടം കണ്ടെത്തിയത് ഇപ്രകാരമാണ്. സൈന്ധവ നാഗരികതയുടെ ഉടമകളും ഇവർത്തന്നെയെന്ന വാദഗതിയും ഇവിടെ ഉയർത്തപ്പെടുകയുണ്ടായി. എസ്.പി.ഗുപ്ത,

ബി. ബി. ലാൽ തുടങ്ങി കടുത്ത ഹിന്ദുത്വത്തിന്റെ വക്താക്കളായ ആർക്കിയോളജിസ്റ്റുകളുടെ കർസേവ കൂടിയായപ്പോൾ സംഗതി കൊഴുക്കുകയും ചെയ്തു.(1) അങ്ങനെയാണ് ഭാരതത്തെക്കുറിച്ച് പുതിയ സിദ്ധാന്തങ്ങൾ അരങ്ങിൽ സജീവമാകുന്നത്. ഭാരതം സനാതനമാണ്, അനാദിയാണ്. ആദിമ മനുഷ്യൻ ഇവിടെയാണ് ഭൂജാതനായത്. മാനവചരിത്ര ത്തിലെ ആദ്യനാഗരികത ഇവിടെനിന്നാരംഭിച്ചു. അവർ വേദങ്ങൾ കണ്ടെത്തി. അവർ തന്നെയാണ് സൈന്ധവ-ഹാരപ്പൻ സംസ്കൃതിയുടെ ഉടമകൾ. ശാസ്ത്ര-സാഹിത്യ-കലാരംഗങ്ങളിൽ ഏറ്റവും ഉയർന്ന കൊടുമുടിയിലാണ് അവർ വർത്തിച്ചിരുന്നത്. ഭാരതീകൃഷ്ണ തീർത്ഥയുടെ വേദഗണിതം വേദ-ശാസ്ത്ര-സാങ്കേതികവിദ്യകളുടെ മാസ്മരിക ലോകമാണ് തുറന്നിരിക്കുന്നത്. എല്ലാം സനാതന ഹിന്ദുധർമ്മത്തിന്റെ സാർവ്വഭൗമതയെ പ്രഖ്യാപിക്കുന്നു. ആർഷഭാരതം, അഖണ്ഡഭാരതം, ഭാരത വർഷം, ആര്യാവർത്തം എന്നിങ്ങനെ സനാതനഹിന്ദുധർമ്മത്തിന്റെ പൗരാണികത വിളംബരപ്പെട്ടിരി ക്കുന്നു. ആനന്ദലബ്ധിക്കിനിയെന്തുവേണ്ടൂ.

രോമാഞ്ചകഞ്ചുകം വാരിപ്പുതപ്പിക്കുന്നതാണ് ഈ വിവരണമെന്നതിൽ രണ്ടുപക്ഷമില്ല. വെറുതെ കോൾമയിർകൊള്ളാനാണെങ്കിൽ ഇതു ധാരാളമാണുതാനും. എന്നാൽ വസ്തുതകൾ പരിശോധിക്കുക യാണെങ്കിൽ ഇത്തരം കഞ്ചുകങ്ങൾ അതിവേഗത്തിൽ കീറിപ്പറിഞ്ഞുപോകുന്നതുകാണാം.

ഭാരതം അഥവാ ഇന്ത്യ എന്ന പേരുകൊണ്ട് കുറിക്കപ്പെടുന്ന ദേശചിത്രം വളരെ കൃത്യമാണ്. സുനിശ്ചിതമായ നാല് അതിരുകൾ, അതിരുകൾക്കുള്ളിൽ സുനിശ്ചിതമായ ഇടങ്ങളും. എന്നാൽ അരങ്ങിലേക്ക് കടന്നുവരുന്ന പൗരാണിക പദങ്ങളാൽ കുറിക്കപ്പെടുന്ന പ്രദേശങ്ങളെക്കുറിച്ച് അത്തരമൊരു കൃത്യത സ്വരൂപിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. കവികല്പനയിൽമാത്രം നിലനിൽക്കുന്ന നിരവധി പുഴകളും സമുദ്രങ്ങളും മലകളും പൂങ്കാവനങ്ങളും നിറഞ്ഞ കൃത്രിമമായ ഒരു പാരമ്പര്യത്തെ സൃഷ്ടിച്ചെടുത്ത് കോൾമയിർകൊള്ളുകയും അത് ഭാരതത്തിന്റേയും ഭാരതീയരുടേയും മുതുകിൽ വെച്ചുകെട്ടി ഫാസിസ ത്തിന്റെ തേരോട്ടത്തിന് പാതയൊരുക്കുകയും ചെയ്യുക എന്ന തന്ത്രമാണ് ഇത്തരം കപടദേശീയതയുടെ വക്താക്കൾ ലക്ഷ്യമാക്കുന്നത്. അവർ സൃഷ്ടിച്ചെടുക്കുന്ന ഈ പാരമ്പര്യം കൃത്രിമമാണ്, കപടമാണ് എന്നു ചൂണ്ടിക്കാണിക്കുന്നവരെ സംഘടിതമായി ഒറ്റപ്പെടുത്താനും കല്ലെറിയാനും ക്രൂശിക്കുവാനും ആളുകൾ രംഗത്തുവരുന്നു എന്നതും ഇത്തരം പ്രവർത്തനങ്ങളുടെ നിഗൂഢതാല്പര്യത്തെ വ്യക്തമാക്കു ന്നുണ്ട്.

ലോകനാഗരികതക്കു ലഭിച്ച ഏറ്റവും പഴക്കമേറിയ, സാഹിത്യമൂല്യമുള്ള കൃതി നമ്മുടെ വേദങ്ങളാണെ ന്നതിൽ രണ്ടു പക്ഷമില്ല. വേദങ്ങളിലാകട്ടെ ഭരതന്മാർ എന്നറിയപ്പെടുന്ന ഒരു കുലത്തെക്കുറിച്ചുള്ള പരാമർശമൊഴിച്ചു നിർത്തിയാൽ ഭാരതം എന്ന ഒരു ദേശത്തെക്കുറിച്ചോ രാജ്യത്തെക്കുറിച്ചോ ഉള്ള സങ്കല്പം നമുക്ക് കണ്ടെത്താനായിട്ടില്ല. വേദത്തിൽ പരാമർശിക്കപ്പെടുന്ന ഏറ്റവും പ്രാചീനമായ ദേശ സങ്കല്പം സപ്തസിന്ധവഃ എന്നതാണ്. (-E-Iv.v iii 24.2 7)- ഇന്നത്തെ ഇന്ത്യയുടെ വടക്കു-പടിഞ്ഞാറു ഭാഗത്ത് ഗംഗ തുടങ്ങിയ ഏഴു നദികളുടെ തീരദേശം ഉൾക്കൊള്ളുന്ന ഒരു പ്രദേശമായി അത് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

ക്രിസ്തുവിനുമുമ്പ് അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നുവെന്ന് സങ്കല്പിക്കപ്പെടുന്ന പാണിനിയുടെ അഷ്ടാധ്യായിയിൽ പ്രാച്യഭരത എന്ന ഒരു ദേശത്തെക്കുറിച്ചുള്ള പരാമർശം കാണുന്നുണ്ട്.(2) ഉദീചി ക്കും പ്രാചിക്കും ഇടയിൽ കിടന്നിരുന്ന ഒരു ചെറിയ ജനപഥമായിരുന്നു ഇതെന്ന് ചിലർ രേഖപ്പെടു ത്തുന്നു.(3)

ഭാരതവർഷം എന്ന പദം ആദ്യമായി പ്രത്യക്ഷപ്പെടുന്നത് ക്രിസ്തുവിനുമുമ്പ് 176-163 കാലഘട്ടത്തിൽ കലിംഗദേശം ഭരിച്ചിരുന്ന ഖരവേലന്റെ ഹഥിഗുംഫ ശാസനത്തിലാണ്. ഇന്നത്തെ കട്ടക്കിനു സമീപമുള്ള ഉദയഗിരിയിലാണ് ഈ ശാസനം കാണപ്പെടുന്നത്. ഖരവേലന്റെ 13 വർഷത്തെ ഭരണനേട്ടങ്ങളുടെ ഒരു പട്ടികയാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. താൻ കീഴടക്കിയ നാട്ടുപ്രദേശങ്ങളുടെ പേരു കളും ഖരവേലൻ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാകൃതഭാഷയിലാണ് ഈ ശാസനം കാണപ്പെടു ന്നത്. ഭരതവസ എന്നാണ് ഭാരതത്തെക്കുറിക്കുന്ന പ്രാകൃത നാമധേയം.(4) ഭാരതത്തിലെ രാഷ്ട്രീകന്മാ രെയും ഭോജകന്മാരെയും അദ്ദേഹം പരാജയപ്പെടുത്തി. ശാതവാഹനന്മാരുടെ ഡക്കാൻ, മൂഷികദേശം, ഗോരദഗിരി (ഗയ), മഥുര, മഗധ, പാണ്ഡ്യരാജ്യം എന്നിങ്ങനെ മറ്റു പ്രദേശങ്ങളെക്കുറിച്ചുള്ള പരാമർ ശവും ഈ ശാസനത്തിൽ കാണപ്പെടുന്നുണ്ട്. കൃത്യമായ അതിർത്തി തിട്ടപ്പെടുത്താനായിട്ടില്ലെങ്കിലും ഇന്നത്തെ ഇന്ത്യയുടെ വടക്കുഭാഗത്ത് സ്ഥാപിതമായിരുന്ന ഒരു നാട്ടുരാജ്യമായിരിക്കണം ഭാരതവർഷം എന്ന് നിഗമിക്കാവുന്നതാണ്. (5) ക്രിസ്തുവർഷം 5-6 നൂറ്റാണ്ടുകളിലെഴുതപ്പെട്ടതായ അമരകോശത്തിൽ ഭാരതവർഷത്തെ പരാമർശിക്കുന്നുണ്ട് ലോകോയം ഭാരതം വർഷം-നാം അധിവസിച്ചുവരുന്ന ലോകം ഭാരതമെന്ന വർഷമാകുന്നു. (അമരം. ശശ.1.7) വർഷശബ്ദത്തിന് നനയ്ക്കുന്നത് എന്നും സ്ഥാനം എന്നും അർത്ഥം പറയാം. ഗംഗാദി നദികളാൽ നനയ്ക്കപ്പെടുന്ന പ്രദേശമെന്നോ, മേഘത്താൽ നനക്കപ്പെടുന്ന പ്രദേശമെന്നോ അർത്ഥം പറയാമെന്ന് പാരമേശ്വരീ വ്യാഖ്യാനം. (പുറം.245) ഭാരതവർഷത്തിൽ ഉൾക്കൊള്ളുന്ന പ്രാച്യം, ഉദീച്യം, മ്ലേച്ഛം, മധ്യമം, ആര്യാവർത്തം എന്നീ അഞ്ച് പ്രദേശങ്ങളെക്കുറിച്ചും അമരകോശത്തിൽ പരാമർശിക്കുന്നുണ്ട്. ഭാരതവർഷത്തിന്റെ കിഴക്കു-വടക്കുത്ഭവിച്ച് തെക്കു-പടിഞ്ഞാ റോട്ടൊഴുകി സമുദ്രത്തിൽ ചേരുന്ന ശരാവതീ നദിയുടെ കിഴക്കു-തെക്കു വ്യാപിച്ചു കിടക്കുന്ന ദേശമായി രുന്നു പ്രാച്യം. അതിന്റെ വടക്കുപടിഞ്ഞാറുഭാഗം ഉദീച്യം. ഭാരതവർഷത്തിന്റെ അവസാന ഭാഗമാണ് മ്ലേച്ഛദേശം. ചാതുർവർണ്ണ്യവ്യവസ്ഥ ഇല്ലാത്ത പ്രദേശമായും മ്ലേച്ഛദേശം അറിയപ്പെടുന്നു. അതിന്നിപ്പുറമുള്ളതാണ് ആര്യാവർത്തം. അത് വിന്ധ്യപർവ്വതത്തിന്റേയും ഹിമാലയ പർവ്വതത്തിന്റേയും ഇടയ്ക്കുള്ള പ്രദേശമാണ്.

ആ സമുദ്രാത്തു വൈ പൂർവ്വാദ് ആ സമുദ്രാച്ച പശ്ചിമാത് തയോരേവാന്തരം ഗിര്യോഃ ആര്യാവർത്തം വിദുർബുധാഃ. (മനു. 2. 20)

കിഴക്കേ സമുദ്രത്തിൽനിന്നും പടിഞ്ഞാറോട്ടും പടിഞ്ഞാറെ സമുദ്രത്തിൽനിന്നും കിഴക്കോട്ടും ഹിമാലയത്തിൽനിന്നും തെക്കോട്ടും വിന്ധ്യപർവ്വതത്തിൽനിന്നും വടക്കോട്ടുമുള്ള പ്രദേശമാകുന്നു ആര്യാ വർത്തം. മധ്യഭാഗമാണ് മധ്യദേശം.

ഹിമവദ്വിന്ധ്യയോർമദ്ധ്യം യദ് പ്രാഗ്വിനശനാദപി പ്രത്യഗേവ പ്രയാഗാച്ച മദ്ധ്യദേശഃ പ്രകീർത്തിതഃ (മനു. 2 . 21)

ഹിമാലയപർവതത്തിൽനിന്നും തെക്കോട്ടും വിന്ധ്യപർവ്വതത്തിൽനിന്നും വടക്കോട്ടും കുരുക്ഷേത്ര ത്തിൽനിന്നും കിഴക്കോട്ടും പ്രയാഗത്തിൽനിന്നും പടിഞ്ഞാറോട്ടുമുള്ള പ്രദേശമാണ് മധ്യദേശമെന്ന് മനുസ്മൃതി രേഖപ്പെടുന്നു. മദ്ധ്യദേശവും ആര്യാവർത്തവും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു എന്നുമാത്രമല്ല, ഇതിലൊന്നും പെടാത്ത കുരുക്ഷേത്രം, പ്രയാഗ എന്നീ പ്രദേശങ്ങൾ ഭാരതവർഷത്തിൽ ഉൾപ്പെടുന്നില്ല എന്ന സന്ദേശവും ഈ വിവരണങ്ങൾ നൽകുന്നുണ്ട്. മാത്രമല്ല, സരസ്വതീ, ദൃഷദ്വതീ എന്നീ രണ്ടു ദേവനദികൾക്കിടയിൽ വർത്തിക്കുന്ന ഈ പറഞ്ഞതിലൊന്നും പെടാത്ത ബ്രഹ്മാവർത്തം എന്ന മറ്റൊരു പ്രദേശത്തെക്കുറിച്ചും മനുസ്മൃതി വാചാലമാകുന്നുണ്ട് (മനു. 2. 17) ഒന്നിലും വിന്ധ്യനു തെക്കുള്ള ഭൂപ്രദേശത്തെക്കുറിച്ച് സൂചനയില്ലെന്നത് ശ്രദ്ധിക്കേണ്ടതാണ്.

ഭാരതവർഷത്തെക്കുറിച്ചുള്ള സങ്കല്പം രൂഢമൂലമാകുന്നത് പുരാണങ്ങളിലൂടെയാണ്. വരാഹമിഹിരന്റേയും (ആറാം നൂറ്റാണ്ട്) ഭാസ്കരാചാര്യന്റേയും (പതിനൊന്നാം നൂറ്റാണ്ട്) ജ്യോതിശാസ്ത്രഗ്രന്ഥ ങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള വിവരണങ്ങളാണ് ഇവയിൽ മിക്കവയും സ്വീകരിച്ചിരിക്കുന്നത്. എന്നാൽ അവിടെയും സ്വീകരിക്കാവുന്ന പൊതു അതിർത്തിയും ഭൂമിശാസ്ത്രവും നമുക്ക് കണ്ടെത്താ നാവുന്നില്ല. ചില പുരാണങ്ങൾ ത്രികോണാകൃതിയും ചിലവ അർദ്ധചന്ദ്രാകൃതിയും മറ്റുചിലവ കുലക്ക പ്പെട്ട വില്ലിന്റെ ആകൃതിയും ഇനിയും ചിലവ ആമയുടെ ആകൃതിയും ഭാരതവർഷത്തിന് സമ്മാനിച്ചിരിക്കുന്നു. (6) സമുദ്രങ്ങളാൽ ചുറ്റപ്പെട്ട ഒമ്പതു ദ്വീപുകളുടെ സമുച്ചയമായിട്ടാണ് ഏറെ പുരാണങ്ങളും ഭാരതവർഷത്തെ ചിത്രീകരിച്ചിട്ടുള്ളത്. ഇവിടെയും വിന്ധ്യനു തെക്കുള്ള ഭൂപ്രദേശത്തെക്കുറിച്ച് അവയി ലൊന്നും സൂചനയില്ലെന്നത് പ്രസ്താവ്യമത്രെ. ഇവയിൽ വാമനപുരാണത്തിലെ ഭാരതവർഷ സങ്കല്പ ത്തെ ഇങ്ങനെ സംഗ്രഹിക്കാം

.

ഭൂഗോളം ജംബുദ്വീപം, പ്ലക്ഷദ്വീപം, ശാല്മലിദ്വീപം, കുശദ്വീപം, ക്രൗഞ്ചദ്വീപം, ശാകദ്വീപം, പുഷ്കര ദ്വീപം എന്നിങ്ങനെ ഏഴ് ഭൂഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അതിൽ ജംബുദ്വീപത്തിലാണ് ഭാരതവർഷം സ്ഥിതിചെയ്യുന്നത്. (7) നടുവിൽ ഇളാവൃതം, കിഴക്ക് ഭദ്രാസ്യം, കിഴക്കുതെക്ക് ഹിരണ്വാൻ, തെക്ക് ഭാരതം, തെക്കുപടിഞ്ഞാറ് ഹരി, പടിഞ്ഞാറ് കേതുമാലം, വടക്കുപടിഞ്ഞാറ് ചമ്പകം, വടക്ക് കുരു, വടക്കുകിഴക്ക് കിംപുരുഷം എന്നിങ്ങനെ ഒമ്പതു വർഷങ്ങളായി ജംബുദ്വീപം കാണപ്പെടുന്നു. ഭാരതവർഷവും ഒമ്പതു ദ്വീപുകളുടെ സമാഹാരമാണ്. ഇടക്കിടക്ക് സമുദ്രം സ്ഥിതിചെയ്യുന്നതുകൊണ്ട് ഇവ പരസ്പരം അഗമ്യങ്ങളത്രെ. ഇന്ദ്രദ്വീപം, കശേരുമാൻ, താമ്രപർണ്ണം, ഗഭസ്തിമാൻ, നാഗദ്വീപം, കടാഹം, സിംഹളം, വാരുണം, കുമാരം എന്നിവയാണ് ഈ ഒമ്പതു ദ്വീപുകൾ. ഇതിന്റെ കിഴക്കേ അതിർ ത്തിയിൽ കിരാതരും, പടിഞ്ഞാറ് യവനരും, തെക്ക് ആന്ധ്രരും, വടക്ക് തുരുഷ്കരും വസിക്കുന്നു. ....(8) ഈ വിവരണങ്ങളിൽകൂടി കടന്നു പോകുന്ന ഏതൊരാൾക്കും ജൈന-ബൗദ്ധ-പുരാണ പ്രസിദ്ധമായ ജംബുദ്വീപവും ഭാരതവർഷവും കവികല്പനയുടെ മാസ്മരിക പ്രപഞ്ചം മാത്രമാണെന്ന് മനസ്സിലാ ക്കാൻ പ്രയാസമില്ല.

ജൈന സന്ന്യാസിയായ ഹേമചന്ദ്രൻ പന്ത്രണ്ടാം നൂറ്റാണ്ടിലെഴുതിയ അഭിധർമ്മചിന്താമണി എന്ന ഗ്രന്ഥത്തിൽ ഭാരതത്തെക്കുറിച്ച് അവ്യക്തമായ ചില പരാമർശങ്ങൾ കാണപ്പെടുന്നുണ്ട്.· അദ്ദേഹം ഭാരതത്തെ കർമ്മഭൂമി എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. (9) കർമ്മഭൂമി എന്നതുകൊണ്ട് എന്താണ് വിവക്ഷയെന്ന് വ്യക്തമാക്കിയിട്ടില്ലെങ്കിലും മനുസ്മൃതിയിൽ കാണുന്ന ആര്യാവർത്തത്തിന്റെ സങ്കല്പമാണ് ഇവിടെ കടന്നുവരുന്നതെന്നു പറയാം. എന്നാൽ 1860 കൾക്കു ശേഷം ഭാരതവർഷ സങ്കല്പം പ്രചുരപ്രചാരം നേടുകയുണ്ടായി. കൊളോണിയൽ ഭരണക്രമവും അതിനെ പിൻപറ്റിയ ഓറിയന്റലിസ്റ്റുകളുടെ ഇടപെട ലുമാണ് ഇതിന്നാക്കം കൂട്ടിയത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിൽ, കൊളോണിയൽ ഭരണ ത്തിനെന്നതിരെ ഉയർന്നുവന്ന സാമ്രാജ്യത്വ വിരുദ്ധസമരത്തിന്റെ വിവിധഘട്ടങ്ങളിൽ പതുക്കെ പതുക്കെ രൂപപ്പെട്ട ആധുനിക ഭാരതദേശീയത സ്വാതന്ത്ര്യാനന്തരം അറുപതുകളിലും എഴുപതുകളിലും അതിന്റെ പൂർണ്ണതയിലെത്തി എന്നു പറയാം.

ഈ വിവരണങ്ങളിൽനിന്നും നമുക്കെത്തിച്ചേരാവുന്ന നിഗമനം കൊളോണിയൽ ഭരണവും അതിന്നെ തിരെ ഉയർന്നുവന്ന ജനമുന്നേറ്റവും സൃഷ്ടിച്ച ഭാരതത്തിനും ഇന്ത്യക്കും പകരംവെക്കാവുന്ന പദങ്ങ ളോ സങ്കല്പങ്ങളോ അല്ല പുരാണപ്രസിദ്ധമായ ഭാരതവർഷവും ആര്യാവർത്തവും ജംബുദ്വീപവും മറ്റും. ഇപ്രകാരം കവികല്പനയുടെ ഭാവനാവല്ലിയിൽ പൂത്തുവന്ന കുസുമങ്ങളങ്ങൾ എന്നതിലപ്പുറം ഈ കല്പനകൾക്ക് ചരിത്രത്തിൽ കാര്യമായ ഇടമില്ലെങ്കിലും, സാംസ്കാരിക ദേശീയതയുടെ അപ്പസ്തോലന്മാർ രൂപകല്പനചെയ്തെടുത്ത, ലോകത്തിന്റെ വ്യത്യസ്ത പ്രദേശങ്ങളിൽ വിവിധ ജനപദ ങ്ങളെ കോളനികളാക്കി വികസിച്ച മഹാഭാരതമെന്ന കപട സങ്കല്പത്തെ അതിപുരാതനകാലത്ത് പ്രതിഷ്ഠിക്കാൻ ഇവയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. യുക്തിക്കും ചരിത്രത്തിനും അപ്പുറത്ത് പ്രതിഷ്ഠിക്കപ്പെട്ട ഇത്തരം സങ്കല്പങ്ങളെ അടിസ്ഥാനമാക്കിയാണ് ഹിന്ദുത്വവും അതിന്റെ സാംസ്കാരിക ദേശീയതയും ജനമനസ്സുകളിൽ ഇടംകണ്ടെത്തുന്നത്. (10)

II

ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചു സംസാരിക്കുമ്പോൾ പുതിയ രാഷ്ട്രീയ വേദികളിൽനിന്നും ഉയർന്നു വന്ന ഹൈന്ദവ-ആർഷഭാരതീയ സങ്കല്പങ്ങളുടെ സത്ത എന്ന നിലയിൽ താരതമ്യേന അടുത്ത കാല ത്ത് അവതരിപ്പിക്കപ്പെട്ട ഹിന്ദുത്വത്തെ വിശകലനം ചെയ്യാതെ മുന്നോട്ടുപോകുവാൻ സാധിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. സപ്തസിന്ധവഃ എന്ന സങ്കല്പത്തിൽനിന്നും ആരംഭിച്ച് ഇന്ത്യ എന്ന യാഥാർത്ഥ്യത്തിലെത്തിനിൽക്കുന്ന നമ്മുടെ ഗതകാല പാരമ്പര്യത്തിന്റെ സാംസ്കാരിക ധാരയിൽ ഒരിടത്തും ഇടം ലഭിച്ചിട്ടില്ലാത്ത, ഉന്നയിക്കപ്പെട്ടിട്ടില്ലാത്ത രാഷ്ട്രീയ സംജ്ഞയാണ് ഹിന്ദുത്വം. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും ഉപനിഷത്തുകളിലും, രാമായണ-മഹാഭാരതാദി ഇതിഹാസങ്ങളിലും പുരാണങ്ങളിലും ബുദ്ധ-ജൈന സാഹിത്യങ്ങളിലും സാംഖ്യ-വൈശേഷികാദി ദാർശനിക പാര മ്പര്യങ്ങളിലും സൂഫി-ഭക്തിപ്രസ്ഥാനങ്ങളിലും കാണുന്ന സമഗ്രമായ ഭാരതീയത എന്ന ആശയം കാല ഹരണപ്പെട്ടു എന്ന തോന്നലിൽനിന്ന് ഉയിരെടുത്ത ഈ പദം, ഇന്ത്യൻ പാരമ്പര്യത്തിന്റെ നാനാത്വത്തി ലെ ഏകത്വമെന്ന മുഖ്യധാരയെ നിഷേധിച്ചുകൊണ്ട് ഒരു പുതിയ ഏകശിലാധാരയെ സൃഷ്ടിച്ചെടുക്കാ നുള്ള പണിപ്പെട്ട ശ്രമമെന്ന നിലയിലാണ് അടുത്ത കാലത്ത് പ്രചാരം നേടിയിട്ടുള്ളത്. ഹിന്ദുത്വത്തിന്റെ അപ്പസ്തോലന്മാരായി അറിയപ്പെടുന്ന ഏതാനും കർസേവകർ അതിന്റെ പൗരാണികതയെ പേർത്തും പേർത്തും വാഴ്ത്തിക്കൊണ്ട് നിരവധി പുസ്തകങ്ങൾ ഇതിനകംതന്നെ രചിച്ചുകഴിഞ്ഞിട്ടുണ്ട്. ചില സംസ്ഥാനങ്ങളിൽ മാത്രമല്ല, ഇന്ത്യയുടെ കേന്ദ്രസ്ഥാനത്തുതന്നെ അധികാരത്തിലേറുവാൻ ലഭിച്ച അവസരം അതിന്റെ പൂർണ്ണമായ സാധ്യതകളോടെ അവർ വിനിയോഗിക്കുകയും ചെയ്തു. ഇന്ത്യൻ ഗ്രാമങ്ങളിലും നഗരങ്ങളിലും ഇതിനകംതന്നെ സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ള ആയിരക്കണക്കിന് സരസ്വതീ വിദ്യാലയങ്ങളിലൂടെ പിഞ്ചുമനസ്സുകളിൽ നവഹൈന്ദവീയതയുടെ പുതിയ തരംഗങ്ങളാണവർ സൃഷ്ടി ച്ചുകൊണ്ടിരിക്കുന്നത്. തങ്ങൾ ചൊല്ലും ചെലവും കൊടുത്ത് വളർത്തിക്കൊണ്ടുവന്ന യുവത്വം ഗുജറാ ത്ത് കലാപത്തിൽ ചെയ്ത സേവനം അവർക്ക് നൽകിയ ആവേശം ഏറെ വലുതായിരുന്നു. തലമുറ തലമുറകളായി ഫലം ലഭിക്കണമെങ്കിൽ നിക്ഷേപിക്കേണ്ടത് പ്രൈമറി സ്കൂൾ തലംതൊട്ട് വേണമെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. തളളക്കുരങ്ങിനെ കളിപഠിപ്പിക്കാനാകുമെന്ന വ്യാമോഹചിന്തയിൽ നിന്നും ഇനിയും രക്ഷപ്പെടാത്ത പുരോഗമന-ജനാധിപത്യശക്തികളും അവരുടെ ചിന്തകളും പുതിയ തലമുറക്ക് അന്യമാകുന്നത് ഗൗരവമായ വിശകലനം അർഹിക്കുന്നുണ്ട്. മേൽപറഞ്ഞ സരസ്വതീ വിദ്യാലയങ്ങളിലെ പാഠപുസ്തകങ്ങളായും, അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് മാർഗദർശനം നൽകുന്ന രേഖകളായും പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളിലൂടെ ഇന്ത്യയുടെ ചരിത്രത്തെ വളച്ചൊടിച്ചും വക്രീ കരിച്ചും സ

മൂലം തിരുത്തിയും അവർ നവഹിന്ദുത്വത്തിന് ഊർജ്ജം പകർന്നുകൊണ്ടിരിക്കുന്നു. അത്തരം ഗ്രന്ഥങ്ങളിൽ നിന്നുള്ള ഏതാനും ഉദ്ധരണികൾ ശ്രദ്ധിക്കുക-

ഹിന്ദുത്വം വളരെ പ്രാചീനമായ മതമാണ്....സനാതനധർമ്മം ഇന്ത്യയുടെ സാർവ്വലൗകികമായ ആത്മീയ പാരമ്പര്യമാണ്. (11) വേദങ്ങൾ ലോകത്തെ ഏറ്റവും പ്രാചീനമായ ഗ്രന്ഥങ്ങളാണ്. സനാതനധർമ്മം എന്നത് ഈ പൗരാണികതയെ ഉയർത്തിപ്പിടിക്കുന്നു...ചിന്താസ്വാതന്ത്ര്യവും ആരാധനാരീതികളും ഹിന്ദു ത്വത്തിൽ അനുപമമാണ്....ഹിന്ദുത്വത്തിന്റെ ചരിത്രത്തിൽ അടിച്ചമർത്തലിനും പരസ്പരസ്പർദ്ധക്കും സംഘട്ടനത്തിനും സ്ഥാനമില്ല..... ഹിന്ദുത്വത്തിൽ മതവും ശാസ്ത്രവും ഒരിക്കലും സംഘട്ടനത്തിൽ ഏർപ്പെട്ടിരുന്നില്ല. (12)

ഹിന്ദുത്വ ത്തിന്റെ വക്താക്കൾക്ക് ആവശ്യമായ ആവേശവും ഇന്ധനവും നൽകുന്ന ഇത്തരം ഉദ്ധരണി കളിലെ മുഖ്യ ആശയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.-ഹിന്ദുത്വം ഏറ്റവും പ്രാചീനമാണ്. സനാതന ധർമ്മം അതിന്റെ ജീവനാണ്. ഏകതാനമായ ആരാധനാരീതിയും ചിന്താസ്വാതന്ത്ര്യവും ഹിന്ദുത്വ ത്തി ന്റെ പ്രത്യേകതയാണ്. ഹിന്ദുത്വ ത്തിൽ മതവും ശാസ്ത്രവും പരസ്പരം സഹകരിച്ചും സഹവർത്തിച്ചും വർത്തിക്കുന്നു.

ഇതിലെ ഓരോ സങ്കല്പവും ചരിത്രപരമായും ഉള്ളടക്കപരമായും വിലയിരുത്തപ്പെടേണ്ടതുണ്ട്. സപ്തസിന്ധവഃ എന്ന പ്രചീന ദേശസങ്കല്പം മുതൽ ഇന്ത്യ എന്ന ആധുനിക സങ്കല്പംവരെ നീണ്ടുനിൽ ക്കുന്ന ഭാരതീയത ഒരുകാലത്തും ഏകശിലാരൂപമായിരുന്നില്ല. അയ്യായിരത്തിലധികം വർഷത്തെ സാം സ്ക്കാരികചരിത്രം ഇന്ത്യക്കുണ്ടെന്ന് ചരിത്രകാരന്മാർ അഭിപ്രായഭേദമന്യേ അംഗീകരിച്ചിട്ടുള്ളതാണ്. ഈ പാരമ്പര്യത്തിന്നിടയിൽ ഒരിക്കലും ഈ നാട് ഏകമതത്തിലും ഏകഭാഷയിലും ഏകസംസ്കാരത്തിലും അധിഷ്ഠിതമായിരുന്നിട്ടില്ല. സംസ്കൃതഭാഷ സംസാരിച്ചുകൊണ്ട് ഇന്ത്യയിലെത്തിയ ആര്യസമൂഹം വ്യത്യസ്ത ഗോത്രങ്ങളിൽ പെട്ടവരായിരുന്നു. അവർ ഇവിടെയെത്തിയപ്പോൾ വ്യത്യസ്ത പ്രാകൃതഭാഷ കൾ സംസാരിക്കുന്നവരും വ്യത്യസ്ത ദ്രാവിഡഭാഷകൾ സംസാരിക്കുന്നവരും വ്യത്യസ്ത കുല-ഗോത്ര സാംസ്കാരമുള്ളവരുമായ ജനസമൂഹമാണ് ഇവിടെ ഉണ്ടായിരുന്നത്. പിന്നീട് വൈദികബ്രാഹ്മണരെ ന്നും ശ്രമണരെന്നും ( ബൗദ്ധ-ജൈന-ആജീവക-വ്രാത്യാദികൾ) അറിയപ്പെടുന്നവരും ലോകായതരും സാംഖ്യ-ന്യായ-വൈശേഷിക-പഞ്ചരാത്രാദി ദർശനങ്ങളിലും ധർമ്മാനുഷ്ഠാനങ്ങളിലും വിശ്വസിക്കുന്ന വരും ഇവിടെ ആവിർഭവിച്ചു. മുസ്ലീമുകളും ക്രിസ്ത്യാനികളും സിക്കുകാരും മറ്റനവധി വൈദേശിക മതാനുഷ്ഠാനക്കാരും പിന്നീട് രംഗത്തുവന്നു. ഇവരുടെയെല്ലാം ഭാഷയും സംസ്കാരവും ജീവിതരീതി യും വ്യത്യസ്തങ്ങളായിരുന്നു. ഇവരുടെയെല്ലാം സംഭാവനകളുടെ സഞ്ചിതരൂപമാണ് - നാനാത്വത്തിലെ ഏകത്വമാണ് ആധുനിക ഇന്ത്യയുടെ മുഖമുദ്ര.

ഇന്ത്യൻ പാരമ്പര്യത്തിലെ ഈ നാനാത്വത്തെ നിഷേധിച്ചുകൊണ്ടാണ് ഹിന്ദുത്വത്തിന്റെ ആവിർഭാവം. എന്നാൽ, ഇന്ത്യൻ പാരമ്പര്യത്തിൽ ഒരിടത്തും ഹിന്ദു എന്ന പദം പോലും നമുക്കു കണ്ടെത്താനായിട്ടില്ല എന്നതാണ് വസ്തുത. വേദ-ഇതിഹാസ-പുരാണ പാരമ്പര്യങ്ങളിലോ, പാണിനി-പതഞ്ജലി-കാത്യായ നാദികളുടെ വ്യാകരണ പാരമ്പര്യങ്ങളിലോ, അശോകന്റെ ധർമ്മശാസനങ്ങളിലോ, ആസ്തിക-നാസ് തിക ദാർശനിക പാരമ്പര്യങ്ങളിലോ, ഭാസ-കാളിദാസാദികളുടെ ക്ലാസിക്കൽ സംസ്കൃത പാരമ്പര്യങ്ങ ളിലോ, കാണാത്ത പദമാണ് ഹിന്ദു. ഹിന്ദുത്വത്തിലെ ഹിന്ദു എന്ന പദം പോലും ഇന്ത്യനല്ലെന്ന ചരിത്രയാഥാർത്ഥ്യം ബോധപൂർവ്വം മറച്ചുവെച്ചുകൊണ്ടാണ് ഇത്തരമൊരു സങ്കല്പം ചിലർ ഇവിടെ വാർത്തെ ടുത്തിരിക്കുന്നത്.

ഈ വാക്ക് പ്രാചീനരായ പേർഷ്യക്കാർ സിന്ധുനദിക്കു നൽകിയ പേരാണ്. സംസ്കൃതത്തിലുള്ള സകാരമെല്ലാം പ്രാചീനപേർഷ്യൻ ഭാഷയിൽ ഹകാരമായി മാറുന്നു . അങ്ങനെ സിന്ധു ഹിന്ദുവായി എന്നാണ് സ്വാമി വിവേകാനന്ദൻ രേഖപ്പെടുത്തിയിരിക്കുന്നത്. (13) അതെ, ഹിന്ദു എന്ന പദം പേർഷ്യ ക്കാരുടെ സംഭാവനയാണ്. സംസ്കൃതഭാഷയിലുള്ള സകാരം പേർഷ്യൻ ഭാഷയിൽ ഹകാരമായി മാറുന്നു. അതിൻപ്രകാരം സിന്ധു എന്നതിന്റെ പേർഷ്യൻ രൂപമാണ് ഹിന്ദു. ആദ്യമായി ഈ പദം പ്രത്യക്ഷപ്പെടുന്നത് സുപ്രസിദ്ധമായ ആർക്കമിനിഡ് ലിഖിതത്തിലാണ്. അതിൽ പേർഷ്യക്കാർ ഇന്ത്യക്കുനൽകിയ പേരാണ് അൽഹിന്ദ് . പിന്നീട് അറബികളും അത് ആവർത്തിച്ചു. മറ്റുചിലർ ഇന്തു എന്നും ഇന്ത് എന്നും ഉച്ചരിച്ച ഈ പദം പാശ്ചാത്യരുടെ വരവോടെ ആധുനിക നാമമായ ഇന്ത്യ എന്നായി മാറുകയും ചെയ്തു.

ഒരു പ്രത്യേക മതവിഭാഗമെന്നനിലയിൽ ഹിന്ദു എന്ന പദം അവ്യക്തമായിട്ടാണെങ്കിലും ആദ്യം പ്രയോ ഗിച്ചത് ക്രിസ്തുവർഷം 1030-ൽ ഇന്ത്യ സന്ദർശിച്ച അക്ബറൂണിയാണെന്ന് രേഖകൾ സാക്ഷ്യപ്പെടു ത്തുന്നു. (14) അൽബറൂണിക്കു ശേഷം വിദേശീയരായ ചില മുസ്ലീം ചരിത്രകാരന്മാരും ഹിന്ദു എന്ന പദം അവരുടെ ഗ്രന്ഥങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടെങ്കിലും അവർക്കാർക്കെങ്കിലും വ്യക്തമായ കാഴ്ചപ്പാട് ഇക്കാര്യത്തിൽ ഉണ്ടായിരുന്നു എന്ന് പറയാൻ കഴിയില്ല. ചിലർ ഹിന്ദു എന്നതുകൊണ്ട് ബ്രാഹ്മണരെ യാണ് ഉദ്ദേശിച്ചതെങ്കിൽ മറ്റുചിലർ മുസ്ലീം ജനവിഭാഗങ്ങളൊഴിച്ചുള്ള മുഴുവൻ ആളുകളേയും കുറിക്കു ന്നതിനാണ് ഈ പദം പ്രയോഗിച്ചിരിക്കുന്നത്.

ഇവിടെ ശ്രദ്ധേയമായ മറ്റൊരു വസ്തുത പതിനാലാം നൂറ്റാണ്ടുവരെ ഒരൊറ്റ ഇന്ത്യക്കാരനും ഹിന്ദു എന്ന പദം ഇന്ത്യയിൽ ജനിച്ചവരേയോ ഇന്ത്യയിലെ ഏതെങ്കിലും മതത്തിൽ പെട്ടവരേയോ കുറിക്കാൻ പ്രയോഗിച്ചിട്ടില്ല എന്നതാണ്. ആദ്യമായി ഈ പദത്തിന്റെ ഇന്ത്യൻ പ്രയോഗം കാണുന്നത് ഒന്നാം വിജ യനഗരസാമ്രാജ്യത്തിലെ രണ്ടാമത്തെ രാജാവായിരുന്ന ബുക്കരായൻ ഒന്നാമന്റെ ശിലാശാസനങ്ങളിലാ ണ്. ഹിന്ദുരാജാക്കന്മാരിലെ സുൽത്താൻ എന്ന അർത്ഥത്തിൽ ഹിന്ദുരായസുരാഷ്ട്രാണ എന്നാണ് 1352 ശാസനത്തിൽ (ഏ.ഡി.1430) പ്രയോഗിച്ചിരിക്കുന്നത്. ഇത് ഒരു ബിരുദമായി അദ്ദേഹത്തിന്റെ പിൻഗാമികൾ ദീർഘകാലം ഉപയോഗിക്കുകയും ചെയ്തിരുന്നു.(15) മറ്റു ചില രാജാക്കന്മാരും ഇതേ ടൈറ്റിൽ പിന്നീട് ഉപയോഗിച്ചിട്ടുള്ളതായി ചരിത്രരേഖകളിൽ കാണാവുന്നതാണ്. വിദ്യാപതി, കബീർ, ഏകനാഥ്, അനന്തദാസ്, തുടങ്ങി 15-16 നൂറ്റാണ്ടുകളിലെ ഭക്തിപ്രസ്ഥാനത്തിന്റെ നായകരുടെ കൃതികളിൽ നിലനിൽക്കുന്ന ബ്രാഹ്മണ-പൗരോഹിത്യത്തിന്റെ പ്രതീകമെന്ന നിലയിൽ ഈ പദം അല്പാല്പമായി കടന്നു വരുന്നുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഇത്തരം അപൂർവ്വ പരാമർശങ്ങളല്ലാതെ ഹിന്ദു എന്ന പദം ഇന്ത്യൻ പനോരമയിൽ ഒരിടത്തും മുഖ്യധാരയിൽ ഇടം നേടിയിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജോൺമ്യൂറിന്റെ നേതൃത്വത്തിൽ ക്രൈസ്തവരും ബ്രാഹ്മണ-പുരോഹിത മതമേധാവിക ളുമായി നടന്ന സംഘർഷസംവാദങ്ങൾ ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. ഇവരുടെ ഈ സംവാദങ്ങളി ലൂടെയാണ് ഹിന്ദു എന്ന പദം പതുക്കെ പതുക്കെ ഇന്ത്യൻ മണ്ണിൽ കാലുറപ്പിക്കുന്നത്. ഇക്കാലഘട്ട ത്തിൽ താരാനാഥ തർക്കവാചസ്പതി ഭട്ടാചാര്യർ (1811-1885) തയ്യാറാക്കിയ വാചസ്പത്യം എന്ന ബൃഹത് സംസ്കൃതാഭിധാനകോശത്തിലും രാധാ കാന്ത ദേബിന്റെ (1783-1867) ശബ്ദകല്പദ്രുമ ത്തിലും ഹീനം ദൂഷയതി ഇതി ഹിന്ദു എന്ന നിരുക്തിയോടെ ഈ പദത്തെ ഉൾക്കൊള്ളുന്നുണ്ടെങ്കിലും ഉദാ ഹരിക്കാൻ പ്രസിദ്ധമായ ആധികാരിക ഗ്രന്ഥങ്ങളൊന്നും കണ്ടെത്തുകയുണ്ടായില്ല.

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നത് പ്രീകൊളോണിയൽ കാലഘട്ടത്തിൽപോലും ഹിന്ദുവെന്നോ ഹിന്ദു ധർമ്മമെന്നോ ഇന്നുകാണുന്ന സങ്കല്പം രൂഢമൂലമായിരുന്നില്ല എന്നാണ്. ഹിന്ദു എന്ന പദം അപൂർവ്വ മായി കാണപ്പെട്ടി

രുന്നുവെങ്കിലും പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടി ന്റെ ആരംഭത്തിലുമാണ് ഈ പദം ഇന്നത്തെ അർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടത്. അതിന് ആക്കം കൂട്ടിയത് ബ്രിട്ടീഷ് സാമ്രാജ്യത്വമായിരുന്നു. നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിൽക്കുന്ന അതി വിപുലമായ പുരാവൃത്തങ്ങളും വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും ഒരു മതത്തിന്റെ ചട്ടക്കൂട്ടി ലേക്ക് ആവാഹിച്ച് ഈ പാരമ്പര്യങ്ങളെ മുഴുവൻ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള പൗരസ്ത്യ വാദക്കാരുടെ പരിശ്രമത്തിന്റെ വിശ്രാന്തി എന്ന നിലയിലാണ് ഹിന്ദുയിസം രൂപപ്പെട്ടത്. ഇക്കാര്യത്തിൽ ബ്രിട്ടീഷ് പണ്ഡിതന്മാരായ ചാർളസ് ഗ്രാന്റ്, ജോൺ തോമസ്, വില്യം ജോൺസ് തുടങ്ങിയ പണ്ഡിത ന്മാരുടെ ബോധപൂർവ്വമായ ഇടപെടലുകളും ശ്രദ്ധിക്കപ്പെടേണ്ടതാണ്. കോളനികളിൽനിന്ന് അസംസ് കൃതവസ്തുക്കൾ ശേഖരിച്ച് സ്വന്തം നാട്ടിൽ കൊണ്ടുപോയി പുതിയ ഉല്പന്നങ്ങളാക്കി തിരികെ കോളനികളിലെത്തിച്ച് വിറ്റ് പണമുണ്ടാക്കുന്ന ശൈലിതന്നെയാണ് ഇക്കാര്യത്തിലും ബ്രിട്ടീഷുകാർ പ്രയോഗിച്ചത്. ഹിന്ദു എന്ന പദം ഇന്ത്യയിൽനിന്നും പെറുക്കിയെടുക്കുകയും മതപരമായ പുതിയ അർത്ഥവും പരിവേഷവും പ്രാധാന്യവും അതിനു നൽകി തിരികെ ഇന്ത്യക്കാർക്കു തന്നെ അവർ വിതരണം ചെയ്തു. ആധുനിക ഹിന്ദുവിന്റേയും ഹിന്ദുയിസത്തിന്റേയും ചരിത്രം ഇവിടെ തുടങ്ങുന്നു. പാശ്ചാത്യരും പൗരസ്ത്യരുമായ നിരവധി പണ്ഡിതന്മാർ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. കൊളോണിയൽ ഭരണക്രമത്തിൽ തുടർന്നു നടന്ന സെൻസസ്സിൽ ഇന്ത്യൻ ജനതയെ മുസ്ലീമുകൾ, ക്രിസ്ത്യാനി കൾ, ഹിന്ദുക്കൾ എന്നിങ്ങനെ അവർ തരംതിരിച്ചു. അങ്ങനെ മുസ്ലീം, ക്രൈസ്തവ മതവിഭാഗങ്ങളെ പോലെ ഹിന്ദുമതവും അന്തർദേശീയ തലത്തിൽ അംഗീകാരം നേടി.

## III

ക്രൈസ്തവ പാതിരിമാരുടെ ചിന്തകളിലൂടെ കൊളോണിയൽ ഭരണാധികാരികളുടെ കൈതാങ്ങുമായി ചരിത്രത്തിന്റെ മുഖ്യധാരയിലെത്തപ്പെട്ട ഹിന്ദുമതം പത്തൊമ്പതാം നൂറ്റാണ്ടുവരെ സനാതനധർമ്മമാണെ ന്നും മാലോകർ അറിഞ്ഞിരുന്നില്ല. ഒരു തരത്തിലുള്ള നിർവചനത്തിനും ഒതുങ്ങികൊടുക്കാത്ത ധർമ്മ മെന്ന സങ്കല്പത്തോടൊപ്പം സനാതനവും കൂടിച്ചേർന്നതോടെ കുഴഞ്ഞുമറിഞ്ഞ ഈ പദം നിരവധി തലത്തിലും തരത്തിലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പഴമക്കാർ മാത്രമല്ല, ഹിന്ദുത്വത്തിന്റെ വക്താക്കളും നവോത്ഥാന നായകരും യാഥാസ്ഥിതികരും ഒരുപോലെ ഈ പദത്തെ സ്വീകരിക്കുകയുണ്ടായി. എന്നാൽ സനാതനധർമ്മത്തിന്റെ സ്ഥായിയായ ഭാവം നവോത്ഥാനത്തെ പ്രതിരോധിക്കുക എന്നതാ ണെന്ന വസ്തുത തിരിച്ചറിയാതെ പോകുന്നത് വിമർശിക്കപ്പെടേണ്ടതാണ്. ഈ പദം ആദ്യം പ്രത്യക്ഷ പ്പെടുന്നത് ബൗദ്ധസാഹിത്യത്തിലാണ്.

ശമിക്കില്ലിങ്ങു വൈരങ്ങൾ വൈരംകൊണ്ടൊരു കാലവും ശമിക്കും സൗഹൃദത്താൽ താനിതു ധർമ്മം സനാതനം (16) വെറുപ്പും ശത്രുതയും സ്നേഹത്താൽ അലിഞ്ഞില്ലാതാകുന്നതാണ് സനാതനധർമ്മം. മഹാഭാരതത്തിൽ പലയിടങ്ങളിലും പരസ്പരം ഒരു ബന്ധവുമില്ലാത്ത പല ആശയങ്ങളേയും ഏഷധർമ്മസ്സനാതനഃ - ഇതാണ് സനാതനധർമ്മം എന്നിങ്ങനെ ആവർത്തിച്ചിട്ടുണ്ട്. മഹാഭാരതത്തിൽതന്നെ മറ്റൊരിടത്ത് ശ്വേത കേതുവിന്റെ ഒരു കഥയുണ്ട്- ശ്വേതകേതുവിന്റെ അമ്മയെ ഒരു ബ്രാഹ്മണൻ പിടിച്ചുകൊണ്ടു പോയി ബലാൽകാരം ചെയ്തു. തന്റെ അമ്മയെ ലൈഗികമായി പീഡിപ്പിച്ച ബ്രാഹ്മണനെ വധിക്കുവാൻ ആയു ധമേന്തിയ പുത്രനെ പിതാവ് തടഞ്ഞു. കാരണം അത് സനാതനധർമ്മമത്രെ! (ഏഷ ധർമ്മസ്സനാതനഃ). ഈ സനാതനധർമ്മത്തെ ഉന്മൂലനം ചെയ്ത് ഏകപത്നീവ്രതം സ്ഥാപിച്ചത് ശ്വേതകേതുവാണത്രെ . (മഹാഭാരതം. ക. 113) ഭഗവദ്ഗീതയിൽ കുലധർമ്മത്തെയാണ് സനാതനമെന്ന് പ്രകീർത്തിക്കുന്നത്.(ക. 40) കൃഷ്ണനെ ശാശ്വതധർമ്മഗോപ്താ സനാതനഃ എന്ന് ഗീത അഭിസംബോധന ചെയ്യുന്നുണ്ട്. (തക.18) കൃഷ്ണൻ ചെയ്തതാകട്ടെ കുലധർമ്മത്തെ തകർത്ത് വർണ്ണധർമ്മത്തെ സ്ഥാപിക്കുകയാണ്.(17) പൗരാണികകാലത്തെ നിയമവിധാതാവ് എന്ന് പ്രകീർത്തിക്കപ്പെടുന്ന മനുവിനെ സംബന്ധിച്ചിടത്തോളം സനാതനധർമ്മം എന്നു പറയുന്നത് രാജ്യത്തിനും ജാതികൾക്കും കുടുംബാംഗങ്ങൾക്കും നിർവഹിക്കാ നുള്ള വർണ്ണനിഷ്ഠമായ ആചാരാനുഷ്ഠാന വിധികളാണ്.(18) ഇതിനേക്കാളപ്പുറമാണ് പുരാണങ്ങളുടെ സനാതനധർമ്മസങ്കല്പം. ആർത്തിയും അതിരുകടന്ന ആഗ്രഹവുമില്ലാതെ ഇതരജീവികളോട് അനുക മ്പാർദ്രമായ സമീപനം, ആരേയും ദ്രോഹിക്കാതിരിക്കുക, ഇന്ദ്രിയനിഗ്രഹം, ബ്രഹ്മചര്യം, തപസ്സ്, പരിശുദ്ധി, ക്ഷമ എന്നിവയാണ് മത്സ്യപുരാണത്തിൽ പറയുന്ന സനാതനധർമ്മം.

അദ്രോഹശ്ചാപ്യലോഭശ്ച ദമോ ഭൂതദയാ ശമഃ
ബ്രഹ്മചര്യം തപഃ ശൗചം അനുക്രോശം ക്ഷമാ ധൃതിഃ
സനാതനസ്യ ധർമ്മസ്യ മൂലമേവ ദുരാസദം. (143. 31-32)

ചില പദങ്ങൾ പകരം വെച്ചുകൊണ്ട് ബ്രഹ്മാണ്ഡപുരാണം ഇതേ കാര്യങ്ങൾതന്നെ ആവർത്തിക്കുന്നു. (II. 31. 3738) വരാഹപുരാണത്തിൽ വരാഹത്താൽ പ്രോക്തമായ ധർമ്മമാണ് സനാതനധർമ്മം.(126. 7)ശിവപുരാണത്തിൽ ജ്ഞാന-ക്രിയാ-ചര്യാ-യോഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ശിവപ്രോക്ത മായ ചിന്തകളാണ് സനാതനധർമ്മം.


ജ്ഞാനം ക്രിയാ ച ചര്യാച യോഗശ്ചേതി സുരേശ്വരി ചതുഷ്പാദഃ സമാഖ്യാതോ മമ ധർമ്മഃ സനാതനഃ.
പശുപാശപതിർജ്ഞാനം ജ്ഞാനമിത്യഭിധീയതേ.
ഷഡധ്വശുദ്ധിർവിധിനാ ഗുർവധീനാ ക്രിയോച്യതേ.
വർണ്ണാശ്രമപ്രയുക്തസ്യ മയൈവ വിഹിതസ്യ ച മമാർച്ചനാദി ധർമ്മസ്യ ചര്യാ ചര്യേതി കഥ്യതേ.
മദുക്തേനൈവ മാർഗേണ മയ്യവസ്ഥിതചേതസഃ വൃത്യന്തരനിരോധോ യോ യോഗ ഇത്യഭിധീയതേ.

(ജ്ഞാനം, ക്രിയാ, ആചാരം, യോഗം ഇങ്ങനെ നാല് കാലുകളോടു കൂടിയതാണ് സനാതനധർമ്മം. പശുപാശപതിയെ കുറിച്ചുള്ള അറിവിനെ ജ്ഞാനമെന്നു പറയുന്നു . ഗുരു നിർദ്ദിഷ്ടമായ ഷഡധ്വാവി ലൂടെ സഞ്ചരിക്കുന്നത് ക്രിയ. വർണ്ണാശ്രമങ്ങൾക്ക് ഞാൻ വിധിച്ചിട്ടുള്ള നിയമങ്ങളെ സ്വീകരിച്ച്, എന്നെ അർച്ചിച്ചുകൊണ്ടുള്ള ജീവിതചര്യക്ക് ആചാരം എന്നു പറയുന്നു. ഞാൻ നിർദ്ദേശിച്ച മാർഗത്തിൽകൂടി, എന്നിൽ മനസ്സർപ്പിച്ച് മറ്റ് യാതൊരു വഴിക്കും അതിനെ വിടാതെ ഏകാഗ്രമാക്കി നിർത്തുന്നതിനെ യോഗമെന്നു പറയുന്നു. ഢകക. 2. 10. 3ഥ3)

ഇപ്രകാരം, സർവസമ്മതമായ ഒരു സങ്കപത്തെ അസാധ്യമാക്കിക്കൊണ്ട് എല്ലാ ഗ്രന്ഥങ്ങളും സനാതനധർമ്മത്തെ അവരുടേതായ തലങ്ങളിൽ വിവരിക്കുന്നു. എന്നാൽ വരികൾക്കിടയിലൂടെ അന്വേഷിക്കുക യാണെങ്കിൽ ചാതുർവർണ്ണ്യാധിഷ്ഠിതമായ ശ്രുതി-സ്മൃതി സമ്മതമായ ആചാരാനുഷ്ഠാനങ്ങളാണ് സനാതനധർമ്മമെന്ന പേരിൽ ആഘോഷിക്കപ്പെടുന്നത് എന്നു കാണാം. എന്നാൽ, പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി ഈ പദത്തിനു കൈവന്ന പ്രത്യേക പരിവേഷം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതാതു കാലഘട്ടങ്ങളിൽ നിലനിന്നിരുന്ന ചാതുർവർണ്ണ്യാധിഷ്ഠിതമായ ശ്രുതി- സ്മൃതി സമ്മതമായ ആചാരാനുഷ്ഠാനങ്ങൾ എന്ന നില വിട്ട് അനാദിയായ, ശാശ്വതമായ, സാർവജനീ നമായ, അലൗകികമായ തലത്തിലേക്ക് ഈ പദം ഉയരുകയുണ്ടായി. ഇന്ത്യൻ ജനതയുടെ അഭിമാന ത്തേയും പാരമ്പര്യത്തേയും ഉണർത്തി, ക്രൈസ്തവതയെ പ്രതിരോധിക്കുന്നതിന് നവോത്ഥാനകാല ഘട്ടം ഏറ്റെടുത്ത ഏറ്റവും വലിയ ഊർജ്ജസ്രോതസ്സായി ഈ പദം മാറി. (തുടരും)



# Swami Vivekanada and His Views on Education



**Dr. K. Krishnadas**
S.S. College, Kalady

Narendra Datta better known as Swami Vivekananda was born on January 12, 1863 in an aristocratic and affluent family in Calcutta. His father, Viswanatha Datta , was an eminent and prominent lawyer and was a veteran with varying interests. His mother Bhuvaneswari Devi was a pious lady . Narendra Dutta was an outstanding meritorious boy with strong character and many virtues. Being only son in a family on many daughters , Narendra was a child was very lively and naughty. But even a child Narendra displayed extraordinary sense for reasoning and also had the quality of leadership. He also had a strong will power but used to remain restless. Narendra excelled in almost all arts and sports apart from his studies by the time he became a graduate from Calcutta University. He was profound in music, gymnastic s and in his academic studies. He had mastered over a vast



knowledge on different subjects, especially in Western Philosophy and history. He had had a keen instinct to become a sanyasi and with a consistent yogic temperament, he enjoyed the practice of meditation from his boy hood days. From his mother, he learned the power of self- control.

When Narendra stepped in to boy hood, his naughtiness grew. He was a natural leader of the children in the neighbour hood. His companions always bowed to his decisions. Once a land lord threatened the children saying , " There is a demon in the tree and he swallows children". Narendra was not impressed by his threat. He settled down on a branch. the other boys took to their heels. Narendra was waited for several hours, but the demon did not appeared. So, he declared the landlord's story was a spoof. One day when he was in meditation a snake moving near him could not disturb his concentration. Even as a child Narendra has great respect for sanyasis or ascetics. The spirit of sacrifice and renunciation was in full bloom even in the child Narendra.

As stated earlier, Narendra father was a busy lawyer. So every day his house used to be crowded with his clients belonging to different castes. The house was like an inn. It was th the custom to provide the guests with 'Hukkas' (long pipes ) for smoke after food. There was different hookas for clients of different castes.

Narendra wondered what would happen if he smoked the hookas meant for people of different caste. Finally, he experimented nothing untoward misery. According to Narendra even when they in hale hooka , they at least forget the bitterness of their life. Narendra was quick and alert in his studies. After a single reading , he could remember any lesson . His memory was amazing. Concentration was his key to success. Narendra had his initial education at home. Later on he joined the Metropolitan Institution of Ishwar Chandra Vidysagar. In 1879 he passed the entrance examination from the Presidency College, Calcutta. He studied western Philosophy and history of European Nations. In 1884 , he passed the Bachelor of Arts. Narendra was a voracious reader and writer.

Swami Vivekananda stand as the most effective spokesman and representative of this phase of India's cultural movement . He appeared on the scene where India was at the cross roads two distinctly opposite ideas,viz. on the one hand large section of English educated classes, dazzled by the splendor , power and progress of the European countries rushed head long to imbibe and initiate the European culture, beliefs and traditions in which they found a panacea for their sufferings . Vivekanada's's mission was to reconstruct and regenerate the nation. According to him national regeneration depends up on two things- revitalization and renovation of India's religion.

At the same time he preached a philosophy of synthesis between the East and West. He was a Hindu to the back bone, but he loved other religions as well. He evoked India but he loved humanity, particularly the poor and the down trodden masses. He high lighted universalism and humanism. This makes philosophy modern and ever lasting. Swamiji proved himself to be the representative of the renascent India. At the worlds parliament of religions held in

Chicago, in 1893. H e had gone there for a free exchange of ideas on the basis of equality with the west. The awakening of India resulting in the reconstruction of the nation in socio- political and cultural fields was s the result of historical forces unleashed by colonialism. The emergence of a new middle class also created the atmosphere for the introduction and growth of English education which proved to be an important factor leading to the Indian awakening. The purpose of the introduction of English education was of course to meet the imperialist needs rather than popular needs is clear form the minutes of Macaulay, the Law member of the Viceroys council. He recorded " We must at present do our best to form a class of persons Indian in blood and colour, but English in tastes, in opinion , in morality and intellect. This leads to the foundation of the Hindu college in 1870, which was a land mark in the history of the growth of English education in India. This is the most important steps towards the formation of an educated middle class and intelligentsia in the western sense of the time, who played a leading role ion the minutes related to regeneration. In fact the policy of English education and establishment of universitiites in the three residency cities of Calcutta, Bombay and madras in 1857, resulted in the class of English educated elite imbibed with western liberalism, who acted as catalyst in bringing about the much needed reform in Indian society and religion.

The Indian society itself was caught in a vicious web created by superstitions. The social conditions were depressing . The most depressing was the the position of women. The birth of a girl child was unwelcome , her marriage a burden and her widow hood in auspicious. Hindu society was characterized by the prevalence of such evils like female infanticide, child marriage and sati.

Though Vivekananda was a spiritual leader , he was a true nationalist, a fire- branded social revolutionist. A man of great vision , he believed that freedom of liberalization would be the logical consequence of the awakening of the country. His strung call to "ARISE !, AWAKE! AND STOP NOT TILL THE GOAL IS REACHED" reflected this conviction.

According to Swami Vivekananda, future India would be the pride home not only of the richer sections but also the peasants, the fisherman, the cobbler and the sweeper. Vivekananda went over the length and breadth of India as a 'parivrajaka' or wandering monk. During his travel not only he met the princes in their palaces but also beggars in their huts. His travel was a great educational experience to him , since it enabled him to study the people of India, their customs, their sufferings etc. An important discovery of Vivekananda was that in spite of diversities , there was a spirit of unity underlying in Indian culture, which the foreign rule was trying to undermine. During his 'parikramam' or tour of the country like a medical Doctor with gifted clinical eyes and experience, Vivekananda diagnosed the root cause of the ailments from which India was suffering. A humanist to the bottom of his heart, Vivekananda attributed the most important for India's degradation to the neglect of the masses. He considered the neglect of the masses as a 'national sin'

Another factor which Vivekananda ascribed to the fall of the nation was the " monopolizing of the whole education and intelligence of the land , by the dint of pride and royal authority, among the hand full of men". Education had been derived to the common man. Lack of education made the Indian masses illiterate and diffident.

Woman in India remained a depressed and backward section in society for several centuries. Ill treatment of women was one of the greatest sins of India. Women in ancient India occupied a prominent place in the intellectual field, but later the were neglected to an inferior position by denying them equal rights wit men in education and knowledge of scriptures. He believed that for the development of India, the situation of woman in India should change. He believed that no country or nation that does not respect its women , cannot become great. In his opinion, there is not hope of rise for that family or country where" there is no estimation of women, where they live in sadness "

Swami Vivekananda linked the degradation of Indian society with the denial of education to the masses and he believed that education was the panacea for the ills of the society like poverty and illiteracy. But Vivekananda was alive to the fact that poverty was a great hindrance to the path of education. The poor boys preferred to go to the field of work with their parents instead of going schools. Because extreme poverty they were compelled to earn their bread themselves. If the poor boys could not come to school, education must go to their huts. He observed that "now if the

mountain does not come to Mohammed, Mohammed must go to the mountain" If the poor boy cannot come to education, education must go to him. According to him the 'parivrajaka sanyasians' should go to the huts not only for preaching but also for teaching secular matters.

The Indian women of the nineteenth century led cloistered existence , subsisting on what ever her husband provided and having almost no freedom of expression and action. The age old repressive social system like child marriage, dowry system , the taboo against widow marriage , un fair property in heritance laws etc. had worsened the lot of woman- folk in this land. He did not consider the condition of women as an isolated social issue, instead it was intimately , connected the well being of the society as a whole. He was against the all distinctive between individuals based on gendered were, from the light point of view , untenable. According to him " there is no chance for the welfare of the world unless the condition of woman is improved. It is not possible for a bird to fly on only one wing". What he pointed was that as a bird with only one wing cannot fly similarly a nation with her women in shackles could not make no progress. Liberty is the first condition of growth. Thus the liberations and education of women in Vivekananda view was most crucial for national development. To swami Vivekananda the prevailing system of education was defective, The education system existed in India at that time was bookish and not practical. According to him that education should be for life as opposed to education for a profession. To him the aim of education should be to make man competent to solve the problem of life. Education should be a training of the mind , it is the life building, man making, character making, assimilation of ideas- manifestation of the perfection already in man. He had suggested a kind of education which would make women proficieient in managing their homes, since they had a greater role to play in the family. His concept of female education was based on his firm conviction that a great nation is born out of great man and " it is only in the homes of educated and pious mothers that great men are born". According to Vivekananda the Indian women should learn the art of self defense. Swamiji was the first Indian reformer to suggest that the art of self defense should be included in the curriculum for women education. What he said more than one hundred year age is relevant even for the present day. Moreover, Gandhi I s concept of women education had been greatly influenced by vivekanada's ideal of female education. His famous statement that "educate a man, you are educating an individual, educate a women, you are educating the whole family was nothing but an extended version of Swamy Vivekanada's concept women education.

## Vision of Swami Vivekanada on Women Education

**"There is no chance of the welfare of the world unless the condition of women is improved. It is not possible for a bird to fly on one wing." - Swami Vivekanandan**

Swami Vivekananda (1863 - 1902), a great thinker and reformer of India, embraces education, which for him signifies 'man-making', as the very mission of his life. In this paper, which purports to expound and analyze Vivekanada's views on women education, an endeavor has been made to focus on the basic theme of his philosophy

Swami Vivekananda stand as the most effective spokesman and representative of this phase of India's cultural movement . He appeared on the scene where India was at the cross roads two distinct ideas,viz. on the one hand large section of English educated classes, dazzled by the splendor , power and progress of the European countries rushed head long to imbibe and initiate the European culture, beliefs and traditions in which they found a panacea for their sufferings . Vivekanada's mission was to reconstruct and regenerate the nation.

The awakening of India resulting in the reconstruction of the nation in socio- political and cultural fields was the result of historical forces unleashed by colonialism. The emergence of a new middle class also created the atmosphere for the introduction and growth of English education which proved to be an important factor leading to the Indian awakening. The purpose of the introduction of English education was of course to meet the imperialist needs rather than popular needs is clear form the minutes of Macaulay, the Law member of the Viceroys council. He recorded " We must at present do our best to form a class of persons Indian in blood and colour, but English in tastes, in opinion , in morality and intellect. This leads to the foundation of the Hindu college in 1870, which was a land mark in the history of the growth of

English education in India. This is the most important steps towards the formation of an educated middle class and intelligentsia in the western sense of the time, who played a leading role in the minutes related to regeneration. In fact the policy of English education and establishment of universitiites in the three residency cities of Calcutta, Bombay and madras in 1857, resulted in the class of English educated elite imbibed with western liberalism, who acted as catalyst in bringing about the much needed reform in Indian society and religion.

The Indian society itself was caught in a vicious web created by superstitions. The social conditions were depressing. The most depressing was the position of women. The birth of a girl child was unwelcome, her marriage a burden and her widow hood in auspicious. Hindu society was characterized by the prevalence of such evils like female infanticide, child marriage and sati.

According to Swami Vivekananda, future India would be the pride home not only of the richer sections but also the peasants, the fisherman, the cobbler and the sweeper. Vivekananda went over the length and breadth of India as a 'parivrajaka' or wandering monk. During his travel not only he met the princes in their palaces but also beggars in their huts. His travel was a great educational experience to him , since it enabled him to study the people of India, their customs, their sufferings etc. An important discovery of Vivekananda was that in spite of diversities, there was a spirit of unity underlying in Indian culture, which the foreign rule was trying to undermine. During his 'parikramam' or tour of the country, Vivekananda diagnosed the root cause of the ailments from which India was suffering. A humanist to the bottom of his heart, Vivekananda attributed the most important reason for India's degradation was the neglect of the masses. He considered the neglect of the masses as a 'national sin'

Another factor which Vivekananda ascribed to the fall of the nation was the " monopolizing of the whole education and intelligence of the land , by the dint of pride and royal authority, among the hand full of men". Education had been deprived to the common man especially to women. Lack of education made the Indian masses illiterate and diffident.

Woman in India remained a depressed and backward section in society for several centuries. Ill treatment of women was one of the greatest sins of India. Women in ancient India occupied a prominent place in the intellectual field, but later they were neglected to an inferior position by denying them equal rights wit men in education and knowledge of scriptures. He believed that for the development of India, the situation of woman in India should change. He believed that no country or nation that does not respect its women , cannot become great. In his opinion, there is no hope of rise for that family or country where" there is no estimation of women, where they live in sadness "

Swami Vivekananda linked the degradation of Indian society with the denial of education to the masses and he believed that education was the panacea for the ills of the society like poverty and illiteracy. But Vivekananda was alive to the fact that poverty was a great hindrance to the path of education. The poor boys preferred to go to the field of work with their parents instead of going schools. Because extreme poverty they were compelled to earn their bread themselves. If the poor boys could not come to school,



**പ്രൊഫ. എം.കെ. സുജാത**
നാട്ടിക എസ്.എൻ കോളജിലെ സുവോളജി
അദ്ധ്യാപികയും എ.കെ.പി.സി.ടി.എ അംഗവുമാണ്

**എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ**

education must go to their huts. He observed that "now if the mountain does not come to Mohammed, Mohammed must go to the mountain" If the poor boy cannot come to education, education must go to him. According to him the 'parivrajaka sanyasians'(wandering monks) should go to the huts not only for preaching but also for teaching secular matters.

The Indian women of the nineteenth century led cloistered existence, subsisting on whatever her husband provided and having almost no freedom of expression and action. The age old repressive social system like child marriage, dowry system , the taboo against widow marriage , un fair property in heritance laws etc. had worsened the lot of woman- folk in this land. He did not consider the condition of women as an isolated social issue, instead it was intimately, connected the well being of the society as a whole. He was against the all distinctive between individuals based on gender were, from the point of view , untenable.

According to him " there is no chance for the welfare of the world unless the condition of woman is improved. It is not possible for a bird to fly on only one wing". What he pointed was that as a bird with only one wing cannot fly similarly a nation with her women in shackles could not make no progress. Liberty is the first condition of growth. Thus the liberations and education of women in Vivekananda view was most crucial for national development. To swami Vivekananda the prevailing system of education was defective, The education system existed in India at that time was bookish and not practical. According to him that



education should be for life as opposed to education for a profession. To him the aim of education should be to make man competent to solve the problem of life. Education should be a training of the mind , it is the life building, man making, character making, assimilation of ideas-manifestation of the perfection already in man. He had suggested a kind of education which would make women proficieient in managing their homes, since they had a greater role to play in the family. His concept of female education was based on his firm conviction that a great nation is born out of great man and " it is only in the homes of educated and pious mothers that great men are born".

Vivekananda strongly reasoned the cause of such degradation of Indian women "The principal reason why our race has so degenerated is that we had no respect for these living images of Shakti. Manu says," Where women are respected, there the Gods delight, and where they are not, there all work and efforts come to naught." There is no hope of rise for that family or country where they live in miseries

According to Vivekananda the Indian women should learn the art of self defense. Swamiji was the first Indian reformer to suggest that the art of self defense should be included in the curriculum for women education. What he said more than one hundred year ago is relevant even for the present day. Moreover, Gandhiji's concept of women education had been greatly influenced by vivekanada's ideal of female education. His famous statement that "educate a man, you are educating an individual, educate a women, you are educating the whole family was nothing but an extended version of Swamy Vivekanada's concept women education.



# നോവൽഭാവനയുടെ ചരിത്രാത്മകത



**പി.എസ്. ജ്യോതിലക്ഷ്മി**
*സെന്റ് ജോസഫ് കോളജ് ആലപ്പുഴ*

നോവൽഭാവനയുടെ ചരിത്രാത്മകതയെക്കുറിച്ചുള്ള അന്വേഷണം നോവലിനെക്കുറിച്ചുവന്ന ശ്രദ്ധേയമായ ഒരു നിരീക്ഷണത്തോടെ ആരംഭിക്കാം എന്നു തോന്നുന്നു. കാലികജീവിതത്തിന്റെ സമഗ്രവും സൂക്ഷ്മവുമായ അവതരണമെന്നനിലയിൽ ആവിഷ്കരിക്കപ്പെട്ട പുതിയ സാഹിത്യരൂപം നോവലെന്നു ജനാംഗീകാരം നേടിയത് പുരാവൃത്തം. എന്നാൽ നോവൽ ജീവിതകഥയുടെ ആലേഖനം മാത്രമല്ലെന്നും വ്യാഖ്യാനവും വിമർശനവും മൂല്യനിർണയവും കൂടിയാണെന്നും കാലം തെളിയിച്ചു. വർത്തമാനജീവിതത്തിന്റെ ദാർശനികസമസ്യകൾ പൂർണമാക്കിക്കൊണ്ട് സന്ദർഭങ്ങളുടെ ശ്വോതാശ്വേത പരിചിന്തനമായി ഇന്നുനോവൽ തീർന്നിരിക്കുന്നു. (ഡോ. എൻ. അജിത്കുമാർ). തന്റെ സമകാലികനായ ഒരു നോവലിസ്റ്റിനെ പഠനവിധേയമാക്കിക്കൊണ്ട് സങ്കീർണമായ മാനവികഭാവങ്ങളുടെ സാമൂഹികശാസ്ത്രപഠനമായി നോവൽ സാഹിത്യം പരിണമിച്ചു എന്നദ്ദേഹം പറയുന്നു. നോവൽ പഴമയിലൂടെ സഞ്ചരിക്കുമ്പോൾ ഈ സാമൂഹികശാസ്ത്രപഠനം എന്ന നോവൽ സവിശേഷതയുടെ ആദ്യരേണുക്കൾ അവിടന്നുതന്നെ ദർശിക്കാൻ കഴിയും.

**ചരിത്രം**

മലയാളനോവലിന്റെ ചരിത്രത്തിന് 150 വർഷത്തെ പഴക്കം അവകാശപ്പെടാം, ചരിത്രം ഘാതകവധത്തിൽ നിന്നാരംഭിക്കുകയാണെങ്കിൽ. ഇന്ദുലേഖയിൽ നിന്നാണെങ്കിൽ പിന്നെയും ഒരു ഇരുപത്തഞ്ചു വർഷം കുറയും. മലയാളത്തിലെ ആദ്യ നോവൽ എന്നു വിശേഷിപ്പിക്കേണ്ടത് ഘാതകവധത്തെയത്രെ. എന്ന് ഡോ.കെ. എം. തരകൻ. മലയാളസാഹിത്യചരിത്രത്തിലും കേരളീയ പശ്ചാത്തലത്തിലും രചിക്കപ്പെട്ട ആദ്യത്തെ നോവലാണ് ഘാതകവധം (1877). മലയാളികൾക്കു വേണ്ടി എഴുതിയ സ്ലേയർസ്ലെയിൻ മലയാളത്തിൽ വന്നാലേ പ്രയോജനപ്പെടു എന്നുകരുതിയാവണം ഇംഗ്ലീഷിൽ പുസ്തകമാക്കാൻ റിച്ചാർഡ്സ് കോളിൻസ് മുതിരാതിരുന്നത് എന്ന് ഡോ. ജോർജ് ഇരുമ്പയവും (19-ാം നൂറ്റാണ്ടിലെ നോവലുകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗവേഷണപ്രബന്ധത്തിൽ) പറയുന്നു. എന്നാൽ ഘാതകവധം തർജ്ജമ

യായതിനാൽ ആദ്യമലയാളനോവൽ എന്ന പദവി നൽകാൻ അദ്ദേഹം തയ്യാറല്ല, ആ സ്ഥാനം ഇന്ദുലേഖയ്ക്കാണ് നൽകുന്നത്. ചിന്ത പബ്ലിക്കേഷൻസിനുവേണ്ടി നോവൽപഴമ പരമ്പര എഡിറ്റു ചെയ്ത ശ്രീ.എൻ.സന്തോഷ്കുമാർ ആദ്യനോവലായി പരിഗണിക്കുന്നത് 1858ൽ പുറത്തുവന്ന ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ എന്ന ബംഗാളിനോവൽ വിവർത്തനത്തെയാണ് (കാതറീൻ ഹന്നാ മുല്ലൻസ് വി.റവ ജോസഫ് പീറ്റ്) കുറച്ചുകൂടി പുറകോട്ടു സഞ്ചരിച്ച് 1847ൽ ഇറങ്ങിയ പരദേശിമോക്ഷയാത്ര (യോഹന്നാൻ ബന്യന്റെ പിൽഗ്രിംസ് പ്രോഗ്രസ്സിന്റെ വിവർത്തനം. വിവർത്തകൻ ആർച്ചുഡീക്കൻ കോശിയെന്നും റവ.ജോസഫ് പീറ്റാണെന്നും അഭിപ്രായമുണ്ട്.) ആ പദവി നൽകാനുള്ള ശ്രമമുണ്ടായിട്ടുണ്ട്. (ഇടമറുക്, കേരളസംസ്കാരം). അങ്ങനെയാണെങ്കിൽ ചരിത്രം കൂടുതൽ വ്യാപ്തമാകും. പഴക്കം എവിടെത്തുടങ്ങിയാലും ആണ്ടുംതീയതിയും ഉദ്ധരിച്ച് മൂപ്പിളമത്തർക്കം ആരുനടത്തിയാലും ആരും നിഷേധിക്കാത്ത ഒരു കാര്യമുണ്ട്. അത് 19-ാം നൂറ്റാണ്ടിന്റെ നോവൽ സാഹിത്യചരിത്രത്തിൽ ഇന്ദുലേഖയ്ക്കും മാർത്താണ്ഡവർമയ്ക്കും അപ്പുറവുമിപ്പുറവുമായി വേറെയും നോവൽ സാഹിത്യങ്ങളുണ്ടായിരുന്നു എന്നതുതന്നെയാണ്. അവയിൽ ചിലതിനെ ചിലർ നോവലിന്റെ മുന്നോടിയെന്നും പ്രാഗ്രൂപമെന്നും വിളിക്കുന്നുണ്ടാവാം, അരുകരണങ്ങളെന്നും അനുരണനങ്ങളെന്നും പരാമർശിക്കുന്നുണ്ടാവാം, ലക്ഷണമൊത്തതെന്നും അല്ലാത്തതെന്നും വർഗീകരിക്കുന്നുണ്ടാവാം എന്നുമാത്രം. അതെന്തുതന്നെയായാലും നോവൽ എന്ന പുതിയ ഭാവുകത്വത്തോടുള്ള സർഗാത്മകകേരളത്തിന്റെ മലയാളമനസ്സിന്റെ പ്രതികരണങ്ങളോ, പ്രതിപ്രവർത്തനങ്ങളോ എന്ന രീതിയിൽ സമീപിക്കുകയാവും ഉചിതം എന്നു തോന്നുന്നു. പ്രത്യേകിച്ചും നോവലിന്റെ ഘടനയെക്കുറിച്ചുള്ള സിദ്ധാന്തങ്ങളോ ലക്ഷണശാസ്ത്രത്തെക്കുറിച്ച് ആകുലതകളോ ഇല്ലാത്ത ഈ പുതിയ കാലത്തുനിന്ന് നോക്കുമ്പോൾ...

മലയാളത്തിൽ ആധുനികസാഹിത്യം രൂപപ്പെട്ടുവന്നത് തികച്ചും വൈദേശികമായ സാഹിത്യപരിചയം കൊണ്ടുതന്നെയാണ് എന്നതിൽ തർക്കമില്ല. നോവലും അതിൽനിന്ന് വ്യത്യസ്തമല്ല. തികച്ചും പാശ്ചാത്യമായ ആഖ്യാന സമ്പ്രദായം തന്നെയാണ് മലയാളനോവലിനെ കരുപ്പിടിപ്പിച്ചിട്ടുള്ളത്. മലയാളനോവൽ ചരിത്രവും പാശ്ചാത്യ(ആധുനിക) നോവൽ ചരിത്രവും തമ്മിൽ ഒരു നൂറ്റാണ്ടിന്റെ അകലമാണുള്ളത്. (റിച്ചാർഡ്സന്റെ പമീലയിൽ തൊട്ടാണ് പാശ്ചാത്യനോവൽ അതിന്റെ പഴക്കം പറയുന്നത്. പശ്ചാത്കേന്ദ്രീതമല്ലാത്ത നോവൽസാഹിത്യചരിത്രം പൗരസ്ത്യകൃതിയായ ഗഞ്ചിയുടെ കഥയെയാണ് (ജാപ്പനീസ് നോവൽ. മുറാസകി പ്രഭി 1001-15) ആദ്യനോവലായി പരിഗണിക്കുന്നതെങ്കിലും കേരളത്തിന്റെ നോവൽഭാവനയെ ഉദ്ദീപിപ്പിച്ചത് ആംഗലേയ നോവൽ സങ്കല്പങ്ങൾ തന്നെയാണ്. അതുതന്നെ അതിന്റെ സമഗ്രതയിൽ ആയിരുന്നുമില്ല. ....19-ാം നൂറ്റാണ്ടിൽ പ്രചാരത്തിലിരുന്ന സമകാലിക സാമൂഹിക ചിത്രീകരണമെന്ന നിലയിൽ മാത്രമാണ് നോവലുമായി നാം ബന്ധപ്പെട്ടത്. പാശ്ചാത്യ നോവലിന്റെ ഒരു മാതൃകമാത്രം നാം സ്വീകരിച്ചു എന്ന അയ്യപ്പപ്പണിക്കരുടെ നിരീക്ഷണം ശ്രദ്ധേയമാണ്.

മലയാളനോവലിന്റെ ഉദ്ഭവത്തിനു പശ്ചാത്തലമൊരുക്കിയ ചരിത്രശക്തി ഇന്ത്യൻ നവോത്ഥാനമാണ് എന്ന് നോവൽ ചരിത്രകാരന്മാരെല്ലാം ഏകസ്വരത്തിൽ സമ്മതിക്കുന്നുണ്ട്. ഇതിന്റെ കാലമാകട്ടെ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധവുമാണ്. മലയാളസാഹിത്യത്തിന് മറക്കാനാകാത്ത ഒരു കാലഘട്ടമാണത്. നിലവിലുള്ള സൗന്ദര്യസങ്കല്പങ്ങളെല്ലാം മാറ്റിമറിക്കപ്പെട്ട ഒരു കാലാവസ്ഥ ഈ കാലഘട്ടത്തിൽ സംജാതമാകുന്നുണ്ട്. ശബ്ദഭംഗി അർഥരസത്തിനും രൂപസൗകുമാര്യം ഭാവോന്മീലനത്തിനും വഴിമാറി. ഭാഷയിലും സാഹിത്യത്തിലും ആശയവിനിമയരീതിയിലും ജ്ഞാനസമ്പാദനമാർഗങ്ങളിലും മാത്രമല്ല, വർഗബോധത്തിലും സമുദായസങ്കല്പത്തിലും സാമൂഹികവീക്ഷണത്തിലും സാമ്പത്തികഘടനയിലും ചിന്താപദ്ധതികളിലുമെല്ലാം വിപ്ലവമുണ്ടാക്കിയ ഈ കാലമാണ് നോവലിന്റെ സൃഷ്ടിക്കു കളമൊരുക്കിയത്. സി.വി.യുടെ ചരിത്രനോവലിനെ മാറ്റിനിർത്തിയാൽ 19-ാം നൂറ്റാണ്ടിലെ രചിക്കപ്പെട്ട നോവൽരൂപങ്ങളെല്ലാംതന്നെ ഈ മാറ്റത്തെ പ്രകടമായിത്തന്നെ പ്രത്യക്ഷപ്പെടുത്തുന്നവയാണ്. സി.വി.യിൽ ഇതു പരോക്ഷമായി മാറ്റത്തോടുള്ള പ്രതിരോധമായും ഭാഷയ്ക്കുള്ളിലെ സ്വത്വബോധമായും ആഖ്യാനത്തിന്റെ പാരമ്പര്യമായും വർത്തിക്കുന്നു.

ഭാഷയിൽ വന്നമാറ്റമാണ് ഏറ്റവും പ്രധാനം. മലയാളനോവൽ പ്രസ്ഥാനത്തിന്റെ വളർച്ച മലയാള ഗദ്യത്തിന്റെ വികാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രസാദവും ലാളിത്യവുമുള്ള പ്രസ്തുത ഗദ്യമാണ് മലയാളനോവലിൽ അതിന്റെ പ്രാഗ്രൂപം മുതൽ സ്വീകരിക്കപ്പെട്ടും ക്രമേണ വികസിച്ചും വന്നത് എന്ന ഡോ.ജോർജ് ഇരുമ്പയത്തിന്റെ നിരീക്ഷണം ഒറ്റപ്പെട്ടതല്ല. ഭാഷപോലെ തന്നെ പ്രധാനമാണ് മാനവികസങ്കല്പങ്ങളിൽ വന്ന വ്യതിയാനവും. നവോത്ഥാനത്തിന്റെ താക്കോൽപദമായി വികസിച്ച ഒന്നാണ് മാനവികത അഥവാ ഹ്യൂമനിസം. വർഗപരവും ജാതീയവും സാമ്പദികവുമായ അതിർവരമ്പുകളിൽ വകഞ്ഞുനിർത്തി മനുഷ്യരെ മൃഗപ്രായരായിപ്പോലും (വളർത്തുമൃഗങ്ങൾക്ക് അയിത്തമില്ല) മാനസിക ഘടനയേയും സാമൂഹികാവസ്ഥയേയും പ്രതിക്കൂട്ടിലാക്കുന്ന സമീപനം നോവലിന്റെ ആദ്യരൂപങ്ങളിൽത്തന്നെ കാണാം. ഘാതകവധവും പുല്ലേലിയാഞ്ചുവും ഈ വിഷയം ചർച്ചയ്ക്കെടുക്കുന്നുണ്ട്. നോവലുകൾ മുന്നോട്ടുവയ്ക്കുന്ന പ്രശ്നപരിഹാരം യഥാർഥ ക്രിസ്തുമതത്തിലേക്കുള്ള പ്രവേശനമാണ്. ഇതിനു കാരണം ക്രിസ്തുമതപ്രചാരണവും മതപരിവർത്തനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മിഷണറിമാരാണ് നോവൽകർത്താക്കൾ എന്നതുതന്നെ. നോവലിന്റെ ഈ പ്രഖ്യാപിതലക്ഷ്യത്തിനുമപ്പുറം ഒരാഖ്യാനം ഒരു കാലഘട്ടത്തിലെ കേരളത്തിലെ സാമൂഹികചരിത്രത്തിന്റെ

നേരടയാളമായി അവ മാറുന്നുണ്ട് എന്നതാണ് ഈ കൃതികളുടെയെല്ലാം ചരിത്രപരമായ സാംഗത്യം. എന്നാൽ ആദ്യത്തെ മലയാളനോവൽ എന്ന് ഏറെക്കുറെ പ്രശസ്തി നേടിയിരുന്ന കുന്ദലത ഇതിൽനിന്ന് വ്യത്യസ്തമാണുതാനും. പ്രമേയത്തിലോ പശ്ചാത്തലത്തിലോ കേരളവുമായി ബന്ധമൊന്നും പുലർത്താത്ത ഒരു കൃതിയാണ് കുന്ദലത. പാരമ്പര്യത്തെ പിൻപറ്റുന്ന ആഖ്യാനശൈലിയും കാലദേശബന്ധമല്ലാത്ത കഥാവതരണവും സാമൂഹിക ചരിത്രത്തെ അനാവരണം ചെയ്യുന്നതിൽ കുന്ദലതയെ അപര്യാപ്തമാക്കുന്നു.

കേരളീയ നവോത്ഥാനം സാധ്യമാക്കിയ മറ്റൊരു പരിഷ്കാരം ആധുനികവിദ്യാഭ്യാസമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസവും പരിമിതമായതെങ്കിലും സ്ത്രീവിദ്യാഭ്യാസവും അതുണ്ടാക്കിയ വ്യക്തിത്വബോധവും സ്വാതന്ത്ര്യചിന്തയും പാരമ്പര്യവിധേയത്വത്തെ മറികടക്കാൻ കഴിയുന്നതരത്തിലുള്ള മാറ്റത്തിനോടുള്ള ആഭിമുഖ്യവും പരിഷ്കരണത്വരയും എല്ലാം പ്രതിനിധാനം ചെയ്യുന്ന നോവലാണ് ഇന്ദുലേഖ. അതിലുപരി അതൊരു രാഷ്ട്രീയ ചരിത്രം കൂടിയാണ്.

ഇന്ദുലേഖയിലും ഒരു ചരിത്രനോവൽ ഉണ്ട്. സമകാലിക സാമൂഹിക രാഷ്ട്രീയചരിത്രത്തിന്റെ ജീവനുള്ള ചിത്രം. ചന്തുമേനോന്റെ ഉത്പതിഷ്ണുത്വം മുഴുവൻ പ്രതിനിധാനം ചെയ്യുന്ന ഒരു സ്ത്രീകഥാപാത്രം മാത്രമല്ല ഇന്ദുലേഖ, അദ്ദേഹത്തിന്റെ സങ്കല്പത്തിലെ ഭാവിഇന്ത്യയുടെ പ്രതീകമാണവൾ. ഇന്ദുലേഖയിൽ ഒരു ഇന്ത്യലേഖ-ഭവിഷ്യത് ഭാരതത്തിന്റെ ചരിത്രരേഖ അന്തർഭവിച്ചിട്ടുണ്ട്. ഉണരുന്ന ഭാരതമാണവൾ. ,നോവലും കഥാപാത്രവും ഒന്നാകുന്നത് അതുകൊണ്ടാണ്. ഒരു പ്രണയകഥയ്ക്കുപരി ഒരു പുതിയ സാമൂഹികരാഷ്ട്രീയ വിമർശനം അവതരിപ്പിക്കുന്ന ഒരു നവോത്ഥാന നോവലാണ് ഇന്ദുലേഖ എന്ന് അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെടുമ്പോൾ അതിനെ ശരിവയ്ക്കുന്നതാണ് നാട്ടിൽ നടപ്പില്ലാത്ത പേരാണ് ഇന്ദുലേഖ എന്ന സി.ചാത്തുനായരുടെ അക്കാലത്തുതന്നെയുണ്ടായ വിമർശനം (സി.ചാത്തുനായർ മീനാക്ഷിയുടെ അവതാരിക). അയ്യപ്പപ്പണിക്കർ ഇന്ദുലേഖയ്ക്കുനൽകുന്ന ഈ വിശേഷണം ഇന്ദുലേഖയ്ക്കുമാത്രമല്ല ചന്തുമേനോന്റെ ശാരദയ്ക്കും മറ്റു നോവലുകൾക്കും ഏറെക്കുറെ ഇണങ്ങുന്നതാണ്. 19-ാം നൂറ്റാണ്ടിലെ നോവൽ പാരമ്പര്യത്തിന്റെ ചരിത്രപരമായ പ്രസക്തിയെയാണ് ഇത് സൂചിപ്പിക്കുന്നത്. തന്റെ ഔദ്യോഗികമണ്ഡലത്തിലെ വസ്തുതകളും അനുഭവങ്ങളും മലബാർ മാര്യേജ്ബില്ലിനോടും താൻകൂടി അംഗമായിരുന്ന മാര്യേജ് കമ്മീഷന്റെ പ്രവർത്തനങ്ങളോടുമുള്ള സമീപനങ്ങളും എല്ലാം കൂടിച്ചേർന്ന ഒരു ആവിഷ്കാരമാണ് ശാരദ. കേരളീയ നവോത്ഥാനത്തെ ഇന്ത്യൻ നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിലേക്കുകൂടി വ്യാപിപ്പിക്കാൻ മാത്രമല്ല പുത്തൻ നാഗരികതയെക്കുറിച്ചുള്ള ചിന്ത പ്രസരിപ്പിക്കാൻകൂടി ഈ നോവലിൽ ചന്തുമേനോൻ ശ്രമിച്ചിട്ടുണ്ട്.

മലയാളത്തിന്റെ ആദ്യത്തെ ചരിത്രനോവൽ എന്നു വിശേഷണം ലഭിച്ചിട്ടുള്ള നോവലാണ് സി.വി.യുടെ മാർത്താണ്ഡവർമ. നോവൽ എന്ന ഏകസംവർഗത്തിൽ നിന്ന് ചരിത്രം, സാമൂഹികം എന്ന ഉപവർഗങ്ങളിലേക്ക് സഞ്ചരിച്ചതിന്റെ ഫലമാണ് ഈ വിശേഷണം. സമ്പൂർണാർഥത്തിൽ ചരിത്രനോവൽ എന്നുവിശേഷിപ്പിക്കാവുന്ന മാർത്താണ്ഡവർമയിൽ ചരിത്രം മാത്രമല്ല, വർത്തമാനവും ഉണ്ടെന്നതാണ് സത്യം. ചരിത്രത്തെ പുനരാവാഹിച്ചുകൊണ്ട് വർത്തമാനത്തെ പുനസൃഷ്ടിക്കാനാണ് സി.വി.രാമൻപിള്ള ശ്രമിക്കുന്നത്. മാർത്താണ്ഡവർമ സി.വി.യുടെ ആദർശരാഷ്ട്രസങ്കല്പത്തിന്റെ ഉത്തമമാതൃകയാവുന്നത് അങ്ങനെയാണ്.

മലയാളത്തിലെ ആദ്യനോവൽ എന്നുവിശേഷിപ്പിക്കപ്പെട്ട വേറൊരു കൃതിയാണ് അക്ബർ (ഡോ. പി.കെ. നാരായണപിള്ള - അക്ബർ നവീകൃതം) ഡോ.വാൻലിംബർഗ് ഡച്ചുനോവലിന്റെ വിവർത്തനമാണ് ഈ കൃതി. (വിവ.കേരളവർമവലിയകോയിത്തമ്പുരാൻ) ഇതൊരു വിവർത്തിത കൃതിയായതിനാലും (ഡോ.ജോർജ് ഇരുമ്പയം) അത് മലയാള സമൂഹത്തെ അഭിസംബോധന ചെയ്യുന്നില്ല എന്ന കാരണത്താലും (എൻ.സനൽകുമാർ) ഇതിനെ മലയാള നോവലായി പരിഗണിക്കുന്നതിൽ നോവൽചരിത്രകാരന്മാർ വിമുഖത കാട്ടുന്നു. എങ്കിലും ശ്രേഷ്ഠമായ നോവലിന്റെ ഒരു നല്ല തർജ്ജമാനുഭവം എന്ന നിലയിൽ അക്ബറിന്റെ ചരിത്രപരമായ പ്രാധാന്യം അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്.

മലയാളനോവൽ ചരിത്രത്തിലെ ഇരുണ്ടഘട്ടം എന്ന് വിശേഷിപ്പിക്കപ്പെട്ട കാലമാണ് ഇന്ദുലേഖയ്ക്കു ശേഷമുള്ള പത്തുവർഷങ്ങൾ, കൃത്യമായി പറഞ്ഞാൽ 1890 മുതൽ 1900 വരെയുള്ള കാലം. ഇന്ദുലേഖയുടെ അനുകരണങ്ങൾ എന്നുപറഞ്ഞ് സാഹിത്യചരിത്രം തള്ളിക്കളഞ്ഞ കുറച്ചു നോവലുകൾ ഈ കാലഘട്ടത്തിന്റേതായുണ്ട്. ഇന്ദുലേഖയുടെ വർധിതശോഭയ്ക്കുമുമ്പിൽ നിറംമങ്ങിപ്പോയ ഈ കൃതികളെ കാലം പിന്നീട് കണ്ടെടുക്കുകയുണ്ടായി. ഇന്ദുമതീസ്വയംവരം (1890), മീനാക്ഷി (1890), സരസ്വതിവിജയം (1892), പരിഷ്കാരപാതി (1892), ലക്ഷ്മീകേശവം (1892), സുകുമാരി (1897) എന്നിവയാണവ. . നോവലിന്റെ ലക്ഷണശാസ്ത്രവും ലാവണ്യശാസ്ത്രവും അളവുകോലാകുമ്പോൾ ഇന്ദുലേഖയ്ക്കു ലഭിക്കുന്ന പ്രാമാണ്യം ഈ നോവലുകൾക്കില്ല എന്നതായിരുന്നു അവഗണനയ്ക്ക് കാരണമായത്. പ്രമേയത്തിലും ആഖ്യാനത്തിലും ശീർഷകങ്ങളിൽക്കൂടി ഇവ ഇന്ദുലേഖയോട് ആധമർണ്യം പുലർത്തുന്നുണ്ട് എന്നത് ശരിതന്നെ. എന്നാൽ ഒലിക്കുശേഷമുണ്ടാകുന്ന മാറ്റൊലിയിലെ വേറിട്ട ഒലിയെ തിരിച്ചറിയാതെപോയി എന്നത് മലയാളനോവൽ നിരൂപണത്തിന്റെ ഭാഗത്തുനിന്നുണ്ടായ അക്ഷന്തവ്യമായ തെറ്റുതന്നെയാണ്. ശാസ്ത്രലക്ഷണങ്ങൾ അപനിർമിക്കപ്പെടുകയും സൗന്ദര്യശാസ്ത്രചിന്തകൾ വലിയ പരീക്ഷണങ്ങൾക്കു വിധേയമാവുകയും ചെയ്ത പുതിയ കാലത്തിന്റെ പുതിയവായനകൾ ചരിത്രത്തിന്റെ അന്ധകാരത്തിൽ ഈ നോവലുകളെ കണ്ടെടുത്ത് എന്നത് കാലത്തിന്റെ നീതിയാണ്.

ഇന്ദുമതീസ്വയംവരമാണ് ഈ നോവലുകളിൽ ആദ്യത്തേത്. മല

യാളത്തിലെ രണ്ടാമത്തെ നോവൽ ആയാണ് ഡോ.ജോർജ് ഇരുമ്പയം ഈ നോവലിനെ കാണുന്നത്. ഉത്തരേന്ത്യൻ പശ്ചാത്തലമാക്കിയ ആദ്യ നോവലും ഇതുതന്നെയായിരിക്കും. അമ്മാവൻരാജയാണ് ഇതിന്റെ കർത്താവ്. കൊട്ടാരത്തിലും അന്തഃപ്പുരത്തിലുമായാണ് കഥ നടക്കുന്നതെങ്കിലും വ്യക്തിബന്ധങ്ങളും സാമൂഹികജീവിതവും ആവിഷ്കരിക്കാൻ ഒരു പരിധിവരെ നോവലിന് സാധിച്ചിട്ടുണ്ട് എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

സി.ചാത്തുനായരുടെ മീനാക്ഷി സ്വസമുദായ പരിഷ്കരണത്തിനുവേണ്ടി നിലകൊള്ളുന്ന നോവലാണ്. ഇന്ദുലേഖയുടെ അനുകരണം എന്ന നിലയിൽ ഏറ്റവുമധികം പരിഹസിക്കപ്പെട്ടതും ഈ നോവൽ തന്നെ. ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം, ശൈശവവിവാഹം, താലികെട്ടുകല്യാണം, നമ്പൂതിരിസംബന്ധം തുടങ്ങി സമുദായത്തിലെ അനാചാരങ്ങളോടുള്ള എതിർപ്പ് എന്നിവയാണ് ഇന്ദുലേഖയിലെപ്പോലെ മീനാക്ഷിയിലും വിഷയമാകുന്നത്. ചന്തുമേനോനെപ്പോലെതന്നെ ബ്രാഹ്മണമേധാവിത്വത്തിന്റെ കടയ്ക്കൽ കത്തിവെച്ച നവോത്ഥാനാശയങ്ങളിൽ ആവേശംകൊണ്ട ഉത്പതിഷ്ണുവായ ഒരു സമുദായസ്നേഹിയെ ചാത്തുനായരിലും കാണാം. നമ്പൂതിരിസംബന്ധത്തോടും മറ്റും ഇന്ദുലേഖയെക്കാൾ തീവ്രനിലപാടു പുലർത്തുന്നത് മീനാക്ഷിയിലാണ്. കലാപരമായ അപൂർണതയേക്കാൾ മീനാക്ഷിയിലെ ഈ നാലുപാടുകളായിരിക്കാം പരിഹസിച്ചുതോല്പിക്കുക എന്ന തന്ത്രത്തിലേക്ക് യാഥാസ്ഥിതിക മനസ്സുകളെ എത്തിച്ചത്. അതിലേക്ക് വിരൽചൂണ്ടുന്ന ഒരു നിരീക്ഷണം പറങ്ങോടീ പരിണയത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഡോ.ജോർജ് ഇരുമ്പയം ഉന്നയിക്കുന്നുണ്ട് സാമൂഹിക യാഥാർഥ്യത്തിന്റെ യഥാതഥമായ ചിത്രീകരണമാണ് മീനാക്ഷി.

വിദ്യയുടെ വിജയം പ്രഘോഷിക്കുന്ന നോവലാണ് സരസ്വതീവിജയം. പോത്തേരി കുഞ്ഞമ്പുവിന്റെ ഈ കൃതിയിൽ വിദ്യകൊണ്ട് പ്രബുദ്ധരാകുന്നത് സമൂഹം അധകൃതരെന്ന് വിശേഷിപ്പിച്ച് മുഖ്യധാരയിൽ നിന്ന് അകറ്റിമാറ്റപ്പെട്ട ജനതയാണ് എന്നത് അതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. ചന്തുമേനോന്റെ വിദ്യാഭ്യാസ പക്ഷപാതത്തേക്കാൾ കുഞ്ഞമ്പുവിന്റെ പരിശ്രമത്തിന് മാറ്റുകൂട്ടുന്നത് അതുകൊണ്ടാണ്. മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്താണ് താൻ ഈ പുസ്തകം എഴുതിയതെന്ന് നോവലിന്റെ മുഖവുരയിൽ എഴുത്തുകാരൻ തന്നെ പറയുന്നുണ്ട്. താനൊരു ചരിത്രദൗത്യം ഏറ്റെടുക്കുകയാണെന്ന് ഉത്തമബോധ്യമുള്ള ഒരു നോവലിസ്റ്റിനെ ഇവിടെ കാണാം. അധകൃതരുടെ ഉന്നമനത്തിനായി ക്രിസ്തുമതസ്വീകാരത്തെകാണുന്ന നോവൽക്കാഴ്ച സമകാലസാമൂഹികയാഥാർഥ്യംതന്നെയാണ്. ഈ നോവലിന്റെ എടുത്തുപറയേണ്ട



**ഇന്ദുലേഖയിലും ഒരു ചരിത്രനോവൽ ഉണ്ട്. സമകാലിക സാമൂഹിക രാഷ്ട്രീയചരിത്രത്തിന്റെ ജീവനുള്ള ചിത്രം. ചന്തുമേനോന്റെ ഉത്പതിഷ്ണുത്വം മുഴുവൻ പ്രതിനിധാനം ചെയ്യുന്ന ഒരു സ്ത്രീകഥാപാത്രം മാത്രമല്ല ഇന്ദുലേഖ, അദ്ദേഹത്തിന്റെ സങ്കല്പത്തിലെ ഭാവിഇന്ത്യയുടെ പ്രതീകമാണവൾ. ഇന്ദുലേഖയിൽ ഒരു ഇന്ത്യലേഖ – ഭവിഷ്യത് ഭാരതത്തിന്റെ ചരിത്രരേഖ അന്തർഭവിച്ചിട്ടുണ്ട്.**

വേറൊരു സവിശേഷത അതിലെ ഭാഷയാണ്. ഏറ്റവും ആധുനികവും ഋജുവും ലളിതവുമായ ഭാഷയാണ് നോവൽ സ്വീകരിക്കുന്നത്. ഉയർന്ന ജാതിക്കാരുടെ ഡംഭും മിഥ്യാധാരണകളും തുറന്നുകാട്ടുകയും സാമൂഹികാനീതിക്കെതിരെ പടവാളുയർത്തുകയും ചെയ്യുന്ന സരസ്വതീവിജയം അക്കാലത്തെ ഉണരുന്ന സാമൂഹികബോധത്തിന്റെയും സ്വാതന്ത്ര്യതൃഷ്ണയുടെയും ദർപ്പണമാണ്. ചന്തുമേനോൻ വ്യക്തിസ്വാതന്ത്ര്യത്തിനു പ്രാധാന്യം നൽകിയപ്പോൾ കുഞ്ഞമ്പു സാമൂഹികസ്വാതന്ത്ര്യത്തിലാണ് ഊന്നിയത് എന്ന വിലയിരുത്തൽ ഒരു സാഹിത്യകൃതി എന്ന നിലയിൽ സരസ്വതീവിജയത്തിന് വൈകിലഭിച്ച അംഗീകാരമാണ്.

പരിഷ്ക്കാരപ്പാതിയാണ് മറ്റൊരു നോവൽ. കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പോത്തിക്കിരി രചിച്ച ഈ കൃതിക്കും പ്രചോദനം ഇന്ദുലേഖതന്നെയാണ്. നോവലിന്റെ ആമുഖത്തിൽ നോവലിസ്റ്റുതന്നെ ഇത് വ്യക്തമാക്കുന്നു. അദ്ദേഹം ആഗ്രഹിക്കുന്നതുപോലെ നസ്രാണി സാമൂഹ്യവിവരണമായ ഒരു നോവൽതന്നെയാണിത്. സിറിയൻ ക്രിസ്ത്യൻ വിഭാഗത്തിൽ നടപ്പിലിരുന്ന സാമൂഹ്യയാഥാർഥ്യമാണ് നോവലിനു വിഷയമായിട്ടുള്ളത്. ഒരു പ്രത്യേക സമുദായത്തിന്റെ ജീവിതം സമഗ്രമായി യഥാതഥ്യത്തോടെ എഴുത്തിനു വിഷയമാക്കി എന്നതുതന്നെയാണ് ഈ നോവലിന്റെ പ്രാധാന്യവും. പുതിയകാലത്തുനിന്നു നോക്കുമ്പോൾ സമുദായചരിത്രരചനയ്ക്ക് ഉപോത്ബലകമായ പല ചരിത്രവസ്തുതകൾക്കും ഈ നോവലിനെ ആശ്രയിക്കാൻ കഴിയും.

കൊച്ചിശ്ശീമയിലുണ്ടായ ആദ്യനോവൽ എന്ന വിശേഷണമാണ് ലക്ഷ്മീകേശവത്തിനുള്ളത്. കൊച്ചി സ്വദേശി കോമാട്ടിൽ പാഡുമേനോനാണ് ഈ കൃതിയുടെ കർത്താവ് എന്ന ഒറ്റക്കാരണമാണിതിനുള്ളത്. കൊച്ചി നോവലിന്റെ പശ്ചാത്തലമാകുന്നതേയില്ല. ലക്ഷ്മിയും കേശവനും ഇന്ദുലേഖാമാധവന്മാരുടെ പകർപ്പുകളാണ് എന്നതാണ് നോവലിന്റെ ഒരു പരാധീനത. ഒരു നോവൽ എന്ന നിലയിൽ വലിയ മേന്മയൊന്നും അവകാശപ്പെടാനില്ലെങ്കിലും വൈവിധ്യപൂർണമായ കേരളീയജീവിതത്തെ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞതും ഫ്യൂഡൽവിരുദ്ധമനോഭാവം സൃഷ്ടിക്കാൻ കഴിഞ്ഞതും ഈ നോവലിനെ ചരിത്രത്തിലിടം നേടാനുള്ള അനുകൂലഘടകങ്ങളാകുന്നു.

ലക്ഷ്മീകേശവത്തിനു പിന്നാലെ വരുന്ന രണ്ടുനോവലുകൾ ഒരു പ്രത്യേക ജനുസ്സിൽ പെടുന്നു. പരിഹാസനോവൽ അഥവാ ഹാസ്യനോവൽ എന്ന കള്ളികളിലാണ് അവയ്ക്ക് സ്ഥാനം. പറങ്ങോടിപരിണയവും നാലുപേരിലൊരുത്തൻ അഥവാ നാടകാവ്യം കവിത്വവും ആണവ. കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോനും സി.അന്തപ്പായിയുമാണ് യഥാക്രമം ഇവയുടെ കർത്താക്കൾ. ഇന്ദുലേഖയുടെ അനുകരണങ്ങളെ പരിഹസിക്കുന്ന കൃതിയായാണ് പറങ്ങോടി പരിണയം അറിയപ്പെടുന്നത്. ഇതിനുകാരണമാകുന്നത് വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ വിദ്യാവിനോദിനിയിൽ ഈ വിഷയത്തെ ആസ്പദമാക്കി എഴുതിയ ഒരു വിമർശനലേഖനമാണത്രെ. എന്നാൽ വ്യത്യസ്തമായ അഭിപ്രായമാണ് 19-ാം നൂറ്റാണ്ടിലെ നോവലുകളെക്കുറിച്ച് ഗവേഷണം നടത്തിയ ഡോ.ജോർജ് ഇരുമ്പയത്തിനുള്ളത്. അനുകരണങ്ങളെയല്ല ഇന്ദുലേഖയെത്തന്നെയാണ് പറങ്ങോടി പരിണയം പരിഹാസ്യവിഷയമാക്കുന്നത് എന്ന് അദ്ദേഹം സമർഥിക്കുന്നു. ഇതിനുകാരണം ഇംഗ്ലീഷ് വിദ്യാഭ്യാസവും അതുണ്ടാക്കിയ സ്വതന്ത്രമനോഭാവവും സമൂഹത്തിൽ വരുന്ന പരിവർത്തനങ്ങളും ഇഷ്ടപ്പെടാത്ത അതിനോട് അസഹിഷ്ണുത പുലർത്തുന്ന ഒരു വിഭാഗം യാഥാസ്ഥിതികമനസ്സിന്റെ പ്രതിനിധിയാണ് രാമൻകുട്ടിമേനോൻ എന്ന് അദ്ദേഹം പറയുന്നു. ഏതായാലും നോവലിനെക്കുറിച്ചൊരു നോവൽ എന്ന നിലയിലും അക്കാലത്തെ സാമൂഹ്യസാംസ്കാരിക സംഘർഷങ്ങളെ പ്രതിഫലിപ്പിക്കുന്നു എന്ന നിലയിലും പ്രസക്തമാണ് പറങ്ങോടിപരിണയം. ഹാസ്യത്തിന്റെ ശരിയായ പ്രയോഗവും ഭാഷാശൈലിയുടെ തനിമയും ഒരു സാഹിത്യകൃതി എന്ന നിലയിൽ അംഗീകാരം നേടാൻ ഈ നോവലിനെ സഹായിച്ചിട്ടുണ്ട്. മാത്രമല്ല ഈ നോവലിനുശേഷം ഇന്ദുലേഖയുടെ ചുവടുപിടിച്ചുകൊണ്ടുള്ള നോവൽ രചനകൾ അവസാനിച്ചു എന്നത് ഒരു ആക്ഷേപഹാസ്യകൃതി എന്നനിലയിൽ വിജയംതന്നെയാണ് സൂചിപ്പിക്കുന്നത്.

കേരളവർമയുടെ ശാകുന്തളം തർജമയ്ക്കുശേഷം മലയാളത്തിൽ ധാരാളമായുണ്ടാകുന്ന നാടകരൂപങ്ങളുടെ നിലവാരത്തകർച്ചയാണ് അന്തപ്പായിയുടെ നാലുപേരിലൊരുത്തൻ അഥവാ നാടകാദ്യം കവിത്വം വിഷയമാക്കുന്നത്. അതുകൊണ്ടുതന്നെയാവാം ഇതിനെ പ്രഹസനം എന്ന നിലയിൽ പരിഗണിച്ചിരുന്നത്. ശീർഷകപത്രത്തിൽ ഒരു നാലധ്യായനോവൽ എന്ന് എഴുതിച്ചേർത്തിട്ടുള്ള കൃതിയെ പിൽക്കാലസാഹിത്യനോവലിന്റെ പട്ടികയിലേക്ക് സ്വീകരിച്ചിരിക്കുന്നു. നാടകാന്തം കവിത്വം എന്ന കലാമർമത്തെ കാറ്റിൽപ്പറത്തുന്ന നാടകവൈകൃതങ്ങളുടെ മർമം നോക്കി പ്രഹരിക്കുകയാണ് നോവൽ ചെയ്യുന്നത്. ഹാസ്യപ്രയോഗത്തിലെ ഔചിത്യവും ലാളിത്യവും സ്വാഭാവികതയും തന്നെയാണ് ഈ നോവലിന്റെയും മേന്മ. 19-ാം നൂറ്റാണ്ടിലെ നോവൽ ചരിത്രത്തിന് മോശമല്ലാത്ത ഒരു സംഭാവനയാണ് അന്തപ്പായിയുടേത്.

### സുകുമാരി

നോവൽ പഴമയിലെ അവസാനത്തെ നോവലാണ് സുകുമാരി. 1897ൽ പ്രകാശിതമായ ഈ കൃതിക്കുശേഷം 19-ാം നൂറ്റാണ്ടിൽ വേറൊരു നോവൽ കണ്ടെടുക്കപ്പെട്ടിട്ടില്ല. ഇന്ദുലേഖയ്ക്കുശേഷം വന്ന സ്ത്രീനാമധാരിയായ നോവൽ പരമ്പരകളിൽ നിന്ന് തികച്ചും വ്യത്യസ്തം എന്നുമാത്രമല്ല പറങ്ങോടിപരിണയത്തിനുശേഷം പുറത്തുവന്ന നോവൽ എന്നതും ഈ നോവലിനെ വ്യതിരിക്തമാക്കുന്നു. മദ്രാസ് ക്രിസ്ത്യൻകോളെജിലെ അധ്യാപകനായിരുന്ന ശ്രീ.ജോസഫ് മൂളിയിൽ ആണ് എഴുത്തുകാരൻ. ചരിത്രത്തെ ഉള്ളിൽവഹിക്കുന്ന ഒരു സാമൂഹികനോവൽ എന്നുവേണമെങ്കിൽ പറയാം. കാരണം വടക്കേമലബാറിൽ പ്രവർത്തിച്ചിരുന്ന ബാസൽമിഷൻ എന്ന ക്രിസ്തീയ സംഘടനയുടെ ചരിത്രമാണ്

നോവലിന്റെ പ്രമേയം. തീയ്യ സമുദായത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനംചെയ്ത രാമോട്ടിയാരുക്കളുടെ മകനും ബാസൽ അംഗവുമാണ് എഴുത്തുകാരൻ എന്നത് ചരിത്രത്തെ കൂടുതൽ സത്യസന്ധമാക്കുന്നു. ഇതിലുള്ള മിക്ക സംഗതികളും ഈ കഥയുടെ കാലത്ത് അവിടവിടെ ഓരോരിക്കൽ സംഭവിച്ചവയാകുന്നു എന്ന് ഗ്രന്ഥകാരൻ തന്റെ കൃതിയുടെ ചരിത്രപരതയെ സ്ഥിരീകരിക്കുന്നുമുണ്ട്. ഒരു സഭയുടെ പ്രവർത്തനങ്ങളെ ഇതിവൃത്തമാക്കുന്ന ആദ്യ നോവൽ എന്ന സ്ഥാനവും സുകുമാരിയ്ക്കായിരിക്കും. തന്റെ നോവലിനെക്കുറിച്ചും അതെഴുതാനിടയായ സാഹചര്യത്തെക്കുറിച്ചും മുഖവുരയിൽ പറയുന്നുണ്ട്. എഴുത്ത് എന്ന പ്രക്രിയയെ സൂക്ഷ്മമായും സമഗ്രമായും ഗ്രഹിച്ചിട്ടുള്ള ഒരു എഴുത്തുകാരനെ നമുക്ക് ദർശിക്കാൻ കഴിയും. ഇതിവൃത്തസ്വീകാരം മുതൽ വായനാസമൂഹം വരെയുള്ള എഴുത്തിന്റെ ഓരോ ഘട്ടങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ അദ്ദേഹം പുലർത്തുന്നുണ്ട്.

**ആഖ്യാനം/ചരിത്രപരത**

നോവൽ ആരംഭിക്കുന്നത് മലബാറിലെ ചില ക്ഷേത്രങ്ങളെക്കുറിച്ചും അവയ്ക്കുപിന്നിലെ ഐതിഹ്യങ്ങളെക്കുറിച്ചും പറഞ്ഞുകൊണ്ടാണ്. പ്രകൃതിയും സംസ്കാരവും ഇഴപിരിഞ്ഞുകിടക്കുന്ന ഈ ആഖ്യാനങ്ങളിലൂടെ ഇതൾവിരിഞ്ഞുവരുന്നത് ദേശചരിത്രം തന്നെയാണ്. പുതിയ ഒരു മതത്തിന്റെയും വിശ്വാസത്തിന്റെയും ഉദയത്തെക്കുറിച്ച് സംസാരിക്കാനുള്ള ഭൂമികകൂടിയാണ് ഈ ദേശചരിത്രം. കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണങ്ങളിലൂടെ തികച്ചും സംവാദാത്മകശൈലിയിലാണ് നോവൽ നിബന്ധിച്ചിരിക്കുന്നത്. നോവൽ കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗൗരവം ചോർന്നുപോകാതിരിക്കാൻ അത് സഹായിക്കുന്നുണ്ട്.

**കഥാപാത്രങ്ങൾ**

ഭാവനാസൃഷ്ടമായ കഥാപാത്രങ്ങൾക്കുപുറമേ ചരിത്രകഥാപാത്രങ്ങളുടെ പ്രതിനിധികളും നോവലിലുണ്ട്. ഹെർമൻഗുണ്ടർട്ട്, രാമോട്ടി ഗുരുക്കൾ (നോവലിസ്റ്റിന്റെ പിതാവ്) ഗുണ്ടർട്ട് മതപരിവർത്തനം ചെയ്യിച്ച മന്ദി എന്ന സ്ത്രീ എന്നിവർ നോവലിൽ മറ്റുപേരുകളിൽ പ്രത്യക്ഷപ്പെടുന്നു. സങ്കല്പകഥാപാത്രങ്ങളിൽ പലരും ടൈപ്പ്കഥാപാത്രങ്ങളാണെന്നുള്ളതും ശ്രദ്ധേയമാണ്. ചിരഞ്ജീവി, ജ്ഞാനംബരം, കരുണ, സത്യദാസൻ, തേജോപാലൻ എന്നീ പേരുകൾ കഥാപാത്രങ്ങളുടെ വ്യക്തിത്വത്തെക്കാളുപരി അവർ പ്രതിനിധാനം ചെയ്യുന്ന ആശയസംഹിതകളിലേക്ക് വിരൽചൂണ്ടുന്നത്. സഞ്ചാരിയുടെ പ്രയാണം എന്ന പുസ്തകത്തിനും നോവലിൽ പ്രധാനസ്ഥാനമുണ്ട്.

**ഭാഷ**

ഭാഷയുടെ സൂക്ഷ്മമായ പ്രയോഗം നോവലിന്റെ മറ്റൊരു സവിശേഷതയാണ്. പ്രതിപാത്രം ഭാഷണഭേദം എന്ന സി.വി.കൃതികളുടെ വിശേഷണം ഏറെക്കുറെ ഈ നോവലിനും ചേരും. ഉപദേശികളുടെ ഭാഷ, പരിഷ്ക്കാരികളുടെ ഭാഷ, ഹിന്ദുവിന്റെ ഭാഷ, മുസ്ലീമിന്റെ ഭാഷ, ക്രിസ്ത്യാനിയുടെ ഭാഷ, പോർട്ടുഗീസുകാരന്റെ ഭാഷ ഇങ്ങനെ ഭാഷാസ്വത്വത്തിനുദാഹരണങ്ങൾ നോവലിൽ വേണ്ടുവോളമുണ്ട്. ഭാഷയെക്കുറിച്ചുള്ള ചർച്ചയും വാക്കിലെ സമൂഹത്തെക്കുറിച്ചുള്ള അന്വേഷണവും കാണാം. നോവലിലെ കേന്ദ്രകഥാപാത്രമായ സുകുമാരിയും സത്യദാസനും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക. നന്ദിയെ സൂചിപ്പിക്കാൻ മലയാളഭാഷയിൽ ഒരു പ്രത്യേകവാക്കില്ല എന്ന് നോവൽ പറയുന്നു. മനുഷ്യരുടെ ആശയവിനിമയത്തിൽ ഭാഷയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ചും സൂചനയുണ്ട്.

ഗൗരവമായ ആഖ്യാനത്തോടൊപ്പം ഹാസ്യവും നോവൽ കൈകാര്യം ചെയ്യുന്നു. 12-ാം അധ്യായത്തിൽ രത്നസ്വാമിയും കരുണയുടെ സന്ദർശകനും തമ്മിലുള്ള സംഭാഷണം എഴുത്തുകാരന്റെ ഫലിതബോധത്തെമാത്രമല്ല ആഖ്യാനത്തിന്റെ പരീക്ഷണാത്മകതയെക്കൂടിയാണ് വെളിവാക്കുന്നത്.

എടോ. നിന്നെ ഇവരുടെ അടുക്കൽ അയച്ചത് ആരാകുന്നു?

എന്റെ യജമാനൻ.

നിന്റെ യജമാനൻ ആരാകുന്നു?

അയാളുടെ അച്ഛന്റെ മകൻ.

അഹംഭാവി നീ ആരോടാണ് ഈ തോന്നിവാസം പറയുന്നതെന്നറിയുമോ?

അറിയും

അറിയുമെങ്കിൽ ഞാനാരാണ്?

നിങ്ങളുടെ അച്ഛന്റെ മകൻ.

ഇത് ഹാസ്യം സൃഷ്ടിക്കാനുള്ള എഴുത്താണെങ്കിലും തികച്ചും ഉത്തരാധുനികമായ ആഖ്യാനമാതൃകയോട് ഇതിനുള്ള സാദൃശ്യം തള്ളിക്കളയാനാവില്ല. (എം.മുകുന്ദന്റെ ആദിത്യനും രാധയും മറ്റുചിലരും എന്ന നോവലിലെ ഒരു ചോദ്യോത്തരവേള:

പേര്?

ആദിത്യൻ

അച്ഛന്റെ പേര്?

ആദിത്യന്റെ അച്ഛൻ. എന്നിങ്ങനെയാണ്).

**മനുഷ്യസങ്കല്പം**

സംഭാഷണം ഇങ്ങനെ തുടരുമ്പോൾ നോവലിസ്റ്റിന്റെ മനുഷ്യസങ്കല്പവും അനാവൃതമാകുന്നു. ഞാൻ രണ്ടുജാതിമാത്രമേ അറിയൂ - ആൺജാതിയും പെൺജാതിയും.... എന്ന പരാമർശം നവോത്ഥാനകാലത്തെ ഹ്യൂമനിസ്റ്റ് മനുഷ്യസങ്കല്പം തന്നെയാണ്.

**ബാസൽമിഷന്റെ പ്രവർത്തനങ്ങൾ**

നവോത്ഥാനാശയങ്ങളുടെ പ്രചാരകരായിത്തന്നെയാണ് ബാസൽമിഷന്റെ പ്രവർത്തനങ്ങളും. വിദ്യാഭ്യാസസ്ഥാപനങ്ങൾ, അനാഥമന്ദിരങ്ങൾ, വിധവാമന്ദിരങ്ങൾ എന്നിവയുടെ സ്ഥാപനം, പൊതുവിദ്യാഭ്യാസം, സ്ത്രീവിദ്യാഭ്യാസം, വിധവാസംരക്ഷണം, അനാഥർക്ക് ആശ്രയം നൽകൽ തുടങ്ങിയ ഹ്യൂമനിസ്റ്റ് ആശയങ്ങളുടെ പ്രയോഗവൽക്കരണം തന്നെയാണ് മാതൃകാസമൂഹം, ആദർശകുടുംബം എന്നിവയും ലക്ഷ്യമാക്കപ്പെടുന്നു. മനുഷ്യരുടെ എല്ലാ ജീവൽപ്രശ്നങ്ങൾക്കും ആത്മീയപ്രശ്നങ്ങൾക്കും പരിഹാരമായി ക്രിസ്തുവിലുള്ള വിശ്വാസം, ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനവും നിർദ്ദേശിക്കപ്പെടുന്നുമുണ്ട്. മിഷന്റെ ഇത്തരം പ്രവർത്തനങ്ങൾ അത്രമേൽ സുഗമമായിരുന്നില്ല എന്നതിന്റെ സൂചനയും നോവലിനുണ്ട്. ഒരു ചാലിയത്തി മതം മാറാൻ വന്നതിനെത്തുടർന്നു

ണ്ടായ ലഹളയെക്കുറിച്ച് സുകുമാരി സത്യദാസനെഴുതിയ കത്തിൽ സൂചിപ്പിക്കുന്നത് ഇതിനു തെളിവാണ്.

**സ്ത്രീ, കുടുംബം, സമൂഹം**

ബാസൽമിഷൻ നടത്തുന്ന അനാഥശാലയെക്കുറിച്ചു പെൺപള്ളിക്കൂടത്തെക്കുറിച്ചുമുള്ള വിവരണത്തിനിടയിൽ സ്ത്രീ, കുടുംബം, സമൂഹം എന്നിവയെക്കുറിച്ചുള്ള ആദർശ/മാതൃകാസങ്കല്പം പുലർത്തുന്നതായി കാണാം. അനാഥശാലയിലെ കഠിനവും ക്രൂരവുമായ ചിട്ടവട്ടങ്ങൾ പോലും ന്യായീകരിക്കുന്നത് ഈ ലക്ഷ്യസാധ്യത്തിനുവേണ്ടിയുള്ള ആരോഗ്യകരമായ പരിശീലനം എന്നനിലയിലാണ്. നമ്മുടെ സമുദായത്തിൽ നല്ലകുട്ടികളും നല്ല സ്ത്രീകളും നല്ല പുരുഷന്മാരും ഉണ്ടായിവരേണമെങ്കിൽ അതിന് ഇപ്പോൾ അടിസ്ഥാനമിടേണ്ടത് ഈ ശാലയിലാകുന്നു. ആഖ്യാനത്തിന്റെ സൗന്ദര്യാത്മകതയെ നഷ്ടപ്പെടുത്തിക്കൊണ്ടുതന്നെ പാഠശാലയെക്കുറിച്ചും അവിടത്തെ പാഠ്യപദ്ധതിയെക്കുറിച്ചും വിശദമായിത്തന്നെ പ്രതിപാദിക്കുന്നുണ്ട്. ആധുനിക വിദ്യാഭ്യാസത്തിന്റെ മാതൃകയാണത്. സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചും നോവലിൽ വ്യക്തമായ ധാരണയുണ്ട്. വിക്ടോറിയൻ സങ്കല്പത്തിലെ സ്ത്രീമാതൃകയാണ് വിഭാവനം ചെയ്യുന്നത്. അതിനുഭംഗം വന്നാലുണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ആശങ്കപ്പെടുന്നുണ്ട്. എന്നാൽ ക്രിസ്ത്യൻ സ്ത്രീ ഹീനയെന്നും പുരുഷൻ ശ്രേഷ്ഠൻ എന്നുമുള്ള വ്യത്യാസമില്ല. ഇരുവരുടെ ആത്മാവും ഒരുപോലെ വിലയുള്ളതാകുന്നു എന്ന സ്ത്രീപുരുഷസമഭാവനയും പുലർത്തുന്നു.

ഉത്തമകുടുംബസങ്കല്പവും നോവൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. ക്രിസ്തീയമായ മൂല്യങ്ങളോടൊപ്പം ഭർതൃശുശ്രൂഷ ഹിന്ദുക്കളുടെ ഇടയിൽ സ്ത്രീകൾക്ക് പ്രധാനധർമമാണല്ലോ. ക്രിസ്ത്യാനികൾ ഈ സമ്പ്രദായം ഉപേക്ഷിക്കേണ്ടുന്ന ആവശ്യമില്ല എന്നിങ്ങനെ പ്രാദേശികമായ മൂല്യബോധത്തെ സ്വാംശീകരിക്കാനും ശ്രമിക്കുന്നു. കുടുംബത്തിനകത്തെ ബലതന്ത്രങ്ങളിൽ അധികാരബന്ധങ്ങളെക്കാൾ പരസ്പരാശ്രയത്വത്തിന് മുൻതൂക്കം കൊടുക്കുന്നു എന്നതും പ്രാധാന്യത്തോടെ കാണേണ്ടതാണ്. ബന്ധങ്ങളിലെ ബന്ധനങ്ങളെ ഭദ്രതയ്ക്കുവേണ്ടി അനുഷ്ഠിക്കേണ്ട അനുശീലനങ്ങളായി കാണാനുള്ള ഉപദേശമാണുള്ളത്.

ഉടലെടുത്ത നരന്മാർക്കൊന്നു
പോലേവർക്കും ഭോജ്യ-
മിടരറ്റുപിതൃപൈതാമഹസ
മ്പ്രാപ്തം
ഇടമിതിഹലോകത്തിൽ പരമാവ
ധിയാണൊരു
ചൂടുകാണാഞ്ഞുചൊല്ലാതറി
യാമല്ലോ.

**ജീവിതദർശനം**

ബാഹ്യജീവിതത്തെക്കുറിച്ചും ആത്മീയജീവിതത്തെക്കുറിച്ചും വ്യക്തമായ ഒരു നിലപാട് നോവലിനുണ്ട്. ചതിയും വഞ്ചനയും അഴിമതിയുമില്ലാത്ത സമൂഹവും വിദ്യയും വൃത്തിയും മൂല്യവുമുള്ള മനുഷ്യൻ, സ്വാർഥതയും വിദ്വേഷവും തീണ്ടാത്ത സ്നേഹബന്ധങ്ങൾ, പരസ്പരാശ്രിതമായ സ്ത്രീപുരുഷബന്ധങ്ങൾ ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ മതബോധം ഇവയെല്ലാമാണ് നോവലിൽ നിന്ന് കണ്ടെടുക്കാവുന്ന ജീവിതഭദ്രതയ്ക്കുവേണ്ടിയുള്ള ഘടകങ്ങൾ.

ജീവിതത്തെക്കുറിച്ചുമാത്രമല്ല മരണത്തെക്കുറിച്ചും വ്യക്തമായ ദർശനമുണ്ട്. ശ്മശാനത്തെ പ്രത്യാശയുടെയും സന്തോഷത്തിന്റെയും ഇരിപ്പിടമായാണ് കാണുന്നത്. എല്ലാവരും എത്തിച്ചേരേണ്ട ഇടവുമാണത്. മാത്രമല്ല മരണത്തെയല്ല ജീവിതത്തെയാണ് ഭയപ്പെടേണ്ടത് എന്നൊരു വീക്ഷണവുമുണ്ട്. ജീവിതശുദ്ധി കാത്തുസൂക്ഷിക്കുന്നവർ മരണത്തിൽ ഭയപ്പെടേണ്ടതില്ല എന്ന സന്ദേശമാണ് പരമശാന്തമായ ഒരു മരണത്തെവർണിച്ചുകൊണ്ട് (തേജോപാലന്റെ മരണം) നോവലിസ്റ്റ് പറയാൻ ശ്രമിക്കുന്നത്. ഒരിലയടരുന്നതുപോലെ എന്ന ആരോഗ്യനികേതനത്തിലെ മരണദർശനത്തിന് സമാനമാണിത്.

സമഗ്രമായ ഈ ജീവിതവീക്ഷണംതന്നെയാണ് മറ്റെല്ലാത്തിലുമുപരി ഈ നോവലിനെ അനന്യമാക്കുന്നത്. നോവൽശില്പം എന്ന നിലയിലുള്ള കരുത്തുകുറവു പ്രകടിപ്പിക്കുമ്പോഴും പലതരം വായനയുടെ വലിയസാധ്യതകൾ ഈ നോവൽ തുറന്നിടുന്നുണ്ട്. വായനകളാണല്ലോ ഒരു കൃതിയെ ജീവിപ്പിക്കുന്നതും.

**ഉപസംഹാരം**

19-ാം നൂറ്റാണ്ടിലെ മലയാളനോവൽ സുകുമാരിയിൽ അവസാനിക്കുന്നുവെങ്കിലും ഇവിടെ പരാമർശിക്കാതെ പോയ ചില കൃതികളെക്കുറിച്ചുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ പ്രബന്ധം അവസാനിപ്പിക്കാമെന്നു കരുതുന്നു.

1. സഞ്ചാരിയുടെ പ്രയാണം - റവ. സി.മുള്ളർ (പിൽഗ്രിംസ് പ്രോഗ്രസിന്റെ (ജോൺ ബന്യൻ) വിവർത്തനം.
2. ഭാഷാശാകുന്തളം - ആയില്യം തിരുനാൾ രാമവർമ (1850-60) കാളിദാസശാകുന്തളത്തിന്റെ ഗദ്യവിവർത്തനം.
3. മീനകേതനൻ (മീനകേതനചരിതം) - ആയില്യം തിരുനാൾ (1850-60) അറബിക്കഥയെ ഉപജീവിച്ചെഴുതിയ ഗദ്യകഥ.
4. തിരുപ്പോരാട്ടം - ആർച്ച്ഡീക്കൻ കോശി 1865 ജോൺബന്യന്റെ ഹോളിവാറിന്റെ തർജ്ജമ.
5. ആൾമാറാട്ടം - കല്ലൂർ ഉമ്മൻ ഫിലിപ്പോസ് 1866 (ഷേക്സ്പിയറുടെ കോമഡി ഓഫ് എറേഴ്സിന്റെ ഗദ്യവിവർത്തനം).
6. കാമാക്ഷീചരിതം - കെ.ചിദംബരവാധ്യാർ 1880-5 (മേരി ചാൾസ്ലാമ്പിന്റെ ആസ് യു ലൈക്ക് ഇറ്റ് സംഗ്രഹത്തിന്റെ തർജ്ജമ.
7. വർഷകാലകഥ - കെ.ചിദംബരവാധ്യാർ 1880-5 (വിന്റേഴ്സ് ടെയിലിന്റെ തർജ്ജമ).
8. പദ്മിനിയും കരുണയും - അജ്ഞാതകർതൃകം 1884 (കാതറിൻ ഹന്നാ മുല്ലൻസിന്റെ ഫുൾമണി ആന്റ് കരുണയുടെ തർജ്ജമ).

ഈ കൃതികളെ വിവർത്തനകൃതികളാണെങ്കിലും മലയാളനോവലിന്റെ പ്രാഗ്രൂപമായി ഡോ.ജോർജ് ഇരുമ്പയം പരിഗണിക്കുന്നുണ്ട്. എങ്കിലും ഇനിയും വേണ്ടത്ര നിരൂപകശ്രദ്ധ പതിഞ്ഞിട്ടില്ലാത്ത കൃതികളാണവ. വായന ഇവയ്ക്കും ആവശ്യമാണ്.



# പ്രദീപന്റെ അമ്മ



അശോകൻ ചരുവിൽ

പ്രദീപൻ എന്ന യുവാവിനെ ഓർക്കുമ്പോഴെല്ലാം മനുഷ്യബന്ധങ്ങളെപ്പറ്റിയും അതിന്റെ നാനാർത്ഥങ്ങളെക്കുറിച്ചും ഞാൻ ആലോചിക്കും. ജലാശയങ്ങൾ പോലെയാണത്. പുറമേ കാണുന്ന പോലെയല്ല. അഗാധമായ കയങ്ങളിൽ ശക്തമായ അടിയൊഴുക്കുണ്ടായിരിക്കും. യാഥാർത്ഥ്യത്തിന്റെ മറുപുറം കാണുമ്പോൾ നമ്മൾ അമ്പരന്നു പോകും. പ്രദീപനേയും അവന്റെ അമ്മയേയും എന്നാണ് ആദ്യം കണ്ടത്? എന്റെ ചെറുപ്പത്തിൽ എന്നുവെച്ചാൽ കൗമാരം കഴിഞ്ഞ് യൗവ്വനത്തിലേക്ക് കടന്ന കാലത്തു തന്നെ ഞാനവരെ കാണുന്നുണ്ട്. ഏതാണ്ട് മുപ്പതു വർഷങ്ങൾക്കു മുമ്പ്. പൈങ്കണി ക്ഷേത്രത്തിനടുത്ത് ഞങ്ങളുടെ അയൽപക്കത്ത് അവർ താമസത്തിനെത്തിയതു മുതൽ.

ഞങ്ങളുടെ തൊട്ടു വടക്കുള്ള വീട്ടിൽ സ്ഥിരമായി ആൾപാർപ്പുണ്ടായിരുന്നില്ല. അനാഥമായ ആ വീടും തൊടിയും ഞങ്ങൾ കുട്ടികളുടെ കളിസ്ഥലമായിരുന്നു. ഞാൻ തീരെ ചെറുതായിരുന്ന കാലത്ത് പടിക്കലെ മാളുവമ്മ എന്നൊരു വൃദ്ധ അവിടെ ഒറ്റക്കു താമസിച്ചിരുന്നു. മാളുവമ്മക്ക് വല്ലാതെ കേൾവിക്കുറവുണ്ട്. മെലിഞ്ഞ ശരീരവും വെൺചാമരം പോലെ നരച്ച മുടിയുമുള്ള അവർ സദാ സമയവും തന്റെ പറമ്പ് അടിച്ചു വാരിക്കൊണ്ടിരിക്കും. അപ്പോഴൊക്കെ അജ്ഞാതനായ ആരോടോ അവർ ഉച്ചത്തിൽ സംസാരിച്ചിരുന്നു:

കുട്ടിനാരായണൻ കൽക്കത്തേന്ന് ബോംബെക്ക് ചെന്നപ്പൊ നാനിക്കുട്ടി ശീമക്കു പോയി. കുട്ടിനാരാണനെന്താ കൊമ്പുണ്ടോന്നാണ് നാനിക്കുട്ടി ചോയ്ക്കണത്. ഇന്റെ ചെക്കന് കൊമ്പും തുമ്പിക്കയ്യും ഒന്നൂല്യ. ന്നാലൊരു വാലുണ്ടേ. (ചിരിക്കുന്നു) ഇപ്പഴത്തെ പരിഷ്കാരണ്ടല്ലോ. ജമ്പറിന്റെ അടീലിടണ കച്ച. അതൊക്കെ ഇട്ടട്ടാ നാനിക്കുട്ടി ശീമക്കു പോയത്. കപ്പലില് നാലാഴ്ച്ചത്തെ യാത്ര. എന്താ സ്ഥിതി? കൊടുങ്കാറ്റും പേമാരീം. ധീരയാണ് കപ്പലോട്ടിക്കണ്. അയാക്കുണ്ടോ പേടി? ധീരമാരുക്ക് പേടീല്ലല്ലോ. ഗുരുവായൂരുക്ക് പൂവ്വുമ്പൊ ചേറ്റുവാ കായലിലെ വഞ്ചീക്കാണ് ചാഞ്ചാട്ടം. ധിക്കത്തരികിട ധിക്കത്തെയ്ന്നാണ്. (ചിരി) എത്ര കാലായി ഞാൻ ഗുരുവായൂരുക്ക് പോയിറ്റ്.

അതങ്ങനെ അനന്തമായി നീളും. തന്റെ വീട്ടു പരിസരത്തോ പറമ്പിലോ ക

യറാൻ മാളുവമ്മ ആരെയും അനുവദിച്ചിരുന്നില്ല. സ്കൂളിൽ പോകുന്ന കുട്ടികൾക്ക് ആ പറമ്പ് ഒരു എളുപ്പവഴിയായിരുന്നു. പാത്തും പതുങ്ങിയും അവർ അത് മുറിച്ചു കടക്കും. അവർ ഉറക്കെ വിളിച്ചു ചോദിക്കും:

നാനിക്കുട്ടി ശീമേന്ന് വന്നോ മാളുമ്മേ?

മാളുവമ്മക്ക് കേൾക്കില്ലെന്ന ധൈര്യത്തിലാണ് ചോദിക്കുന്നത്. കൺവെട്ടത്ത് കണ്ടാൽ അവർ ചൂലുംകൊണ്ട് പിറകേ ഓടും.

നശ്ശൂലങ്ങള്. അല്പായുസ്സായിപ്പോട്ടെ.

പക്ഷേ എന്നെ അവർക്ക് ചെറിയൊരു ഇഷ്ടമുണ്ടായിരുന്നു എന്നു തോന്നുന്നു. ഏകാദശിക്ക് ശർക്കര ചേർത്ത അട പുഴുങ്ങുമ്പോൾ എന്നെ വിളിക്കും. ഗോതമ്പിന്റെ അടയാണ്. എന്നെ തിണ്ണയിലിരുത്തി ഓട്ടുകിണ്ണത്തിൽ അട വെക്കും. എന്നിട്ടു പറയും:

മുഴ്വേനും തിന്നണംട്ടോ. കുറുമ്പൊന്നും കാട്ടാമ്പാടില്ല.

അടയുടെ മധുരം ഓർമ്മയിലുണ്ട്. അവരുടെ മക്കൾ അകലെയെങ്ങോ ആയിരിക്കണം. അവർ വരുന്നതോ പോകുന്നതോ കണ്ടതായി ഓർക്കുന്നില്ല. മാളുവമ്മ എന്നാണ് അവിടം വിട്ടു പോയതെന്നും നിശ്ചയമില്ല. മരിച്ചോ അതോ മക്കൾ വന്നു കൊണ്ടു പോയോ? പിന്നീട് അതൊരു വാടകവീടായി മാറി. രജിസ്ട്രർ കച്ചേരിയിലെ ഗുമസ്തന്മാർ ചിലരൊക്കെ ഇടക്കു താമസിക്കാറുണ്ട്. പക്ഷേ മിക്കപ്പോഴും പൂട്ടിക്കിടക്കുകയാണ് പതിവ്.

കാലം കുറെ കഴിഞ്ഞാണ് പ്രദീപനും അവന്റെ അമ്മയും ആ വീട് വാങ്ങി താമസമാക്കിയത്. വീടും പറമ്പും നോക്കാനായി ആ സ്ത്രീ വന്നപ്പോൾ അവർക്കൊപ്പം ഒരു മധ്യവയസ്കൻ ഉണ്ടായിരുന്നു. ർത്താവാകുമെന്ന് ചിലരൊക്കെ കരുതി. പക്ഷേ അയാൾ ആപ്പീസിലെ സഹപ്രവർത്തകനായിരുന്നു. തൊട്ടു മേലെയുള്ള ഏതോ ഒരുവക ആപ്പീസർ. ഗൃഹപ്രവേശനത്തിന്റെ ദിവസവും അവരെ സഹായിച്ചുകൊണ്ട് ആദ്യാവസാനം അയാൾ ഉണ്ടായിരുന്നു. അന്നാണ് പ്രദീപൻ ആദ്യം വന്നത്. പത്തോ പന്ത്രണ്ടോ വയസ്സുള്ള ഒരു കുട്ടി. എട്ടാംക്ലാസിലായിരുന്നു പഠിച്ചിരുന്നത്. അതെനിക്ക് കൃത്യമായി ഓർമ്മയുണ്ട്. സെന്റ് സേവിയേഴ്സ് സ്കൂളിൽ അവനെ ചേർക്കുന്നതിന് ഞാൻ സഹായിച്ചിരുന്നു.

പ്രദീപനുമായി ചില സ്നേഹബന്ധങ്ങൾ എനിക്കുണ്ടായിരുന്നു. അന്വേഷണശീലവും ആകാംക്ഷ കലർന്ന മുഖ ാവവും ഉള്ളതുകൊണ്ട് അടുത്തറിയുന്ന ആർക്കും അവനെ ഇഷ്ടപ്പെടും. പഠനവുമായി ബന്ധപ്പെട്ട് ചില സഹായങ്ങൾ അവനു നൽകാൻ എനിക്കു കഴിഞ്ഞു. ഞാൻ അന്ന് പുന്നച്ചോട്ടിലെ കേംബ്രിഡ്ജ് സ്റ്റഡി സെന്ററിൽ പത്താംതരം തോറ്റ കുട്ടികളെ ഇംഗ്ലീഷും ചരിത്രവും പഠിപ്പിക്കുന്നുണ്ട്. പ്രദീപനു വായിക്കാൻ താല്പര്യമുണ്ടായിരുന്നു. ഒഴിവു കിട്ടുമ്പോഴെല്ലാം അവൻ വീട്ടിൽ വന്ന് പുസ്തകമോ വാരികയോ എടുത്തു വായിക്കും. വീട്ടു വിശേഷങ്ങൾ അവൻ പറഞ്ഞാണ് ഞങ്ങൾ അറിഞ്ഞത്. അച്ഛൻ മരിച്ചിട്ട് ആശ്രിത നിയമനം വഴിയാണ് അമ്മക്ക് ജോലി കിട്ടിയത്. അച്ഛന്റെ രോഗചികിത്സക്കും മറ്റുമായി കുറേയധികം പണം ചെലവഴിക്കേണ്ടി വന്നു. പട്ടണപ്രാന്തത്തിലെ അവരുടെ വീട് വിറ്റു. അമ്മക്ക് ബന്ധുക്കളെന്നു പറയാൻ അങ്ങനെ ആരുമില്ല. ആരുടെയൊക്കെയോ സഹായം കൊണ്ടാണ് ഇവിടെ വീടും പറമ്പും വാങ്ങിച്ചത്.

കൃഷ്ണേട്ടൻ എന്ന് അവൻ വിളിക്കുന്ന അവന്റെ അമ്മയുടെ ആപ്പീസറാണ് ഇവിടത്തെ സ്ഥലം അന്വേഷിച്ച് കണ്ടുപിടിച്ച് വാങ്ങുന്നതിന് അവരെ സഹായിച്ചത്. അച്ഛന്റെ പ്രായമുള്ളയാളെ കൃഷ്ണേട്ടൻ എന്നു വിളിക്കുന്നതെന്താണെന്ന് ഞങ്ങൾ ചോദിച്ചു. അവൻ പറഞ്ഞു:

എല്ലാരും അങ്ങോരെ അങ്ങന്യാ വിളിക്ക്യാ. എന്റെ അമ്മേം അങ്ങന്യാ വിളിക്ക്യ. ആപ്പീസിലും ആരും സാറെന്ന് വിളിക്കണത് ആൾക്കിഷ്ടല്യ. കൃഷ്ണേട്ടൻ എന്നു വിളിക്കണം.

കൃഷ്ണേട്ടനെപ്പറ്റി പ്രദീപൻ ഇടക്കിടെ പറയും. എല്ലാവരോടും അദ്ദേഹത്തിനു സ്നേഹമാണ്. ആപ്പീസിലായാലും നാട്ടിലായാലും ആർക്ക് എന്തു ബുദ്ധിമുട്ടുണ്ടായാലും കൈമെയ് മറന്ന് കൃഷ്ണേട്ടൻ ഇടപെടും. ഒരാൾക്കുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടാൽ പിന്നെ വീടെന്നോ ആപ്പീസെന്നോ ചിന്തയില്ല. കാര്യം നടന്നു കഴിഞ്ഞാലേ തിരിച്ചു വരൂ. പട്ടണത്തിൽ വെച്ച് നിത്യവും തന്റെ സൈക്കളിന്റെ പിറകിലിരുത്തിയാണ് അദ്ദേഹം പ്രദീപനെ സ്കൂളിൽ കൊണ്ടു പോയിരുന്നത്. സ്കൂളിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ കൃഷ്ണേട്ടനാണ് ഓടി വരിക. പ്രദീപൻ കൃഷ്ണേട്ടന്റെ വീട്ടിൽ പോയിട്ടുണ്ട്. രണ്ടു ചെറിയ പെൺമക്കളാണ് അദ്ദേഹത്തിന്. ചിന്നു എന്നും മിന്നു എന്നും വിളിക്കും. മിന്നു യങ്കര വാചകമാണ്. ബി.ബി.സി. എന്ന് എല്ലാവരും വിളിക്കും.

ഈ കൃഷ്ണേട്ടനെ ഇടക്കു വല്ലപ്പോഴും ഞാൻ കാണാറുണ്ട്. ഞങ്ങളുടെ ഇടവഴിയിൽ വെച്ചാണ് കാണുക. ഉയരംകുറഞ്ഞ് തെല്ല് തടിച്ച മനുഷ്യനാണ്. കുടവയറും കഷണ്ടിയുമുണ്ട്. അന്നത്തെ മട്ടിലുള്ള കരമീശ തെല്ലു നരച്ചു തുടങ്ങിയിരുന്നു. ഒരു കറുത്ത ഹാന്റ് ബാഗ് കക്ഷത്തിലിറുക്കിയാണ് വരിക. എതിരെ കണ്ടുമുട്ടുമ്പോഴൊക്കെ ഒന്നു ചിരിക്കും. മാർക്കറ്റിൽ ബസ്സിറങ്ങിയാൽ ഞങ്ങളുടെ പ്രദേശത്തേക്ക് മൂന്നു മൈൽ നടക്കണം. അതുകൊണ്ട് ഞാൻ കാണുമ്പോഴൊക്കെ അദ്ദേഹം വല്ലാതെ കിതച്ചിരുന്നു.

പ്രദീപൻ പത്താംക്ലാസു പാസ്സായ സമയം. അവനന്ന് ഫസ്റ്റ് ക്ലാസുണ്ടായിരുന്നു. അവനെ കോളേജിൽ ചേർക്കുന്നതു സംബന്ധിച്ച് അമ്മ എന്റെ അടുത്തു വന്നു സംസാരിച്ചു. ഞങ്ങളുടെ അടുത്ത് നാട്ടികയിലാണ് അന്ന് കോളേജുള്ളത്. രണ്ടു ബസ്സു മാറിക്കയറി വേണം എത്താൻ.

ഏത് ഗ്രൂപ്പ് എടുക്കുന്നതാണ് മാഷെ ജോലി കിട്ടാനൊക്കെ ഇപ്പൊ നല്ലത്?

അവർ ചോദിച്ചു.

ഞാൻ പറഞ്ഞു:

ജോലീടെ കാര്യൊന്നും ഇപ്പൊ ആലോചിക്കണ്ട. അവന് താൽപ്പര്യൊള്ളത് പഠിക്കട്ടെ. വായിക്കാൻ അവനു നല്ല ഇഷ്ടണ്ട്. പിന്നെ ലോക കാര്യത്തിലൊക്കെ കൊറച്ചൊരു താല്പര്യം കാണാനുണ്ട്. അപ്പൊ തേഡ് ഗ്രൂപ്പെടുത്ത് ഹിസ്റ്ററീം എക്കണോമിക്സും പഠിക്കട്ടെ. പിന്നെ ഡിഗ്രീടെ കാലാവുമ്പൊ വേണംച്ചാൽ ലാംഗേജോ ലിറ്ററേച്ചറോ നോക്കാലോ. അവൻ പഠിച്ചു വരണ കാലാവുമ്പഴക്കും ഏതിനാ സ്കോപ്പുണ്ടാവ്വാന്ന് ഇപ്പൊ നമ്മക്ക് ഊഹിക്കാൻ പറ്റില്ല. അനുദിനം കീഴ്മേൽ മറിയണ ലോ

കാണ്.

അവർ പറഞ്ഞു:

അതു ശര്യാണ്. ഞാൻ പഠിച്ചത് ബോട്ടണ്യാണ്. അന്ന് എത്രമാത്രം മരങ്ങളെ അന്വേഷിച്ചു നടന്നു. എത്രയെത്ര എലകള് ശേഖരിച്ച് റെക്കാർഡു ബുക്കിൽ ഒട്ടിച്ചു വെച്ചു. ഇപ്പൊ ഒന്നിന്റേം പേര് ഓർമ്മേല്യ. പഴയ ഫയലു നോക്കി പുത്യ ഫയലില് നോട്ടു പകർത്തി എഴുതാണ് ഇപ്പൊ. പഠിച്ചതൊക്കെ പാഴായി. ജീവിതത്തിന്റെ വഴി എന്താ ഏതാന്ന് ആരുക്കാ നിശ്ച്യം? ന്നാലും ഒരു ആകാംഷ. ഇനിക്കെന്തെങ്കിലും സംഭവിക്കണേലു മുമ്പ് അവനൊരു കര പറ്റീരുന്നെങ്കില് എന്നൊരു ആഗ്രഹം.

ഞാനൊന്നും പറഞ്ഞില്ല. അവരെ നോക്കി. ഇത്ര കാലത്തിനിടക്ക് അവരുടെ മുഖം കാണുന്നത് ഇപ്പോഴാണ്. കണ്ണിനു ചുറ്റും നേരിയ കരുവാളിപ്പുണ്ടെങ്കിലും സാമാന്യം സുന്ദരിയാണ് അവർ. മുൻവരിയിലെ അറ്റം പൊട്ടിയ പല്ല് അവരുടെ ചിരിക്ക് തെല്ല് ആകർഷകത്വം ഉണ്ടാക്കി. വല്ലാതെ മെലിഞ്ഞിട്ടാണ്. ജാക്കറ്റിന്റെ മേലെ തോളെല്ലുകൾ തെളിഞ്ഞു കാണാം.

ഫോറം മേടിച്ചിട്ടുണ്ട്. അപേക്ഷ തിങ്കളാഴ്ച കൊടുക്കണന്നാണ് അവൻ പറഞ്ഞത്.

അവർ പറഞ്ഞു.

പക്ഷേ പ്രദീപൻ കോളേജിൽ ചേർന്നില്ല. അതിനിടെയാണ് ചില അത്യാഹിതങ്ങൾ ഉണ്ടായത്. ഓർക്കുമ്പോൾ വല്ലാത്ത ജാള്യം തോന്നുന്നു. മഴക്കാലമാണ്. ജൂൺ മാസം ആയിരിക്കും. പകൽ മുഴുവൻ തിമർത്തു പെയ്തശേഷം രാത്രിയിൽ മഴ ഒന്നു പിൻവാങ്ങിയിരുന്നു. ഏതാണ്ട് പത്തുമണി കഴിഞ്ഞിരിക്കും. ഞാൻ ഉമ്മറത്തിരുന്ന് എന്തോ വായിക്കുകയായിരുന്നു. പുറത്തെന്തോ അനക്കം കേട്ടു. ഒന്നു ശ്രദ്ധിച്ചെങ്കിലും അത് അവഗണിച്ച് വായന തുടർന്നു. വീണ്ടും ശബ്ദം. ഗ്രില്ലിന്റെ അഴികളിലൂടെ നോക്കുമ്പോൾ പ്രദീപൻ മുറ്റത്തു നിൽക്കുന്നു. അവൻ നനഞ്ഞിട്ടുണ്ട്. ഞാൻ എഴുന്നേറ്റ് ഉമ്മറവാതിൽ തുറന്നു. ആശ്ചര്യപ്പെട്ടു ചോദിച്ചു:

എന്താ പ്രദീപാ?

അവൻ മിണ്ടിയില്ല. ഏന്തോ പറയണമെന്നുണ്ട്. പറയാൻ കഴിയാത്തതിന്റെ വീർപ്പുമുട്ടൽ കൊണ്ട് അവന്റെ മുഖം ചുവന്നു. തെല്ലു കഴിഞ്ഞ് ഞാൻ പറഞ്ഞു:

അകത്തേക്കു കയറൂ.

കസേരയിലിരുന്ന് അവൻ എന്നെ നോക്കി. എന്നെ നോക്കി പഠിക്കുകയാണോ എന്നൊരു സംശയം തോന്നി. അവൻ പറഞ്ഞു:

അയാള് അവടെ ഉണ്ട്.

ആര്?

ആ കൃഷ്ണേട്ടൻ.

ഞാൻ പെട്ടെന്ന് നിശ്ശബ്ദനായി. സിനിമാ ദൃശ്യങ്ങളിൽ മാത്രം കാണുന്ന പോലെ പ്രദീപന് അടിക്കടി പ്രായം വർദ്ധിക്കുന്നതായി എനിക്കു തോന്നി. അവന്റെ ശബ്ദവും വല്ലാതെ മാറിയിരുന്നു. മുൻപൊരിക്കലും കാണാത്ത മട്ടിലുള്ള ഗൗരവം. കിതപ്പടക്കിക്കൊണ്ട് അവൻ പറഞ്ഞു:

അയാൾ അവടന്നു പോണം.

ജീവിതത്തിൽ എനിക്കേറ്റവും അസ്വസ്ഥ്യമുണ്ടാക്കിയ നിമിഷങ്ങളായിരുന്നു അത്. എന്തിനെന്നറിയാതെ എന്റെ ശരീരം വിറച്ചു. ഞാൻ പ്രദീപനാണെന്ന് എനിക്കു തോന്നി. അവൻ അപ്പോൾ പൊട്ടിക്കരഞ്ഞു. കരഞ്ഞുകൊണ്ട് പറഞ്ഞു:

അയാൾ അവിടന്നു പോയില്ലെങ്കിൽ ഞാൻ അങ്ങോട്ടു പോവില്ല.

ഞാൻ വാതിൽ തുറന്ന് പ്രദീപനെ എന്റെ മുറിയിലേക്കു കൊണ്ടുപോയി. അവനെ നിർബന്ധിച്ച് കിടക്കയിൽ ഇരുത്തി പറഞ്ഞു:

നീ ഇവിടെ കിടക്ക്. തീരെ വിഷമിക്കരുത്. എല്ലാത്തിനും വഴിയുണ്ടാക്കാം. ഞാൻ പുറത്തു പോയിട്ടു വരാം.

വർഷക്കാലങ്ങളിൽ സാധാരണ കാണാത്ത മട്ടിലുള്ള നിലാവുണ്ടായിരുന്നു പുറത്ത്. മരച്ചില്ലകളിൽ നിന്ന് അപ്പോഴും വെള്ളം വീഴുന്നുണ്ട്. ഞാൻ കൃത്യമായി ഓർക്കുന്നു. ഒരു വലിയ സാമൂഹ്യതിന്മയെ നേരിടാനുള്ള തയ്യാറെടുപ്പോടെയാണ് അന്ന് പുറത്തിറങ്ങിയത്. ഉറങ്ങാൻ തുടങ്ങിയ അയൽക്കാരെ വിളിച്ചെഴുന്നേൽപ്പിച്ചു. മഠത്തിലെ പരമേശ്വരൻ നായർ. പഴയ പഞ്ചായത്ത് മെമ്പർ പി.എസ്.ഗോപാലൻ. സൈക്കിൾ മെക്കാനിക്ക് ഹനീഫ സായിവ്. പാറേമ്പാടത്തെ ലക്ഷ്മിച്ചേച്ചി. അന്ന് പോളിടെക്നിക്കിൽ പഠിച്ചിരുന്ന ശിവാനന്ദൻ.

മഠത്തിലെ പരമേശ്വരൻ നായർ പറഞ്ഞു:

ഇനിക്കു തോന്ന്യ ഒരു സംഭവാ ഇത്. ആ മനുഷ്യന്റെ വരവും പോക്കും ഇനിക്കത്ര പിടിച്ചേർന്നില്ല. ഇങ്ങനേണ്ടോ ഒരാപ്പീസറ്? മാഷ്ക്കറിയ്യോ. പണ്ടൊക്കെ പകലാർന്നു വരത്തുപോക്ക്. ഇപ്പൊത്തൊട്ട് രാത്ര്യായി. എന്തിനാ വരണേ പോണേന്ന് ഇമ്മക്ക് നിശ്ചയല്യാണ്ടിരിക്ക്യോ? ഇമ്മളും ആണുങ്ങളല്ലേ. ഭർത്താവ് മരിച്ച് ജീവിക്കണ ഒരു സ്ത്രീടടുത്ത് രാമനാമം ജപിക്കാനല്ലല്ലോ അയാള് വരണ്.

പി.എസ്.ഗോപാലൻ: എല്ലാ ദെവസോം ആപ്പീസില് വെച്ച് കാണണതല്ലേ. അപ്പഴത്തെ പഞ്ചാര പോരേ? ഞാൻ പണ്ട് മെമ്പറായിരിക്കുമ്പൊ പഞ്ചായത്തിലിണ്ടാർന്നു ഈ എനം രണ്ടെണ്ണം. എപ്പഴും കൊക്കുരുമ്മീട്ടാ ഇരിക്ക്യാ. അത്യാവശ്യാന്വെച്ചാ ഇവറ്റോളുക്ക് വെല്ല ഹോട്ടലിലും പോയി മുറിടുത്തൂടേ? അതല്ലേ അതിന്റൊരു രീതി. ടൂറുന്നൊക്കെ പറഞ്ഞു പൊറപ്പെടാലോ. ഗവർമ്മേണ്ടുദ്യോഗല്ലേ. നമ്മടെ എടേല് കെടന്നട്ട് ഈ ഒളിസേവ വേണ്ട. ഇനിക്ക് അറുപത്തിരണ്ട് വയസ്സായി. ഈ കാലത്തിനെടക്ക് ഇവടെ ഇങ്ങന്യൊരു സംഭവണ്ടായിട്ടില്ല. എറക്കി വിടണം അയാളെ. അയാള് ചെലപ്പൊ മയിസ്രേട്ടാവും. അല്ലെങ്ങെ അതിലും വെല്യ ഏട് കോൺസ്ടബിള്. ഇമ്മക്കതൊന്നും നോക്കണ്ട കാര്യല്ല്യ.

ആ കുട്ടീരെ കാര്യലോചിച്ചിട്ടാ ഇനിക്ക്. പാറേമ്പാടത്തെ ലക്ഷ്മിച്ചേച്ചി പറഞ്ഞു: അതിന്റെ കുരുന്ന് മനസ്സ് മുറിഞ്ഞുലോ ന്റെ ഈശ്വരാ. കണ്ടാല് ഒരു പുൽച്ചാടീനെപ്പോലിരിക്കണ അവള് ഇങ്ങനെ ഒരുമ്പെട്ട് എറങ്ങീലോ. ആളോളെ കാണണ പോല്യല്ല കാര്യങ്ങള്.

വൈകാതെ ഞങ്ങൾ സംഘമായി അവരുടെ വീട്ടിലേക്കു ചെന്നു. അകത്ത് വെളിച്ചമുണ്ട്. എന്തോ സംസാരം കേൾക്കാനുണ്ടായിരുന്നു. മുട്ടി വിളിച്ചപ്പോൾ പെട്ടെന്ന് വാതിൽതുറന്നു. വിളക്കുമായി ആ സ്ത്രീ പുറത്തു വന്നു. തൊട്ടു പിറകിൽ അയാൾ. കള്ളിമുണ്ടും ബനിയനുമാണ് വേഷം.

അവർ പരിമിച്ച് തിടുക്കത്തിൽ പറഞ്ഞു:

മാഷെ, മോനെ ഇവടെ കാണാൻല്യ. ഇപ്പൊത്തന്നെ ചെന്നു നോക്ക്യേപ്പഴാ. കെടക്കേല് അവനില്ല. ഒന്നും പറയാണ്ട് എങ്ങട് പോയാവോ ന്റെ കുട്ടി.

അവർ കരഞ്ഞു. പിന്നിൽ നിന്ന് അയാൾ സമാധാനിപ്പിച്ചു:

ഇവടെ എവടേങ്കിലുണ്ടാവും.

സമാധാനായി ഇരിക്ക്. അകലേക്ക് എവടെ പൂവ്വാനാ?

ഞാൻ ആ സ്ത്രീയുടെ മുഖത്തു നോക്കിയില്ല. പിന്നിൽ നിൽക്കുന്ന അയാളോട് ചോദിച്ചു:

നിങ്ങൾ ആരാണ്?

അയാൾ പതറി. പതറിച്ച ശരീര ാഷയിലും സംസാരത്തിലും കാണാനുണ്ടായിരുന്നു. വാക്കുകൾ നഷ്ടപ്പെട്ട് ഒരു നിമിഷം നിശ്ശബ്ദനായി. തപ്പിത്തടഞ്ഞ് പറഞ്ഞു:

ഞാൻ ഇവരുടെ ആപ്പീസിൽ ജോലി ചെയ്യുന്ന ആളാണ്.

പരമേശ്വരൻ നായർ മുന്നോട്ടു വന്നു.

അതേ ഒരു കാര്യണ്ട്. ജോല്യൊക്കെ ആപ്പീസില്. ഇവടെ ജോല്യൊന്നും ആവശ്യല്ല്യ. ഇത് മാന്യമ്മാര് താമസിക്കണ സ്ഥലാ. മനസ്സിലായോ? ഇപ്പത്തന്നെ ഇവടന്നു എറങ്ങണം. എവട്യാ നിങ്ങടെ രാജ്യന്നെച്ചാല് അങ്ങട് പൊക്കോളു. ശരിക്കു പറഞ്ഞാ മുണ്ടും തുണീം അഴിച്ചു വെച്ചട്ട് ഉടുതുണീല്യാണ്ട് പാട്ടകൊട്ടി നാലാളെ അറീച്ചിട്ട് എറക്കി വിടാ വേണ്ടേ. അതാ അതിന്റെ നടപടി. ന്നാല് ഞങ്ങള് മാന്യമ്മാരായോണ്ട് അത് ചെയ്യണില്ല. താൻ വിമ്മട്ടപ്പെട്ട് നിക്കൊന്നും വേണ്ട. എറങ്ങ്വാ പൊറത്ത്.

ഞാൻ പറഞ്ഞു: ആ കുട്ടി മനസ്സില് തിയ്യായിട്ട് ഞങ്ങളെ വന്നു വിളിച്ചതാണ്. നിങ്ങള് പോയാലേ അവൻ ഇവടക്കു വരൂന്നാണ് പറഞ്ഞോടുക്കണ്. അവനിനിരുന്ന് കരയ്യാണ്.

അയാൾ ആശ്ചര്യപ്പെട്ടു ചോദിച്ചു: ആര്, പ്രദീപനോ?

അയാൾ അകത്തു കടന്ന് ഷർട്ടെടുത്തിട്ട് പുറത്തുവന്നു. കക്ഷത്ത് ആ ഹാന്റ് ബാഗുണ്ടായിരുന്നു.

ഞാൻ പോണു.

അയാൾ പറഞ്ഞു.

അവർ ആകാംക്ഷപ്പെട്ട് ചോദിച്ചു: ഈ പാതിരക്ക് എങ്ങന്യാ നിങ്ങള് പൂവ്വാ കൃഷ്ണേട്ടാ? ത്രക്കും ദൂരം നടക്കാന്ച്ചാ സുഖല്യാത്ത ആളല്ലേ.

അതു പ്രശ്നല്ല. ഞാൻ പോണം. എങ്ങനെ പോണംന്നൊള്ളത് രണ്ടാമത്തെ കാര്യാണ്.

ഇടവഴിയിലെ ഇരുട്ടിലേക്ക് അയാൾ നടന്നു. അപ്പോൾ സമയം പന്ത്രണ്ടു മണി കഴിഞ്ഞിരുന്നു. ഈ രാത്രിയിൽ അയാൾ എങ്ങനെ പോകുമെന്ന് ഞാൻ ആശ്ചര്യപ്പെട്ടു. പട്ടണത്തിലേക്ക് നാല്പത് കിലോമീറ്റർ ദൂരമുണ്ട്. വാഹനങ്ങളൊന്നും കിട്ടാനിടയില്ല.

പിറ്റേന്ന് പകൽ മുഴുവൻ പൈതണി ക്ഷേത്രനടയിലും മുതലാളിയുടെ സരസ്വതീവിലാസം ഹോട്ടലിലും ഈ വിഷയം തന്നെയായിരുന്നു സംസാരം.

കുട്ടി വീട്ടില് തിരിച്ച് കേറി വന്നപ്പൊ അമ്മേം മോനും തമ്മില് സംവാദം വല്ലതുമുണ്ടായോ?

ഒന്നുണ്ടായില്ല. രണ്ടാളും മിണ്ടീല്ല്യ. അവൻ ചെന്ന് മുറീല് കടന്ന് വാതലടച്ചു.

പൊലർച്ചക്കുതന്നെ കുട്ടി ബാഗുടുത്ത് പൊറപ്പെട്ട് പോയീത്രെ.

എവെടെക്ക്?

ആരുക്കാ നിശ്ച്യം? ഐരാണിക്കൊളത്ത് അവന്റെ അച്ഛന്റെ വീട്ടുകാരുണ്ട്ന്ന് കേക്കണുണ്ട്. ചെലപ്പൊ അവടെക്ക്യാവും. അതിനിനി ഇവടെ കെടന്നാ ഒറക്കം വര്വോ? പകല് നാട്ടുകാരടെ മൊഖത്ത് എങ്ങനെ നോക്കും? ഈ അമ്മടെ മോനായിട്ട് എങ്ങനെ ജീവിക്കും?

അവനാ ആകുട്ടി.

, ഒരു ന്യൂസുണ്ട്.

ബാർബർ ശങ്കരൻകുട്ടി തിടുക്കത്തിൽ വന്നു പറഞ്ഞു.

ഇന്നലെ ഇവടന്നു പോയ ആ കൃഷ്ണേട്ടനില്ലേ. പ്രോജക്റ്റ് ആപ്പീസറ് കൃഷ്ണൻ നായര്. ഇന്ന് ഉച്ചക്ക് വീട്ടില് വെച്ചട്ട് അയാക്കൊരു സംഭ്രമണ്ടായീത്രെ. പിന്നെ ഒരു ബോധല്യായ. അപ്പഴക്കും അടുത്തോള്ളോര് കൂടി മോഡേൺ ആസ്പത്രീല് കൊണ്ടോയി. ചെന്നപ്പത്തന്നെ ഐസിയൂല് കേറ്റി. അപ്പഴക്കും സംഗതി കഴിഞ്ഞോർന്നൂന്നാ കേട്ടേ.

എല്ലാവരും നിശ്ശബ്ദരായി.

പിന്നെ പ്രദീപനെ കണ്ടിരുന്നില്ല. അവന്റെ അമ്മയെ വല്ലപ്പോഴും കാണാറുണ്ട്. ജോലിക്കു പോകുമ്പോഴോ വരുമ്പോഴോ വഴിയിൽ വെച്ച്. ദുർബ്ബലമായ മട്ടിൽ അവരൊന്നു ചിരിക്കും. അത്രമാത്രം. അതിനിടെ ജോലികിട്ടി ഞാനും സ്ഥലം വിട്ടു. മാസത്തിലൊരിക്കലോ നീണ്ട അവധിയുള്ളപ്പോഴോ ആണ് നാട്ടിലെത്തുക. ഒരിക്കൽ അവധിക്ക് എത്തിയപ്പോൾ അവർ വീട്ടിൽ വന്നു. മടിച്ചു മടിച്ചു ചോദിച്ചു:

ഒരു കാര്യം ചോദിക്കണോണ്ട് മാഷക്ക് വിരോധണ്ടാവില്ലല്ലോ.

ഇല്ല. പറയൂ.

പ്രദീപന്റെ വിവരം വല്ലതും മാഷക്കുണ്ടോ? എഴുത്തോ മറ്റോ മാഷക്ക് വരാറുണ്ടോ?

ഇല്ലല്ലോ. പ്രദീപൻ ഇപ്പോൾ എവിടെയാണ്?

ദൽഹീല്ണ്ടത്രെ. ഇവടന്ന് പോയത് അവന്റെ വെല്യച്ചന്റെ വീട്ടിലിക്ക്യാണ്. ആദ്യായിട്ടാണ് വെല്യച്ചനും വെല്യമ്മേം കുട്ടീനെ കാണണത്. അങ്ങന്യായിരുന്നു ഞങ്ങള് തമ്മിലെ ബന്ധം. ഞാൻ അവടക്ക് അന്വേഷിച്ചു പോയില്ല. സത്യത്തില് ധൈര്യല്ല്യാഞ്ഞിട്ടാണ്. അവരെന്താ ചെയ്യാ, എന്താ പറയ്യാന്ന് നിശ്ചയല്യ. വെളുത്തേടത്തെ പെണ്ണ് അവരടെ അനിയനെ മയക്കി എടുത്തൂന്ന് മാത്രല്ല, ഇപ്പദാ അന്യ പുരുഷനായിട്ട് സംസർക്ഷം തൊടങ്ങീരിക്കുണു. അപ്പപ്പിന്നെ അവരുക്ക് എന്നെ എന്തും ചെയ്യാലോ. അവടെ നിന്നട്ട് അവൻ ടൈപ്പും ഷോർട്ട്ടേന്റും പഠിച്ചൂന്ന് കേട്ടു. പിന്നെ ആരട്യോ കൂടെ ദൽഹിക്കു പോയീത്രെ. വിലാസം ചോദിച്ചിട്ട് ഏട്ടന് എന്നെച്ചാൽ അവന്റെ വെല്യച്ചന് ഞാൻ ഫോൺ ചെയ്തേർന്നു. അദ്ദേഹം അത് തരില്യാന്നു പറഞ്ഞു. പിന്നെ വേറൊരു ബന്ധു എനിക്കതു തന്നു. അപ്പൊ അവനു ഞാൻ മൂന്നു കത്തയച്ചു. ഒന്നിനൂല്യ മറുപടി. കത്തു മടങ്ങാത്തോണ്ട് അതവന് കിട്ടീട്ടുണ്ടാവുംന്ന് വിചാരിക്ക്യാ. ന്റെ കുട്ടിക്ക് ഇന്നോട് തീർത്താ തീരാത്ത ദേഷ്യണ്ടാവും. ഒരിക്കെ ഒരാൾക്ക് ഒരാളോട് ദേഷ്യം തോന്ന്യാല് അത് ഒരിക്കലും തീരില്ലേ മാഷെ? വായിക്ക്യേം എഴുത്വേം ചെയ്യണ ആളായോണ്ട് ചോദിക്ക്യാ.

ഞാൻ മറുപടി പറഞ്ഞില്ല. അവർ തുടർന്നു:

എങ്ങന്യാ അവന് ദേഷ്യല്ല്യാണ്ടിരിക്ക്യാ. ഞാൻ അവന്റെ അമ്മ. ഭർത്താവ് മരിച്ച സ്ത്രീ. കൃഷ്ണേട്ടൻ ഒരു അന്യപുരുഷൻ. അപ്പൊ അത് ഒരു ജാരസംസർക്ഷം. അത്രല്ലേ അവനറിയൂ. അറിയേണ്ടു. നാട്ടുകാരുക്കും. അത്ര്യല്ലേ അറിയേണ്ടു. ഞാൻ കുറ്റപ്പെടുത്ത്വല്ലാ മാഷെ. പക്ഷേ കാണണേനും അപ്രത്തൂണ്ട് ചെല കാര്യങ്ങള്.

ജീവിതത്തിന് നമ്മളറിയാണ്ട് ചെല വഴിത്തിരിവുകളുണ്ടാവും. ഈ കൃഷ്ണേട്ടനും എന്റെ ഭർത്താവും ഏറ്റോം അടുത്ത കൂട്ടുകാരായിരുന്നു. ഒരേ പ്രസ്ഥാനത്തില് പ്രവർത്തിച്ചവര്. ഊണിലും ഒറക്കത്തിലും ഒന്നിച്ച്. ജോലി കിട്ട്യേപ്പഴും രണ്ടാളും ഒരു ഡിപ്പർട്ടുമെന്റില് വന്നു

പെട്ടു. സത്യത്തില് കൃഷ്ണേട്ടനാണ് എന്റെ ജീവിതത്തിൽ ആദ്യം കടന്നു വന്നത്. എന്ന്വച്ചാ അദ്ദേഹം എപ്പഴുണ്ടായിരുന്നു എന്റെ മനസ്സില്. എന്റെ കല്യാണത്തിന് മുമ്പും പിമ്പും. ഭർത്താവു മരിച്ചേപ്പിന്നേം. ദാ ഇപ്പഴും. എന്റെ തൊട്ട വീടായിരുന്നു കൃഷ്ണേട്ടന്റെ. അദ്ദേഹത്തിന്റെ കൂട്യാണ് ഞാൻ സ്കൂളിൽ പോയിരുന്നത്. ആള് നാലില്. ഞാൻ ഒന്നില്. പാടത്തെ വരമ്പത്ത് ഞാൻ ആമ്പലും നോക്കി സ്വപ്നം കണ്ടു നിക്കുമ്പൊ കൃഷ്ണേട്ടനാണ് എന്നെ തള്ളി തെരക്കി കൊണ്ടുവ്വാ. അദ്ദേഹം പഠിക്കണെ കോളേജില് ഞാനും ചേർന്നു. ഞങ്ങൾ തമ്മില് പ്രണയംണ്ടാർന്നോന്ന് ചോദിച്ചാ, ഇനിക്കു പറയാൻ പറ്റില്ല ഇല്ല്യാന്ന്. ചെലപ്പൊ കൃഷ്ണേട്ടൻ പറയ്യേരിക്കും ഇല്ലാന്ന്. ആൾടെ കൂട്ടുകാരൻ എന്ന നെലക്കാണ് ഞാൻ എന്റെ ഭർത്താവിനെ പരിചയപ്പെടണത്. അദ്ദേഹം അന്ന് എസ്.എഫിന്റെ വെല്യ നേതാവാർന്നു. ഞങ്ങടെ കോളേജില് എടക്ക് വരാറുണ്ട്. കൃഷ്ണേട്ടൻ പറഞ്ഞട്ട് ഞാനും എടക്കൊക്കെ അവരടെ മീറ്റിംഗില് പൂവ്വും. ഞാൻ എലക്ഷനും നിന്നട്ടുണ്ട്. പ്രസംഗിക്കാനൊന്നും ഇനിക്ക് അറീല്ല്യാട്ടോ.

ഞങ്ങടെ കല്യാണത്തിന് എല്ലാരും എതിരാർന്നു. ജാതീം മതോം ഒന്നാന്ന് പറയ്യേങ്കിലും ചെറിയ ചെല വ്യത്യാസങ്ങളുണ്ടാർന്നു. രണ്ടു തരം സോഷ്യൽ സ്റ്റാറ്റസ്. സാമ്പത്തികായിട്ടും അങ്ങനെ. എനിക്കാച്ചാ അങ്ങനെ ആരൂല്യ. അച്ഛനും അമ്മേം മരിച്ചപ്പൊ ശെരിക്കും അനാഥ. സ്വന്തായിട്ട് വീടൂല്യ. അപ്പൊപ്പിന്നെ ആരുക്കാ ഇഷ്ണ്ടാവ്വാ? കേശവൻകുട്ടീന്നാണ് എന്റെ ഭർത്താവിന്റെ പേര്. ചെലപ്പൊ കേട്ടട്ടുണ്ടാവും. യൂണിയന്റെ വെല്യ നേതാവാർന്നു. എന്താ പറയണ്ടേ. തെരക്കു പിടിച്ച ജീവിതം. സമരം. ജെയില്. അല്ലാത്തപ്പൊ അലച്ചില്. ആപ്പീസില് എന്നും ലീവാണ്. ആൾക്കാരുക്ക് പേ സർട്ടിഫിക്കറ്റ് കൊടുത്ത് ജാമ്യം നിന്നട്ട് എല്ലാ മാസോം റിക്കവറി. അതിനെടേല് യൂണിയനില് എന്തോ പ്രശ്നണ്ടായി. ശരിക്കും പ്രശ്നണ്ടായത് യൂണിയനിലല്ല. പാർടീലാണ്. അങ്ങനെ പൊറത്തായി. അപ്പൊത്തൊട്ട് തൊടങ്ങി മദ്യപാനം. കൊറേശ്ശെ കൊറേശ്ശെ ആരംഭിച്ചട്ട് അതങ്ങട് മൂർദ്ധന്യത്തിലായി. കുടിച്ചട്ട് റോട്ടിലൊക്കെ കെടക്കണെ സ്ഥിത്യായി.



അതിനെടേല് സ്ട്രോക്കു വന്നു. വീട്ടിൽ വെച്ചിട്ടാണ്. കുടിച്ച് ബോധല്യാണ്ട് കെടക്ക്വാന്നാ ഞാൻ വിചാരിച്ചത്. എത്ര കുടിച്ച് കെടന്നാലും പ്രദീപൻ ചെന്നു വിളിച്ചാ ഒണരും. ഇപ്പൊ കുട്ടി ചെന്ന് വിളിച്ചട്ടും എണീറ്റില്ല. ആശുപത്രീല് രണ്ടുമാസം കെടന്നു. അതില് ഒരു മാസം തെകച്ചും ബോധല്യാണ്ട്. പിന്നെ പിന്നെ ശെര്യായി. സമാധാനായീന്ന് വിചാരിച്ചു. മദ്യപാനം തീരെ ഇല്യാണ്ടായി. അപ്പഴാ ഹാർട്ട് അറ്റാക്ക് വന്ന് പെട്ടെന്ന്–

അവർ കരഞ്ഞു പോയി.

ജീവിക്കണോ മരിക്കണോന്ന് ഞാൻ ആലോചിച്ചതാണ് മാഷെ ഞാൻ മരിച്ചാ പിന്നെ എന്റെ കുട്ടിക്ക് ആരുണ്ട്? അപ്പോ കൃഷ്ണേട്ടൻ വന്നു പറഞ്ഞു: മരിക്കണെങ്കില് നിനക്കു മരിക്കാം. മരിക്ക്യേല്ലാണ്ട് വെല്ല മാർക്ഷണ്ടോന്ന് നോക്കേം ചെയ്യാം. ന്താ? നെയമപ്രകാരം ഞങ്ങക്ക് ഡയിംഗ് ഹാർനെസ്സൊന്നും സാധ്യല്ല. ഓട്ടോണമസ്സല്ലേ. ന്നാലും കൃഷ്ണേട്ടൻ തിരുവനന്തപുരത്തു പോയി അശ്രാന്തം പരിശ്രമിച്ച് സ്പെഷൽ ഓർഡറ് കൊണ്ടന്നു. ടൗണിനടുത്ത് ഞങ്ങളൊരു വീട് വെച്ചേർന്നു. പക്ഷേ ബാങ്കീന്ന് ജപ്തി നോട്ടീസു വന്നു. വല്യൊരു തുക കടം. ഒടുക്കം അതു വിറ്റു. ഇവടെ വാങ്ങിച്ചു. ഒക്കെ കൃഷ്ണേട്ടനാ ചെയ്തത്. എനിക്കെന്തറിയാം? അക്കാലത്തൊരിക്കൽ ഞാൻ അദ്ദേഹത്തോടു ചോദിച്ചു: കൃഷ്ണേട്ടാ, അന്ന് നമ്മൾ പഠിക്കണ കാലത്ത് എന്നെ എന്തേ വേണ്ടാന്ന് വെച്ചത്? എന്നെ ഇഷ്ടണ്ടാർന്നില്ലേ?

ആദ്യം കൃഷ്ണേട്ടൻ ഒന്നും പറഞ്ഞില്ല. പിന്നെ പറഞ്ഞു: ഇഷ്ടണ്ടാർന്നു. ഏറ്റവും വലിയ ഇഷ്ടം. എനിക്കു നിന്നോടുള്ള ഇഷ്ടത്തിന്റെ കടുപ്പം നിനക്കറിയില്ലെങ്കിലും കേശവൻകുട്ടിക്ക് അറിയായിരുന്നു. പക്ഷേ അവൻ എന്നെ നിർബന്ധിച്ചു. കരഞ്ഞിട്ടാ അവൻ പറഞ്ഞത്: നീയവളെ എനിക്കു വിട്ടു തരണം. അവളില്ലാണ്ട് എനിക്കു ജീവിക്കാൻ പറ്റുംന്ന് തോന്നണില്ല. നിനക്കറിയാലോ, കേശവൻകുട്ടി എന്റെ കൂട്ടുകാരൻ മാത്രല്ല. നേതാവായിരുന്നു അന്ന്. അവന്റെ പ്രസംഗം കേട്ടിട്ടാണ് ഞാൻ ലോകത്തെ തിരിച്ചറിഞ്ഞത്. ഞങ്ങടെ മൂവ്മെന്റിന് അവന്റെ ആവശ്യണ്ട്. സമൂഹത്തെ നയിക്കാൻ അവൻ വേണം. ഞാൻ എനിക്ക് അന്നും ഇന്നും അത്ര പ്രശ്നല്ല. അപ്പൊ ഞാനവനെ അനുസരിച്ചു.

സ്ട്രോക്കായിട്ട് ഐസിയൂല് കെടക്കുമ്പൊ ഓർമ്മ വന്നശേഷം

ഞാൻ അടുത്തു നിക്കുമ്പൊ എന്റെ ഭർത്താവ് കൃഷ്ണേട്ടനോട് ചോദിച്ചു: ഞാനിവളെ തിരിച്ചു തന്നാൽ നീയിവളെ സ്വീകരിക്കുമോ?

എന്തു വിവരക്കേടാ നി പറേണത്? രോഗം വന്ന് നിന്റെ ബുദ്ധീം വിവേകോം നഷ്ടപ്പെട്ടോ? എടാ ഇതു ഭൂമിയാണ്. നമ്മളിപ്പോൾ ഭൂമിയിലെ ഒരാസ്പത്രീലാണ്. മനസ്സിലായോ? കൃഷ്ണേട്ടൻ അദ്ദേഹത്തോട് കയർത്തു പറഞ്ഞു.

ജീവിതല്ലേ, മനുഷ്യരല്ലേ. സഹായിയായി കൂടെ നിന്നപ്പൊ ഞങ്ങൾ വീണ്ടും അടുത്തു പോയിട്ടുണ്ടാവും. അങ്ങനെയേ ഞാൻ പറയൂ. അടുത്തിട്ടുണ്ടാവാം. ഞാൻ നിർബന്ധിച്ചിട്ടാണ് അദ്ദേഹം അന്ന് വീട്ടിൽ തങ്ങിയത്. ക്ഷീണം തോന്നുന്നുണ്ടെന്നു പറഞ്ഞു. നേരത്തേ ചെറുതായിട്ടൊരു ഹാർട്ട് കംപ്ലേന്റ് വന്ന കാര്യം അപ്പൊ ഞാൻ ഓർത്തു. പോകാൻ വിട്ടില്ല. ഞാൻ പറഞ്ഞല്ലോ. അദ്ദേഹം എന്റെ ആത്മാവിൽ എന്നും ഉണ്ടാർന്നു. വേണംന്നെച്ചാല് മനുഷ്യബന്ധങ്ങൾ ഇല്ലാണ്ടാവ്വോ? ആവ്വേരിക്കും. ഇനിക്കു കഴിയില്ല അത്.

അവരന്ന് പ്രദീപന്റെ മേൽവിലാസം തന്നിരുന്നു. ഒരു കത്തയക്കണമെന്നു കരുതിയതാണ്. എന്തെഴുതും എന്നാലോചിച്ച് വൈകി. പിന്നെ മറന്നു.

ഇപ്പോൾ ഡൽഹിയിലെ കേരളാ ഹൗസിൽ ഞാൻ താമസിക്കുന്ന മുറിയിൽ പ്രദീപൻ ഇരിപ്പുണ്ട്. ഇന്ന് ഉച്ച മുതലേ ഉണ്ട്. ഇപ്പോൾ നേരം ഇരുട്ടിയിരിക്കുന്നു. ഓണക്കാലമാണ്. പക്ഷേ പുറത്ത് സാമാന്യം മഴയുണ്ട. നാലഞ്ചു ദിവസമായി ഡൽഹിയിൽ പരക്കെ മഴയാണ്. പുറത്തെ തോരണങ്ങളും വൈദ്യുതാലങ്കാരങ്ങളും നനഞ്ഞിരിക്കുന്നു. ആഘോഷത്തിന്റെ ഭാഗമായി കെട്ടിയ അലങ്കാരപ്പന്തൽ കുതിർന്നു പോയി. ഇന്നു കാലത്ത് അവിടെ തെയ്യവും പഞ്ചവാദ്യവും നടന്നു. പക്ഷേ പൂർത്തിയായില്ല. വാദ്യക്കാർ മഴയിൽ കുളിച്ചു. കേരളാ സാരിയും മുല്ലപ്പൂവും ചൂടി വന്ന സ്ത്രീകളും പട്ടുപാവടയുടുത്തു വന്ന പെൺകുട്ടികളും മഴ കൊണ്ടു.

ഉച്ചയൂണിനിടയിലാണ് ഞാൻ പ്രദീപനെ കണ്ടത്. ഓണം പ്രമാണിച്ച് കേരളാ ഹൗസിലെ മെസ്സിൽ അന്നു ഭക്ഷണമുണ്ടായിരുന്നില്ല. പന്തലിൽ ഓണസദ്യയുണ്ട്. ആരോ ഒരു കൂപ്പൺ കൊണ്ടു തന്നു. ഡൽഹി മലയാളികളിൽ ഒരു വലിയ പങ്ക് സദ്യക്കെത്തിയിട്ടുണ്ട. തെരക്കിനിടയിൽനിന്ന് പ്രദീപൻ എന്നെ വിളിച്ചു: മാഷെ?

എനിക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല. അത്രക്കു മാറ്റമുണ്ട് അവന്. നഗരത്തിലെ ഒരു സായാഹ്നപത്രത്തിലാണ് ജോലി ചെയ്യുന്നത്. പ്രസ്സിലായിരുന്നു ആദ്യം. കാലംകഴിഞ്ഞ് പ്രസ്സുകാർ പത്രം തുടങ്ങിയപ്പോൾ ജേർണലിസ്റ്റായി. ഈ മഹാനഗരത്തിൽ അങ്ങനെ ചില അത്ഭുതങ്ങൾ സംഭവിക്കുമെന്ന് അവൻ തമാശയായി പറഞ്ഞു.

സ്റ്റെനോഗ്രാഫറായി വന്നുപെട്ടത് പ്രസ്സിലായതു കൊണ്ട് പത്രപ്രവർത്തകനായി. ഏതെങ്കിലും മന്ത്രിയാപ്പീസിലായിരുന്നെങ്കിൽ ഇപ്പോൾ മന്ത്രിയായേനെ.

നാട്ടിലിപ്പോൾ മഴയുണ്ടോ മാഷെ?

അവൻ ചോദിച്ചു.

ഞാനതിന് മറുപടി പറഞ്ഞില്ല. പകരം ചോദിച്ചു:

നാട്ടിൽ പോയി അമ്മയെ കാണണമെന്ന് ആഗ്രഹമില്ലേ?

പ്രദീപൻ മറുപടി പറഞ്ഞില്ല. കുറേ നേരം എന്നെ നോക്കിക്കൊണ്ടിരുന്നു. പിന്നെ കരയാൻ തുടങ്ങി.

## GOVERNMENT OF KERALA
### Abstract


Pension - Revision of pension in respect of non UGC teachers retired prior to 01.01.1986 reckoning revised pay under UGC scheme implemented w.e.f. 01.01.2006 - Orders issued.

**FINANCE (PENSION - B) DEPARTMENT G.O.(P).No. 546/2014/Fin. Dated Thiruvananthapuram, 12/12/J014.**

### ORDER

1. Government have introduced UGC Scheme in the state w.e.f. 01.01.1986. The pensionary benefits of those retired prior to the implementation of above scheme had been revised on par with State Government employees. Representations have been received from non-UGC teachers for granting pension and other retirement benefits as per UGC Scheme.
2. After having examined the matter in detail, Government are pleased to order that non-UGC teachers (excluding 60 opted teachers) who retired prior to introduction of the UGC scheme from institutions where the said Scheme was implemented with effect from 01.01.1986 will be granted pensionary benefits under the above scheme with prospective effect as per the provisions applicable in this regard. The enhanced monetary benefitspursuant to this order shall be paid with effect from 01.04.2015 only. They shall not be entitled to payment of any arrears.

By Order of the Governor,
RAJESH KUMAR SINHA
Secretary (Finance Expenditure)




# National Institution for Transforming India (NITI) Aayog - Claims and Facts A Boon or Bane?

**Dr. Kumar S P**
*SN College. Kollam*

Prime Minister Narendra Modi has once again proved his predilection for power concentration by scrapping the country's 65-year-old Planning Commission and replacing it with a new body called the National Institution for Transforming India (NITI) Aayog. The NITI Aayog will be more of a think tank or forum, distinctly different from the bureaucratic, socialist -leaning, Soviet-styled Commission and will convert the planning commission into a body that will prepare medium and long term plans and dynamically monitor its implementation. The message is that the body can a have high say on planning as well as implementation of projects. The most important aspect of the Aayog is its consultative policy-making; the inclusion of India's states in decision making.

The Planning Commission was set up on the 15th of March, 1950 through a Cabinet Resolution. But a lot has changed in the country since then. The Commission has been responsible for allocating central funds to states and sanctioning capital spending of the central government. It also facilitated the critical co-ordination between ministries by aligning their priorities, and laying our long-term policies. This was a sore point because it did not allow flexibility for the states and various government departments to

use the money as per their development needs. In recent times, the Commission had also received flak for being out of touch with ground realities. According to some informal information, as on 31st March 2014 public sector projects worth more than Rs. 6 lakh crores are struck due to issues relating to land acquisition, environment and forest clearing, financing and so on. Besides, in 2012, the commission was slammed for spending Rs 35 lakhs to renovate two office toilets. It was also criticized for setting the poverty lines at ridiculously low levels. Thus the last ten years of UPA government virtually shattered the credibility of Planning Commission. By taking into account the above problems, NITI Aayog will work towards the following objectives:


- To develop mechanisms to formulate credible and customised plans at the village levels
- To ensure that the interests of national security are incorporated in economic strategy and policy
- To pay special attention to the sections of our society that may be at risk of not benefitting adequately from economic progress
- To design and monitor the progress of strategic and long term policy initiatives
- To encourage partnerships between key stakeholders and like-minded think tanks
- To create a knowledge, innovation and entrepreneurial support system
- To offer a platform for resolution of inter-sectoral and inter-departmental issues in order to accelerate the implementation of the development agenda
- To maintain a repository of research on good governance and best practices in sustainable and equitable development
- To actively monitor and evaluate the implementation of various programmes and initiatives
- To focus on technology up gradation and capacity building for implementation of programmes and initiatives

While considering the smooth execution of its plans and programmes, NITI Aayog has come up with lean organizational structure and fabric, which is designed as follows.

- The Governing Council will comprise the Chief Ministers of all the States and Lt. Governors of Union Territories.
- Regional Councils will be formed to address specific issues and contingencies impacting more than one state or a region. These will be formed for a specified tenure. The Regional Councils will be convened by the Prime Minister and will comprise of the Chief Ministers of States and Lt. Governors of Union Territories in the region. These will be chaired by the Chairperson of the NITI Aayog or his nominee.
- The Vice-Chairperson of NITI will be appointed by the Prime Minister.
- Part-time members will have a maximum of two members from leading universities research organizations and other relevant institutions in an ex-officio capacity. Part time members will be on a rotational basis.
- There will be a maximum of four ex-officio members: these will comprise the Union Council of Ministers to be nominated by the Prime Minister.
- The Chief Executive Officer (CEO) of NITI will be appointed by the Prime Minister for a fixed tenure, in the rank of Secretary to the Government of India. If needed, a Secretariat might also be appointed.

Arvind Panagariya, Professor of Columbia University, is appointed as the first vice chairman of National Institution for Transforming India (NITI) Aayog, and the former Planning Commission Secretary Sindhushree Khullar will be the first Chief Executive Officer of the Aayog.

Bibek Debroy , an economist, and Dr. V.K. Saraswat, a former Secretary, Defense R&D are the full-time members of NITI Aayog. The ex officio members are Union Home Minister Rajnath Singh, Union Finance Minister Arun Jaitley, Railways Minister Suresh Prabhu and Union Agriculture Minister Radha Mohan Singh, Union Roads and National Highways Minister Nitin Gadkari, Union Human Resource Development Minister Smriti Zubin Irani and Union Social Justice and Empowerment Minister Thawar Chand Gehlot have been appointed as special invitees to the Aayog. The abolition of Central Planning commission and the installation of NITI Aayog as a key decision-making body at national level are cosmetic changes only. These changes will result in concentration of power in the hands of a few which is detrimental for safeguarding the interest of marginalized sections of the society. The policies and programmes of an institution of this kind are the brain child of the people who manage these institutions. Taking this into account, it is clear that the decision-making power of the Aayog is vested in the hands of a group of neo-liberalist propagandists. Ignoring the participation of elected members from the Union Territories is another drawback of the structure of Aayog. In short, as of now, there is no reason to believe that the NITI Aayog will bring about a major difference in planning and implementation of developmental policies.




Wallerstein's World System Theory Model

# ശാസ്ത്രവും ദേശീയതയും പിന്നെ ആഗോള മൂലധനവും



സി.പത്മനാഭൻ
*അക്കാദമിക് കമ്മിറ്റി കൺവീനർ*


ലോകത്തിലെ എല്ലാ രാജ്യങ്ങളും പുരോഗതിയുടെ കാര്യത്തിൽ പല പടവുകളിലായി നിൽക്കുകയാണെന്നും ഇന്നല്ലെങ്കിൽ നാളെ അവികസിതരാജ്യങ്ങൾ വികസ്വരരാജ്യങ്ങളും മറ്റന്നാൾ അവയൊക്കെ വികസിതരാജ്യങ്ങളും ആകും എന്നൊക്കെ നിഷ്കളങ്കമായി വിശ്വസിക്കുന്ന രേഖീയ വികസനവാദികൾക്കുള്ള മറുപടി എന്ന നിലയിൽ ആണ് പ്രശസ്ത അമേരിക്കൻ സാമൂഹ്യ ശാസ്ത്രജ്ഞനായ ഇമ്മാനുവൽ വാലെർസ്റ്റീൻ തന്റെ വേൾഡ് സിസ്റ്റം തിയറി (ലോക വ്യവസ്ഥാ സിദ്ധാന്തം) ആവിഷ്കരിച്ചത്. കാൾ മാർക്സിന്റെ സിദ്ധാന്തങ്ങളെ പിന്തുടർന്നുകൊണ്ടു ലോകം കേന്ദ്രരാജ്യങ്ങൾ (കോർ) പ്രാന്തരാജ്യങ്ങൾ (പെരിഫറി) എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ട നിലയിൽ ആണ് സ്ഥിതി ചെയ്യുന്നത് എന്നും ഇതിലെ കേന്ദ്രരാജ്യങ്ങളിൽ ഉയർന്ന മൂലധനനിക്ഷേപം ആവശ്യമുള്ള വ്യവസായങ്ങളും പ്രാന്തരാജ്യങ്ങളിൽ അവിടങ്ങളിലെ താരതമ്യേന കുറഞ്ഞ കൂലിനിരക്ക് ചൂഷണം ചെയ്തുകൊണ്ടുള്ള വ്യവസായങ്ങളും ആവും നിലവിൽ വരിക എന്നു ,വാലെർസ്റ്റീൻ സിദ്ധാന്തിക്കുന്നു. ചില പ്രദേശങ്ങൾ വികസിതമായി നിലനിർത്താൻ മറ്റുപ്രദേശങ്ങൾ കൊടുക്കേണ്ടിവരുന്ന വിലയാണ് അവയുടെ അവികസിത അവസ്ഥ എന്നു ചുരുക്കം. ഈ സിദ്ധാന്തപ്രകാരം ഇന്നത്തെ പ്രാന്തരാജ്യം നാളെ ഒരു കേന്ദ്രരാജ്യമായി മാറി കൂടാ എന്നില്ല. പക്ഷേ അങ്ങിനെ മാറുമ്പോൾ ഇന്നത്തെ ഒരു കേന്ദ്രരാജ്യം പിന്നോക്കം പോയി അവികാസിതാവസ്ഥ പ്രാപിച്ചേ മതിയാവു. മുതലാളിത്ത വ്യവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം ഭൂമി ചെറിയ സ്വർഗവും വലിയ നരകവുമായി രണ്ടായി പിരിഞ്ഞു സ്ഥിതി ചെയ്യും എന്നു മാത്രമല്ല ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ഭൂമിയിലെ നരകത്തിൽ നിന്നു ഒഴുകിയെത്തുന്ന വിഭവങ്ങളും അവിടങ്ങളിലെ പാവങ്ങളുടെ അധ്വാനഫലവും അനുഭവിച്ചാണ് സ്വർഗവാസികൾ

സുഖലോലുപരായി കഴിയുക എന്നു എടുത്തുപറയുന്ന ആശ്രയത്വ സിദ്ധാന്തവും (ഡിപ്പെന്റൻസി തിയറി) വാലെർസ്റ്റീന്റെ പേരിൽ അറിയപ്പെടുന്നു. ഇതുപ്രകാരം നോക്കിയാൽ ഇന്ത്യ എന്നത് ഇന്നലത്തെയോ മിനിഞ്ഞാന്നത്തെയോ അമേരിക്ക അല്ല മറിച്ച് ഇന്നത്തെ അമേരിക്കയുടെ ഇരുണ്ട മറുഭാഗം ആണ് എന്നുപറയാവുന്നതാണ്. ഇപ്രകാരം അവികസിതാവസ്ഥയിൽ നിലനിർത്തപ്പെടുന്ന രാജ്യങ്ങളിൽ അതിനനുസൃതമായ പ്രത്യേക സാംസ്കാരിക അന്തരീക്ഷവും സൃഷ്ടിക്കപ്പെടും. എണ്ണപ്പണത്തിന്റെ സമൃദ്ധിക്കിടയിലും സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവും ആയ പിന്നോക്കാവസ്ഥകളിൽ മരവിച്ചു നിർത്തിയിരിക്കുന്ന ചില പശ്ചിമേഷ്യൻ രാജ്യങ്ങൾ ഇതിന് ഉത്തമ ഉദാഹരണം ആണ്. ആഗോള മൂലധനദാസ്യവും അശാസ്ത്രീയവും കപടവുമായ പുനരുത്ഥാനവാദവും അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ സാംസ്കാരിക ദേശീയതയും ഒരേ സമയം ഉയർത്തിപ്പിടിക്കുന്ന മോഡിഭരണം ഇന്ത്യക്ക് വേണ്ടി നിർമ്മിക്കാൻ പോകുന്നത് ഇത്തരത്തിൽ ഭൂതകാലത്തിൽ മരവിച്ചു നിർത്തിയ ഭാവിയാണോ എന്ന ന്യായമായ സംശയം ഉയർത്തിവിടുന്നു, ഇക്കഴിഞ്ഞ ജനുവരി മൂന്നു മുതൽ ജനുവരി ഏഴു വരെ മുംബൈയിൽ സംഘടിപ്പിക്കപ്പെട്ട നൂറ്റിരണ്ടാമത് ഇന്ത്യൻ സയൻസ് കോൺഗ്രസ്. ഭൂതകാലത്തിന്റെ സാങ്കൽപിക സുഗന്ധം പുരട്ടിയ ശവശരീരങ്ങൾ കണക്കേയുള്ള ഒട്ടേറെ പ്രബന്ധങ്ങൾ അവിടെ അവതരിപ്പിക്കപ്പെട്ടതായാണ് വാർത്തകൾ സൂചിപ്പിക്കുന്നത്. വിഘ്നേശ്വരമായ ഗണപതിക്ക് ആനയുടെ തല ലഭിച്ചതു കവിഭാവനയിൽ നിന്നോ പുരാണങ്ങളിൽ തന്നെ പറഞ്ഞ കാരണങ്ങളാലോ അല്ല മറിച്ച് പ്ലാസ്റ്റിക് സർജറിയിലൂടെ ആണ് എന്നു മുംബൈയിലെ റിലയൻസ് ആശുപത്രി ഉൽഘാടന വേളയിൽ പ്രശസ്ത ഭിഷഗ്വരന്മാരെയും ശാസ്ത്രജ്ഞന്മാരെയും സാക്ഷിനിർത്തി കഴിഞ്ഞ വർഷം ഒക്ടോബർ 25 നു നിർലജ്ജം തട്ടിവിട്ടത് ശാസ്ത്രീയമനോഭാവം പൗരധർമ്മമായി അനുശാസിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ കാവലാളായ ഇന്ത്യയുടെ പ്രധാനമന്ത്രി തന്നെ ആണ് എന്നത് ഭാവിയിൽ



ഉണ്ടാവാൻ പോകുന്ന കൊടിയ മരവിപ്പിന്റെ തികച്ചും അപായനിർഭരമായ സൂചനയാണ്. ഇതിന്റെ ചുവടുപിടിച്ചാണ് പുണ്യപുരാതനഭാരതത്തിൽ മൊബൈൽ ഫോണുകളും വിമാനങ്ങളും ഗോളാന്തരയാത്രാനൗകകളും എന്നുവേണ്ട ആധുനിക ലോകത്ത് നിലവിലുള്ള എല്ലാം കണ്ടെത്താൻ ദേശാഭിമാനികളായ ശാസ്ത്രജ്ഞർ ശ്രമം ആരംഭിച്ചത്. അവർ അതൊക്കെ ആഗ്രഹാനുസരണം കണ്ടെത്തുക മാത്രമല്ല അതിൽ ചിലതെല്ലാം വിജ്ഞാനം തുളുമ്പുന്ന പ്രബന്ധങ്ങളായി ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ അവതരിപ്പിക്കുകയും ചെയ്തു. അത്തരം പ്രബന്ധങ്ങളിൽ ഒന്നാണ് ക്യാപ്റ്റൻ ആനന്ദ് ജെ ബോദാസ് അവതരിപ്പിച്ച പ്രാചീന ഇന്ത്യയിലെ വൈമാനിക സാങ്കേതിക വിദ്യ എന്ന പ്രബന്ധം. നാൽപതു എഞ്ചിനുകളും മികവുറ്റ റഡാർ സിസ്ററവുമൊക്കെയായി നിരന്തരം ഗോളാന്തരയാത്രകൾ വരെ നടത്തിയിരുന്നുവത്രെ ,ബോദാസ് കണ്ടെത്തിയ ഈ വിമാനം. ഈ പുണ്യപുരാതന ശാസ്ത്രസാങ്കേതിക സ്വർഗത്തെ മുച്ചൂടും മുടിച്ചുകളഞ്ഞത് അമ്പും വില്ലുമേന്തി കുതിരപ്പുറത്ത് കയറിവന്ന ചില പ്രാകൃതരാണ് എന്നു പരിതപിക്കുന്നതോടൊപ്പം ആ പ്രാകൃതരുടെ പിൻമുറക്കാരെ സാംസ്കാരിക ജീൻ മാപ്പിംഗ് വഴി വർത്തമാന ഇന്ത്യയിൽ കണ്ടെത്തുക കൂടി ചെയ്താൽ ഫാസിസത്തിന് ലക്ഷണമൊത്ത രാഷ്ട്രീയ അജണ്ട കരഗതമാവും. ദേശാഭിമാനം നിറച്ച പ്രാചീന ഇന്ത്യൻ വിമാനം ഭൂമിയിൽ നിന്നും പറന്നുയരില്ലെങ്കിലും താങ്കളുടെ പാറിക്കൊടി വാനോളമുയർത്താൻ ഇതൊക്കെ മതി എന്നു ഫാസിസ്റ്റുകൾ ഉറച്ചു വിശ്വസിക്കുന്നു.

സാമ്പത്തിക രംഗത്ത് നിന്നു ലഭിക്കുന്ന സൂചനകൾ തികഞ്ഞ വൈദേശിക അടിമത്തത്തിന്റേതാണെങ്കിൽ വൈജ്ഞാനികരംഗത്ത് കൊടിയ മരവിപ്പിന്റെ സൂചനകൾ കണ്ടുതുടങ്ങിയിരിക്കുന്നു. ആഗോള ഗ്രാമത്തിൽ അന്ധവിശ്വാസമോ എന്നും ഇന്റർനെറ്റിന്റെ കാലത്ത് അടിമച്ചങ്ങലയോ എന്നുമൊക്കെ അത്ഭുതം കൂറുന്ന ശുദ്ധഗതിക്കാർക്കുള്ള മറുപടി ആണ് വാലർസ്റ്റീൻ തന്റെ സിദ്ധാന്തങ്ങളിലൂടെ നൽകുന്നത്. വികസിത മുതലാളിത്ത രാജ്യങ്ങളുടെ ഇരുണ്ട മറുഭാഗമാകാൻ വിധിക്കപ്പെട്ട ഒരു രാജ്യത്തു ഏറ്റവും ഉന്നതമായ ശാസ്ത്രസാങ്കേതിക സൗകര്യങ്ങൾ പോലും അശാസ്ത്രീയതയുടെ പ്രചരണോപാധി ആയി മാറാനാണ് സാധ്യത. മുതലാളിത്തത്തിന്റെ ഇരട്ടത്താപ്പ് കേവലം സാമ്പത്തികരംഗത്ത് മാത്രമായി ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. എല്ലാ മേഖലകളിലും അത് ചെറിയ സ്വർഗങ്ങളും വലിയ നരകങ്ങളും സൃഷ്ടിച്ചുകൊണ്ടേയിരിക്കും. ചില്ലുകൂട്ടിൽ സുരക്ഷിതമായി അടക്കം ചെയ്ത ഇത്തരം ചെറു സ്വർഗ്ഗങ്ങൾ പുറത്തു മരവിച്ചു നിർത്തിയ മഹാജനാവലികളെ സൃഷ്ടിക്കും. ഓൺലൈൻ ജ്യോതിഷ ക്ലാസുകൾ മറ്റ് കപടശാസ്ത്രങ്ങളും വിതരണം ചെയ്തു നമ്മുടെ സർവകലാശാലകൾ സായൂജ്യം അടയുന്ന കാലം അനതിവിദൂരമല്ല. വർത്തമാനകാലവുമായി ബന്ധപ്പെട്ട ഒരു ജനത പേറുന്ന എല്ലാത്തരം അപകർഷതാബോധങ്ങൾക്കും പരിഹാരമായി പൗരാണികതയുടെ മണ്ണിൽ തലപൂഴ്ത്തിനിൽക്കുന്ന ഒരു പുതു തലമുറയെ സൃഷ്ടിക്കാൻ ആണ് ഇന്നത്തെ ഇന്ത്യൻ ഭരണവർഗം കിണഞ്ഞുപരിശ്രമിക്കുന്നത്. ആയതിനാൽ ഇത്തരം അപകർഷതാബോധത്തിന്റെ സാംസ്കാരിക മൂലധനത്തിനെതിരെയുള്ള സമരതുറസ്സുകളിൽ തലയുയർത്തി നിൽക്കുന്ന ബദൽ മാതൃകകൾ ശാസ്ത്രത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മേഖലകളിൽ അടിയന്തിരമായി സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.



# ദയാവധം കാത്ത് ഒരു സർവകലാശാല: എം.ജി. സർവകലാശാലയിലെ പ്രതിസന്ധികൾ



**ടോമിച്ചൻ ജോസഫ്**
(സെനറ്റ് മെമ്പർ, എം.ജി.സർവകലാശാല)

കേരളസംസ്ഥാനത്തെ സർവകലാശാലകളിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ ഭരണ-അക്കാദമിക് മേഖലകളിൽ കൈവരിച്ച സർവകലാശാലയായിരുന്നു കോട്ടയം ആസ്ഥാനമായുള്ള മഹാത്മാഗാന്ധി സർവകലാശാല. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസ വിചക്ഷണരിലും പൊതുസമൂഹത്തിലും വലിയ ആശങ്ക ഉളവാക്കുന്ന വിധത്തിലായിരിക്കുന്നു പ്രസ്തുത സർവകലാശാലയുടെ സമീപകാല പ്രവർത്തനങ്ങൾ.

എം.ജി.സർവകലാശാല നിരവധി ദേശീയ-അന്തർദേശീയ പുരസ്കാരങ്ങളും അംഗീകാരങ്ങളും അക്കാദമിക-ഭരണ മികവിന് നേടിയിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി ഗവേഷണ പ്രബന്ധങ്ങളുടെ ഓൺ ലൈൻ അക്സസ്സ് സാധ്യമാക്കിയ സർവകലാശാല, ഇതിന് യൂറോപ്യൻ യൂണിവേഴ്സിറ്റികളുടെ കൺസോർഷ്യത്തിന്റെ അംഗീകാരം, മികച്ച ഇ-ഗവേണൻസിലുള്ള സംസ്ഥാന സർക്കാർ അംഗീകാരം, ഇന്ത്യൻ സയൻസ് അക്കാദമിയുടെ സയൻസ് വിദ്യാഭ്യാസത്തിനുള്ള ഉയർന്ന (15-ാം സ്ഥാനം) റേറ്റിംഗ്, രാജ്യത്തെ 50 പ്രൊഡക്റ്റിവ് സർവകലാശാലയുടെ CSIR തയ്യാറാക്കിയ പട്ടികയിൽ, ഇന്ത്യ റ്റുഡേയുടെ വിദ്യാഭ്യാസ റാങ്കിംഗ് സർവേയിൽ 28-ാം സ്ഥാനം, ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ ഇന്ത്യൻ സർവകലാശാലകളുടെ പട്ടികയിൽ 15-ാം സ്ഥാനം എന്നിവ അവയിൽ ചുരുക്കം ചിലതു മാത്രം. ഇന്തോ-അമേരിക്കൻ സംയുക്ത ഗവേഷണ സംരംഭമായ ഒബാമ-സിംഗ്

നോളജ് ഇനിഷ്യേറ്റീവ് അവാർഡ് (2011) ആദ്യ വർഷംതന്നെ ലഭ്യമായത് സർവകലാശാലയിലെ പരിസ്ഥിതി പഠനത്തിനും സുസ്ഥിര വികസനത്തിനുമുള്ള അന്തർസർവകലാശാലാകേന്ദ്രം സമർപ്പിച്ച പദ്ധതിക്കായിരുന്നു. പാഠ്യപദ്ധതി, ഗവേഷണം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ അമേരിക്കയിലെ ബ്രൗൺ, ഡ്യൂക്ക്, പ്ലിമത്ത് എന്നീ സർവകലാശാലകളുമായി യോജിച്ച് പ്രവർത്തിക്കുന്നതിനാണ് അവാർഡ് തുകയായ രണ്ടര ലക്ഷം ഡോളർ വിനിയോഗിക്കുന്നത്. ഇന്ത്യയിലെ ഒരു ചെറിയ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി സർവകലാശാല ഈ നേട്ടം കൈവരിച്ചത്, കേന്ദ്രഫണ്ടുകളുടെയും നാഗരികസൗകര്യങ്ങളുടെയും പശ്ചാത്തലസമൃദ്ധിയിൽ പ്രവർത്തിക്കുന്ന ഡൽഹി, കാൺപൂർ ഐ.ഐ.റ്റികൾ, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി എന്നീ സ്ഥാപനങ്ങൾക്കൊപ്പമാണെന്നതു ശ്രദ്ധേയം. ഈ അവാർഡ് അതിരമ്പുഴയിലെത്തുമ്പോൾ അതിന്റെ തിളക്കം വർദ്ധിക്കുന്നു. അക്കാദമിക് രംഗത്തുള്ള മികവാർന്ന പ്രവർത്തനങ്ങൾക്ക് മറ്റു നിരവധി ഉദാഹരണങ്ങളുണ്ട്.

2008-2012 കാലഘട്ടത്തിൽ പത്തോളം ബഹുവൈജ്ഞാനിക, അന്തർവൈജ്ഞാനിക പഠനകേന്ദ്രങ്ങൾ ഇവിടെ ആരംഭിച്ചു. ഈ അന്തർസർവകലാശാലാ കേന്ദ്രങ്ങൾക്കു പുറമേ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്മെന്റുകളായ സംഗീതപഠനവകുപ്പും ടൂറിസം പഠനവകുപ്പും തുടങ്ങി. കേരളത്തിലെ സർവകലാശാലകളിൽ ഏറ്റവും കൂടുതൽ ഇന്റർയൂണിവേഴ്സിറ്റി സെന്ററുകൾ ആരംഭിച്ചത് എം.ജി. സർവകലാശാലയിലായിരുന്നു. പരിസ്ഥിതിപഠനത്തിനും സുസ്ഥിരവികസനത്തിനുമുള്ള പഠനകേന്ദ്രം (2009), ഇന്ത്യൻ സർവകലാശാലകളിൽ തന്നെ ആദ്യത്തേത് എന്നു വിശേഷിപ്പിക്കാവുന്ന ഡിസെബിലിറ്റീസ് സ്റ്റഡി സെന്റർ (2010), ഗവേഷണത്തിനും സാമൂഹ്യസേവനത്തിനുമുള്ള സാമൂഹ്യശാസ്ത്ര കേന്ദ്രം (2010), ബയോമെഡിക്കൽ ഗവേഷണകേന്ദ്രം (2010), ഇൻസ്ട്രമെന്റേഷൻ കേന്ദ്രം (2011), കേരളത്തിലെ സർവകലാശാലകളിലെ ആദ്യത്തെ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ്. പ്രോഗ്രാം ആരംഭിച്ച ഐ.ഐ.ആർ.ബി.എസ്. കേന്ദ്രം (2011), ഇംഗ്ലിഷ് ഭാഷയ്ക്കും കമ്യൂണിക്കേഷൻ പഠനത്തിനുമായി ആരംഭിച്ച കേന്ദ്രം(2008), ഗവേഷണപദ്ധതികളിൽ അന്താരാഷ്ട്രനിലവാരം പുലർത്തുന്ന നാനോ സയൻസ്, നാനോ ടെക്നോളജി പഠനകേന്ദ്രം, അന്താരാഷ്ട്ര സഹകരണത്തിനുള്ള പഠനകേന്ദ്രം (2011), സമകാലിക ചൈനീസ് പഠനത്തിനുള്ള ഇൻസ്റ്റിറ്റ്യൂട്ട്(2011), പ്ലാനിംഗിനും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള പഠനങ്ങൾക്കുമായി സ്ഥാപിച്ച കെ.എൻ.രാജ് സെന്റർ (2011) തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടുന്നു.

ദേശീയതലത്തിൽ 11-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ (2007-12) യു.ജി.സി മുന്നോട്ടു വച്ച അക്കാദമിക് - ഭരണപരിഷ്ക്കാരങ്ങൾ സമയബന്ധിതവും കാര്യക്ഷമമായും നടപ്പിലാക്കി 2012-ൽ യു.ജി.സിക്ക് അവലോകന റിപ്പോർട്ട് സമർപ്പിച്ച സർവകലാശാലയാണ് എം.ജി. സർവകലാശാല. യു.ജി.സിയുടെ പ്രവർത്തനപദ്ധതി നിർദ്ദേശിക്കുന്ന ബിരുദ-ബിരുദാനന്തരതലങ്ങളിലെ കരിക്കുലം പരിഷ്ക്കരണം, വിദ്യാർത്ഥി പ്രവേശനത്തിലെ സുതാര്യതയും ജനാധിപത്യവൽക്കരണവും, പരീക്ഷാനടത്തിപ്പിലെയും ഫലപ്രഖ്യാപനത്തിലെയും സമയനിഷ്ഠയും കൃത്യതയും, സർവകലാശാലയിലെ ഭരണതലത്തിലെ ആധുനികവൽക്കരണം എന്നീ കാര്യങ്ങളിൽ എം.ജി. സർവകലാശാല വലിയ നേട്ടങ്ങളായിരുന്നു കൈവരിച്ചിരുന്നത്. 2009-ലാണ് അഫിലിയേറ്റഡ് കോളേജുകളിലെ ഏതാണ്ട് 106 ബിരുദതലപ്രോഗ്രാമുകളുടെ കരിക്കുലവും സിലബസും പരിഷ്ക്കരിക്കുന്നതിന് സർവകലാശാല തുടക്കം കുറിക്കുന്നത്. യു.ജി.സി. അവതരിപ്പിച്ച മാതൃകാകരിക്കുലത്തിന്റെയും കേരളസംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ മുന്നോട്ടുവെച്ച കരിക്കുലം പുനഃസംഘടനാ സമിതിയുടെ (ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ശാസ്ത്രജ്ഞനായ പ്രൊഫ.എം.വിജയൻ അദ്ധ്യക്ഷനായ സമിതി) റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരുന്നു ഈ നവീകരണം. പത്തു വർഷത്തെ ഇടവേളയ്ക്കുശേഷമാണ് അക്കാദമിക് കൗൺസിലും വിവിധ വിഷയങ്ങളുടെ ബോർഡ് ഓഫ് സ്റ്റഡീസും വിപുലമായ അധ്യാപക പങ്കാളിത്തത്തോടെ ജനാധിപത്യപരമായ രീതിയിൽ കരിക്കുലം പരിഷ്ക്കരണത്തിന് തുടക്കം കുറിച്ചത്. നേരിട്ടുള്ള ഗ്രേഡിംഗ് സംബന്ധിച്ച് വിമർശനങ്ങൾ ഉയർന്നു വന്നിരുന്നെങ്കിലും ഈ പരിഷ്ക്കാരശ്രമങ്ങൾ സർവകലാശാലയിലും അഫിലിയേറ്റഡ് കോളേജുകളിലും ഭരണ-അക്കാദമിക് മേഖലകളിലെ വലിയ മാറ്റങ്ങൾക്ക് കാരണമായി.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തെ മികവിന്റെ കേന്ദ്രങ്ങളിലും മാത്രം നിലനിന്നിരുന്ന കരിക്കുലം ചട്ടക്കൂട്, ക്രെഡിറ്റ് - സെമസ്റ്റർ സമ്പ്രദായം നടപ്പിലാകുന്നതോടെ ബഹുഭൂരിപക്ഷം വരുന്ന സാധാരണ വിദ്യാർത്ഥികൾ പഠിക്കുന്ന ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും നിലവിൽ വന്നു. "എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം" എന്ന യുനസ്കോയുടെ വിദ്യാഭ്യാസ മുദ്രാവാക്യം ഇവിടെ പ്രസക്തമാവുകയായിരുന്നു. ക്രെഡിറ്റ് - സെമസ്റ്റർ സമ്പ്രദായത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് സ്ഥിരാധ്യാപക നിയമനം അനിവാര്യമാണ് എന്ന യാഥാർത്ഥ്യം സംസ്ഥാന സർക്കാരിന് അംഗീകരിക്കേണ്ടിവന്നതും ഈ കാലഘട്ടത്തിലാണ്. ഏകദേശം ഒരു വ്യാഴവട്ടക്കാലം നിലനിന്നിരുന്ന അധ്യാപക നിയമനനിരോധനം പിൻവലിച്ച്, സർക്കാർ കോളേജുകളിൽ എണ്ണൂറും എയ്ഡഡ് കോളേജുകളിൽ ആയിരത്തി അറുനൂറും അധ്യാപക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. എയ്ഡഡ് കോളേജുകളിൽ അനുവദിച്ച പല കോഴ്സുകളും സ്വാശ്രയാടിസ്ഥാനത്തിലായിരുന്നു നടത്തിയിരുന്നത്. സർക്കാർതന്നെ ഈ രീതിയിൽ ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ കരിക്കുലം പരിഷ്ക്കാരം സൃഷ്ടിച്ച അക്കാദമിക് സമ്മർദ്ദത്തിന്റെ ഫലമായി 1600 പുതിയ അധ്യാപക തസ്തികകൾ എയിഡഡ് കോളേജുകളിൽ അനുവദിച്ചു. 1:30 എന്ന അധ്യാപക വിദ്യാർത്ഥി അനുപാതം അനുസരിച്ച്, 1600 പുതിയ അധ്യാപകർ എന്നത് 50000 ഓളം വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം സൗജന്യമായി നൽകുന്നതിന് തുല്യമാണെന്നു കാണാം. സ്വാശ്രയ കോളേജുകളും കോഴ്സുകളും മാത്രമാണ് നാട്ടിലെ വിദ്യാഭ്യാസത്തിന്റെ രക്ഷാമാർഗ്ഗം എന്ന് അംഗീകരിച്ച കാലത്താണ് ഈ മാറ്റത്തിന് കേരളത്തിൽ കളമൊരുങ്ങിയത്. പുതിയ അധ്യാപക


തസ്തികകൾ കോളേജിൽ അനുവദിച്ചവരും അത് അനുഭവിച്ചവരും ഈ കാര്യം ഒരുപക്ഷേ വിസ്മരിച്ചിരിക്കാം. മഹാത്മാഗാന്ധി സർവകലാശാലാ മേഖലയിലെ 62 എയിഡഡ് കോളേജുകളിലും 8 സർക്കാർ കോളേജുകളിലുമായി 450 പുതിയ അധ്യാപകരാണ് ക്രെഡിറ്റ് - സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ പേരിൽ സ്ഥിരനിയമനം സമ്പാദിച്ചത് (സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കാത്തവർക്കുപോലും കോഴ്സുകൾ അനുവദിക്കുന്ന ഈ കാലഘട്ടത്തിൽ ഗസ്റ്റ് അധ്യാപകരെ നിയമിച്ച് മാനേജുമെന്റുകൾ ഉന്നതവിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോവുകയാണ്!).

സർവകലാശാലാ ജീവനക്കാർ അക്കാദമിക്-ഭരണപരിഷ്ക്കാരങ്ങൾ വിജയിപ്പിക്കാൻ ഇത്ര കാര്യക്ഷമതയോടെയും അർപ്പണമനോഭാവത്തോടെയും പ്രയത്നിച്ച ഒരു കാലഘട്ടമുണ്ടായിരുന്നില്ല. സിൻഡിക്കേറ്റ് ആവശ്യപ്പെട്ടതനുസരിച്ച് സർക്കാർ സർവകലാശാലയിൽ ജീവനക്കാർക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ചു നൽകി. തങ്ങളുടെ ആർജ്ജിതനേട്ടങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ സർവകലാശാലയിൽ കംപ്യൂട്ടർ വൽക്കരണം ഉൾപ്പെടെയുള്ള ആധുനികവൽക്കരണ നടപടികളിൽ ജീവനക്കാർ സജീവമായി പങ്കാളികളായി. ജീവനക്കാർ തങ്ങളുടെ സർവ്വകലാസാലയുടെ നിയമപരമായി ലഭിക്കേണ്ട ഗ്രാന്റിനായി പ്രക്ഷോഭത്തിന്റെ പാതയിലാണ്. ഓട്ടോണമസ് സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാദ്ധ്യതയില്ലെന്നും തനതുവിഭവസമാഹരണം നടത്തണമെന്നും കേരളസർക്കാർ ഗ്രാന്റ് സംബന്ധിച്ച കേസിൽ കേരളഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചിരിക്കയാണ്. ഓട്ടോണമസ് പദവിക്കുവേണ്ടി സർക്കാരിൽ അപേക്ഷ നൽകിയിട്ടുള്ള എയിഡഡ് കോളേജ് അധികാരികൾ ഈ സത്യവാങ്മൂലം കാണേണ്ടതാണ്.

വിദ്യാർത്ഥിപ്രവേശനത്തിന്റെ കാര്യത്തിൽ ഏകജാലകസംവിധാനം (ക്യാപ്പ്) ബിരുദ-ബിരുദാനന്തര തലങ്ങളിൽ ആദ്യം നടപ്പിലാക്കിയ സർവകലാശാലയാണ് മഹാത്മാഗാന്ധി സർവകലാശാല. സർവകലാശാലയുടെ മനുഷ്യവിഭവശേഷിയും സാങ്കേതികസൗകര്യങ്ങളും വിനിയോഗിച്ചുകൊണ്ടാണ് ഈ സംവിധാനം നടപ്പിലാക്കിയത്. ഇത് സർവകലാശാലയുടെ അക്കാദമിക്-ഭരണരംഗത്ത് ഗുണകരമായ മാറ്റങ്ങൾക്ക് ഇടയാക്കി. അതേ സമയംതന്നെ അഫിലിയേറ്റഡ് കോളേജുകളിൽ മെറിറ്റിന്റെയും സർക്കാർ നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥിപ്രവേശനം സജീവവുമാക്കി. ക്രെഡിറ്റ്-സെമസ്റ്റർ സമ്പ്രദായം ഉന്നതവിദ്യാഭ്യാസരംഗത്തെ ഗുണകരമായ മാറ്റത്തിനും ഏകജാലക സമ്പ്രദായം സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ മാറ്റത്തിനും ഇടയാക്കി. ഉന്നത വിദ്യാഭ്യാസരംഗത്തെ പൊതുസ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും ഇതു സഹായകരമായി. സർവകലാശാലയിലെ പരീക്ഷാവിഭാഗത്തിന്റെ ആധുനികവൽക്കരണത്തിന് ക്രെഡിറ്റ്-സെമസ്റ്റർ സമ്പ്രദായവും ഏകജാലക വിദ്യാർത്ഥി പ്രവേശനവും ഏറെ സഹായകരമായി. ഏകജാലക വിദ്യാർത്ഥി പ്രവേശന സംവിധാനത്തിലൂടെ ലഭ്യമായ വിദ്യാർത്ഥികളെ സംബന്ധിച്ച വ്യക്തിപരവും അക്കാദമികവുമായ ഡേറ്റ പരീക്ഷാവിഭാഗത്തിന് കൈമാറിയതോടെ, വിദ്യാർത്ഥി പ്രവേശനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള സർവകലാശാല - കോളേജുതലങ്ങളിലെ വിവിധ പരീക്ഷാ നടപടിക്രമങ്ങളെ ഒരു ചരടിൽ കൂട്ടിയിണക്കുന്ന ഓൺലൈൻ സംവിധാനം രൂപീകരിക്കാൻ കഴിഞ്ഞിരുന്നു. 2010 ഒക്ടോബറിലെ ആദ്യ ബാച്ചിന്റെ സെമസ്റ്റർ പരീക്ഷാഫലം 45 ദിസങ്ങൾക്കുള്ളിൽ പ്രസിദ്ധീകരിക്കാൻ കണ്ണൂർ, കോഴിക്കോട് സർവകലാശാലകൾക്കൊപ്പം മഹാത്മാഗാന്ധി സർവകലാശാലയ്ക്കും കഴിഞ്ഞു. യൂണിവേഴ്സിറ്റി വിജയം ഡോട്ട് കോം എന്ന ശീർഷകത്തിൽ കോട്ടയത്തെ പത്രങ്ങൾ സർവകലാശാലകളെ അഭിനന്ദിച്ച് എഡിറ്റോറിയൽ എഴുതിയത് കേരള നിയമസഭയിലും പരാമർശവിഷയമായിരുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ, സർവകലാശാലാ ജീവനക്കാർ എന്നിവരുമായി കൂടിയാലോചന നടത്തിയ ശേഷം സർവകലാശാല തയ്യാറാക്കുന്ന അക്കാദമിക് പരീക്ഷാകലണ്ടറുകളുടെ അടിസ്ഥാനത്തിൽ സർവകാലാശാലയും അഫിലിയേറ്റഡ് കോളേജുകളും പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു പരീക്ഷാരംഗത്തെ നേട്ടങ്ങൾ.

ചർച്ചയില്ലാതെ പുറത്തിറക്കുന്ന പരീക്ഷാകലണ്ടർ, ഒരിക്കലും പുറത്തുവരാത്ത അക്കാദമിക് കലണ്ടർ തുടങ്ങിയവ ഇന്ന് സർവകലാശാലയുടെ പ്രവർത്തന രീതിയായി മാറിയിരിക്കുന്നു. 2014 മെയ് മാസം 13ന് പുറത്തുവന്ന പ്ലസ്-ടൂ പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി പ്രവേശനം സർവകലാശാല ഔദ്യോഗികമായി പൂർത്തിയാക്കിയത് 2014 ഒക്ടോബർ 10-നാണ്. പ്രവേശനത്തിന്റെ അവസാന തീയതി എത്ര പ്രാവശ്യം നീട്ടിയെന്നത് സർവകലാശാലയ്ക്കുതന്നെ അറിയില്ല. എന്നാൽ കൃത്യമായി ഈ ഒന്നാം സെമസ്റ്ററുകാരുടെ പരീക്ഷാതീയതി പ്രഖ്യാപിച്ചു - നവംബർ 27; ഒക്ടോബർ മാസം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് 90 ദിവസമുള്ള ഒരു സെമസ്റ്ററിൽ പരമാവധി ലഭിക്കുന്നത് 25-30 പ്രവൃത്തി ദിവസങ്ങൾ മാത്രം. ഏകജാലകസമ്പ്രദായം എന്ന് ഉച്ചരിക്കുന്നവരെ കണ്ടാൽ വിദ്യാർത്ഥികളും രക്ഷിതാക്കളും 'കൈകാര്യം' ചെയ്യുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിച്ചിരിക്കുന്നു. വിദ്യാർത്ഥിപ്രവേശനത്തിൽ ഈ സർവകലാശാല ലംഘിക്കാൻ ഇനി ഒരു നിയമവും ബാക്കിവെച്ചിട്ടില്ല. പൊതുസ്ഥാപനങ്ങൾക്ക് ഉള്ളിൽനിന്നുതന്നെ അതിനെ ദുർബലമാക്ക ഇപ്പോൾ കൈക്കൊള്ളുന്നത്.

അർത്ഥവത്തായ കൂടിയാലോചനകളില്ലാതെ, അക്കാദമികേതര താൽപര്യത്തോടുകൂടി സർവകലാശാലകളിൽ അടിച്ചേൽപ്പിച്ച ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ മഹാത്മാഗാന്ധി സർവകലാശാലയുടെ അക്കാദമിക്-ഭരണ സ്തംഭനത്തിന് ഇടയാക്കിയിരിക്കയാണ്. പരീക്ഷാസംവിധാനം പൂർണ്ണമായും പൊളിച്ചടുക്കി. കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പുതിയ റെഗുലേഷന്റെ അടിസ്ഥാനത്തിൽ 2012-13 അധ്യയനവർഷം ബിരുദ കോഴ്സുകൾക്കു ചേർന്ന 35000 ഓളം റഗുലർ വിദ്യാർത്ഥികൾ നാല് സെമസ്റ്റർ പരീക്ഷകൾ എഴുതിക്കഴിഞ്ഞു. ഒരു സെമസ്റ്ററിന്റെ പരീക്ഷാഫലം ഒരു കണക്കിനു പുറത്തുവന്നത് കൂട്ടത്തോൽവിയുടെ കഥയാണ് പറയുന്നത്. ഒന്നാം സെമസ്റ്റർ പരീക്ഷ നടത്താതെതന്നെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിച്ചു. പരീക്ഷയ്ക്കുവേണ്ടി ക്ലാസ്സുകൾ വീണ്ടും നിർത്തിവച്ചിരിക്കയാണ്. റഗുലർ വിദ്യാർത്ഥികളുടെ അത്രതന്നെ വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷയും എഴുതുന്നുവെന്നതാണ് കരിക്കുലം




പരിഷ്ക്കാരത്തിന്റെ ആദ്യഫലം. പുതുക്കിയ റെഗുലേഷൻ അനുസരിച്ചുള്ള പരീക്ഷാ സോഫ്റ്റ് വെയർ രൂപകല്പന ചെയ്യാൻ സർവകലാശാലയ്ക്ക് രണ്ട് സെമസ്റ്റർ കാലയളവ് വേണ്ടിവന്നു. പുറത്തുവന്ന സോഫ്റ്റ് വെയർ അതിന്റെ ദൗർബല്യം ഓരോ ഘട്ടത്തിലും പ്രകടിപ്പിച്ചുകൊണ്ടിരുന്നു. രണ്ടാം സെമസ്റ്ററിന്റെ ഇന്റേണൽ മാർക്കുകൾ യൂണിവേഴ്സിറ്റി പോർട്ടലിൽ രേഖപ്പെടുത്താൻ കോളേജുകൾ പ്രയത്നം നടത്തിക്കൊണ്ടിരിക്കുകയാണ്. പരീക്ഷാ ഫലപ്രഖ്യാപനം വൈകുന്നതിന് ഇടയാക്കിയത് 2009-ലെ ക്രെഡിറ്റ്-സെമസ്റ്റർ റെഗുലേഷനിൽ വരുത്തിയ കാതലായ മാറ്റമാണ്. മറ്റ് സർവകലാശാലകൾ ഒരു വർഷത്തെ ചർച്ചകൾക്കും കൂടിയാലോചനയ്ക്കും സമയം കണ്ടെത്തിയപ്പോൾ മഹാത്മാഗാന്ധി സർവകലാശാലയുടെ അധികൃതർ 2009-ലെ റെഗുലേഷൻ മാറ്റിയത് അതിന്റെ വിജയത്തിന്റെ സുപ്രധാന ഘടകമായിരുന്ന നവംബർ-മെയ് വിഭജിത വെക്കേഷൻ മാറ്റി പഴയ ഏപ്രിൽ-മെയ് വാർഷിക വെക്കേഷൻ സമ്പ്രദായം നടപ്പിലാക്കിക്കൊണ്ടായിരുന്നു. ഹൃദയകുമാരി കമ്മിറ്റിക്ക് ഇതിനു ന്യായീകരണം ഉണ്ടായിരുന്നു. കേരളത്തിലെ കാലാവസ്ഥ നവംബർ-മെയ് വെക്കേഷന് യോജിച്ചതല്ലത്രേ! ഇപ്പോൾ സർവകലാശാല അക്കാദമിക്-ഭരണരംഗങ്ങളിൽ സ്തംഭനത്തിന്റെ കൊടും ശൈത്യത്തിലാണ് എത്തിനിൽക്കുന്നത്. അക്കാദമിക്-പരീക്ഷാ സംവിധാനങ്ങൾ പൊളിച്ചടുക്കിയ രാഷ്ട്രീയതിമിരം ബാധിച്ചവർക്കു പകരം വെയ്ക്കാൻ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ബൗദ്ധിക ഇടപെടലും കഠിനാദ്ധ്വാനവും കൊണ്ട് നിർമ്മിച്ച അക്കാദമിക് സംവിധാനങ്ങൾക്ക് കൗശലവും ക്രമക്കേടും പകരമാകില്ലായെന്ന് സർവകലാശാലയുടെ നിലവിലുള്ള സ്തംഭനാവസ്ഥ സാക്ഷ്യപ്പെടുത്തുന്നു. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ വിദ്യാഭ്യാസ വിഭാഗം പന്ത്രണ്ടാം പദ്ധതി കാലയളവിൽ (2012-2017) ഇന്ത്യ മുഴുവൻ അക്കാദമിക് ക്രെഡിറ്റ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഈ സംവിധാനം വിജയകരമായി നടപ്പിലാക്കിയ സർവകലാശാലകളെ പൈലറ്റ് പഠനത്തിന് തെരഞ്ഞെടുത്തിരുന്നു. 2011-ൽ ആ പട്ടികയിൽ മഹാത്മാഗാന്ധി സർവകലാശാലയെയും പ്ലാനിംഗ് കമ്മീഷൻ ഉൾപ്പെടുത്തിയിരുന്നു. നവംബർ-മെയ് മാസങ്ങളിലെ സെമസ്റ്റർ ഇടവേള, ഒമ്പതോളം കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ, ക്യാമ്പുകളിൽനിന്ന് ഓൺലൈൻ സംവിധാനംവഴി ദിവസവും യൂണിവേഴ്സിറ്റി മുഖ്യ കമ്പ്യൂട്ടർ സംവിധാനത്തിലേക്ക് മാർക്കുകൾ കൈമാറുന്ന പതിവ്, ഫോൾസ് നമ്പറുകൾ ഒഴിവാക്കിക്കൊണ്ടുള്ള ബാർകോഡ് ഉത്തരബുക്കുകൾ, ഹാൾടിക്കറ്റുകളുടെ ഓൺലൈൻ വിതരണം, സർവകലാശാലയിലെ പരീക്ഷാ മോണിറ്ററിംഗ് വിഭാഗം, സിസ്റ്റം അഡ്മിനിസ്ട്രേറ്ററുടെയും സീടെക്സിന്റെയും നേതൃത്വത്തിലുള്ള സാങ്കേതിക വിദഗ്ധരടങ്ങിയ ജീവനക്കാരുടെ ടീം എന്നീ ഘടകങ്ങൾ പരീക്ഷയും ഫലപ്രഖ്യാപനവും തമ്മിലുള്ള ദൈർഘ്യം കുറച്ചുവെന്നതാണ് യാഥാർത്ഥ്യം. അടുത്ത സെമസ്റ്റർ പരീക്ഷക്ക് മുമ്പുതന്നെ കഴിഞ്ഞ സെമസ്റ്ററിലെ റിസൽട്ട് സർവകലാശാല പ്രസിദ്ധീകരിച്ചു പോന്നു. പരീക്ഷാവിഭാഗത്തിൽ അധ്യാപകരുടെ സർവീസ്-അക്കാദമിക് വിവരശേഖരണത്തിന് ഉപയോഗിച്ചിരുന്ന ഇൻഡക്സ് കാർഡിന് പകരം ടീച്ചേഴ്സ് പോർട്ടൽ സംവിധാനം 2010-ൽ രൂപീകരിച്ചു. പതിനായിരത്തോളം അധ്യാപകർ ഇതിൽ രജിസ്റ്റർ ചെയ്തിരുന്നു. എന്നാൽ ഈ സംവിധാനം ആഘോഷത്തോടെ ഉദ്ഘാടനം ചെയ്യാൻ മാത്രമാണ് പിന്നീടു വന്ന അധികൃതർ സമയം കണ്ടെത്തിയത്. 2013 നവംബർ -ഡിസംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ റിസൽട്ടിന്റെ ഡ്രാഫ്റ്റ് കൂട്ടത്തോൽവിയുടെ ചിത്രമാണ് നൽകുന്നതെന്ന പത്രറിപ്പോർട്ടുകൾ പുറത്തു വന്നുകഴിഞ്ഞു. ഈ കൂട്ടത്തോൽവിയുടെയും കാലവിളംബത്തിന്റെയും കാരണങ്ങൾ വിശദീകരിക്കാൻ കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസകൗൺസിലിനും സർവകലാശാലയ്ക്കും വിദ്യാർത്ഥികളോടും പൊതുസമൂഹത്തോടും ബാധ്യത ഉണ്ട്. ഹൃദയകുമാരി കമ്മിറ്റി റിപ്പോർട്ടിന്റെ ആദ്യ ഇരകൾ മഹാത്മാഗാന്ധി സർവകലാശാലയിൽ 2013-14 അധ്യയനവർഷം ബിരുദപഠനം ആരംഭിച്ച പാവം വിദ്യാർത്ഥികളാണ്. മോഡറേഷൻ സമ്പ്രദായം 2009-10 ലെ ക്രെഡിറ്റ്-സെമസ്റ്റർ സമ്പ്രദായത്തോടെ സർവകലാശാല നിർത്തലാക്കിയിരുന്നു. തോറ്റവരെ മിനിമം മാർക്കിന്റെ കടമ്പ കടത്തിവിടുന്നതിനുള്ള ഗവേഷണത്തിലാണ് കരിക്കുലം പരിഷ്ക്കാരത്തിന്റെ പുരപ്പാട്ടുകാർ. റിസൽട്ട് വൈകുന്നതോടെ വിദ്യാർത്ഥികൾക്ക് അവരുടെ റിസൽട്ട് ഇംപ്രൂവ് ചെയ്യാനും തോറ്റവർക്ക് വീണ്ടും എഴുതാനുമുള്ള അവസരങ്ങൾ കൂടിയാണ് നഷ്ടമാകുന്നത്. പരീക്ഷകൾ നടത്തിക്കൊടുത്താലും കോഴ്സ് പൂർത്തിയാകുന്നതിന് മുമ്പ് റിസൽട്ട് പ്രസിദ്ധീകരിക്കാൻ എങ്ങനെ സാധിക്കും? ഇതിനെല്ലാം പരിഹാരമെന്ന രീതിയിൽ സർവകലാശാല കണ്ടുപിടിച്ചിരിക്കുന്നത് നവംബർ മാസം അഫിലിയേറ്റഡ് കോളേജുകൾ കുറച്ചുദിവസം അടിച്ചിടുക എന്നതാണ്. ഫലത്തില നവംബർ-മെയ് വെക്കേഷൻ സമ്പ്രദായം ശരിവെയ്ക്കുന്ന തീരുമാനമാണ് സർവകലാശാല സിൻഡിക്കേറ്റിന്റേത്. ഇത് യഥാർത്ഥത്തിൽ ഹൃദയകുമാരി കമ്മിറ്റി ശുപാർശകൾക്ക് വിരുദ്ധമാണ്. അല്ലെങ്കിൽ കേരളത്തിലെ 'കാലാവസ്ഥാവ്യതിയാനം' സർവകലാശാല മന

# സാംസ്കാരിക ഫാസിസം അപലപനീയം



**പ്രശസ്ത തമിഴ് എഴുത്തുകാരൻ പെരുമാൾ മുരുഗനെതിരെയുള്ള വർഗ്ഗീയ ഫാസിസ്റ്റ് അക്രമങ്ങളെ അപലപിക്കുക. ഫാസിസം സാംസ്കാരിക രംഗത്തും പിടിമുറുക്കി പുരോഗമന ആശയങ്ങളെ നിശ്ശബ്ദമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു എന്നതിന്റെ തെളിവാണ് പെരുമാൾ മുരുഗനെതിരെയുള്ള നടപടികൾ. പുസ്തകം കത്തിച്ചുകളഞ്ഞാൽ ആശയലോകം മുഴുവൻ കത്തിക്കാം എന്ന വ്യാമോഹമാണിവിടെ സംഘപരിവാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ പ്രതിഷേധിക്കാൻ എല്ലാവരും മുന്നിട്ടിറങ്ങുക.**

സ്സിലാക്കി തുടങ്ങിയിരിക്കുന്നു. നവംബർ-മെയ് വെക്കേഷൻ സമ്പ്രദായം എടുത്തുകളഞ്ഞവർതന്നെ നവംബറിൽ അഫിലിയേറ്റഡ് കോളേജുകൾ അടച്ചിട്ട് മൂല്യനിർണ്ണയ ക്യാമ്പുകൾ നടത്തുന്നത് വിചിത്രമായ നടപടിയാണ്. അധ്യാപകരെ പരീക്ഷാജോലികൾക്ക് നിയമിക്കാൻ സർവകലാശാലയ്ക്ക് നിയമപരമായ അധികാരം ഉണ്ട്. എന്നാൽ കോളേജകുളിലെ അധ്യയനം സസ്പെൻഡ് ചെയ്യാൻ നിയമപരമായി എന്ത് അധികാരമാണ് ഉള്ളതെന്ന് പരിശോധിക്കേണ്ടതാണ്. ഡിഗ്രി പരീക്ഷകൾക്ക് അധ്യാപകരെ നിയമിച്ചാൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളുടെ ക്ലാസുകൾ എങ്ങനെ നടത്താൻ കഴിയും? ഈ നിർദ്ദേശം ഓട്ടോണമസ് കോളേജുകൾക്ക് ബാധകമാക്കാൻ സർവകലാശാലകൾക്ക് കഴിയുമോ? കേരള നിയമസഭ ഓട്ടോണമസ് കോളേജ് ഓർഡിനൻസ് ചർച്ച ചെയ്ത് പാസാകുന്നതിനുമുമ്പുതന്നെ വിദ്യാർത്ഥിപ്രവേശനത്തിനും കോഴ്സുകളുടെ നടത്തിപ്പിനും ഓട്ടോണമസ് കോളേജുകൾക്ക് സർവകലാശാല യാതൊരുവിധ ചട്ടങ്ങളും ക്രമീകരിക്കാതെ പൂർണ്ണസ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. 2012-13 അദ്ധ്യയനവർഷം പരിഷ്കരിച്ച പി. ജി. പ്രോഗ്രാമുകൾക്ക് ചേർന്ന വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ റിസൽട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നതേയുള്ളു. പ്രസിദ്ധീകരിച്ച പല വിഷയങ്ങളുടെയും റിസൽട്ട് സർവ്വകലാശാല വെബ്സൈറ്റിൽനിന്ന് പിൻവലിക്കുന്നത് സാധാരണ സംഭവമായി മാറിയിരിക്കുന്നു. ഓരോ സെമസ്റ്ററിലേയും ക്രെഡിറ്റ് കണക്കാക്കുന്നതിൽ പിശകുകൾ കടന്നുകൂടിയിരിക്കുന്നു. 58-ഓളം M.A./M.Sc./M.Com.. മുതലായ പ്രോഗ്രാമുകളാണ് സർവകലാശാലയിലുള്ളത്. ഇതിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ ആദ്യത്തെ രണ്ട് സെമസ്റ്ററുകളിലെ റിസൽട്ടുകൾ മെച്ചപ്പെടുത്താനുള്ള അവകാശം ഈ കാലവിളംബത്തോടെ നഷ്ടപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. കേരളത്തിനു പുറത്തു പഠിക്കാൻ പോയ തങ്ങളുടെ പല കൂട്ടുകാരും പി.ജി.പാസായി ജെ.ആർ.എഫ് - നെറ്റ് പരീക്ഷകൾ പാസായി സംസ്ഥാനത്തെ പല ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗത്തിൽ എത്തിയിരിക്കുന്നു. എന്നാൽ നമ്മുടെ സർവകലാശാലയിലെ കോളേജുകളിൽ പി.ജി.പഠനത്തിന് ചേർന്ന പല മിടുക്കൻമാരും റിസൽട്ട് വരുന്നതും കാത്ത് സ്വയം പഴിച്ച് കഴിഞ്ഞുകൂടുകയാണ്. മിക്കാവാറും എല്ലാ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളുടെയും പരീക്ഷകൾ സംബന്ധിച്ച അവസ്ഥ ഏറെക്കുറെ ഇതുതന്നെയാണ്. സർവകലാശാലയിലെ എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് കോഴ്സുകളും കോളേജുകളും അനുവദിക്കുന്ന രീതി ഒരു പ്രത്യേക വിഷയമായിത്തന്നെ ചർച്ച ചെയ്യേണ്ടതാണ്. സർവകലാശാലയുടെ പരിധിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന മിക്കവാറും എല്ലാ പാരലൽ കോളേജുകളും ഇന്ന് അൺ-എയ്ഡഡ് കോളേജുകളായി സർവകലാശാല ഉയർത്തിയിരിക്കുന്നു. 2013-14 വർഷം മാത്രം 125 പുതിയ ബാച്ച് കോഴ്സുകളും 25 പുതിയ സ്വാശ്രയ കോളേജുകളുമാണ് സർവകലാശാലയ്ക്ക് കീഴിൽ അനുവദിച്ചിരിക്കുന്നത്. കോഴ്സുകൾ അനുവദിക്കുന്നതിനും കോളേജുകൾ ആരംഭിക്കുന്നതിനുമുള്ള സർവകലാശാലയുടെയും മറ്റ് ദേശീയ ഏജൻസികളുടെയും ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഇവിടെ അപ്രസക്തങ്ങളാകുന്നു. അക്കാദമിക - ഭരണനേട്ടങ്ങളുടെ പാതയിൽ സഞ്ചരിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലയെ ദയാവധത്തിന് വിട്ടുകൊടുക്കുന്നതിനു പകരം ചാൻസിലറായ ഗവർണർ സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആദ്യം ഇടപെടേണ്ടത് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാ റിസൽട്ട് പുറത്തുവിടാൻ നടപടി സ്വീകരിച്ചുകൊണ്ടും സർവ്വകലാശാലയുടെ നിലനിപ്പിനാവാശ്യമായി ലഭിക്കേണ്ട ധനസഹായം ഉറപ്പാക്കിക്കൊണ്ടും ആവണം.



# ഇനിയും തുടരണോ ഈ വളർത്തുദോഷം?

സ്വത്തുടമസ്ഥയായ ബൂർഷ്വാസ്ത്രീക്ക് വീടാണ് ലോകമെങ്കിൽ തൊഴിലാളിസ്ത്രീയുടെ വീട് ലോകമാണ്. അതിനാൽ ദരിദ്രരിൽ ദരിദ്രയും ദർബലരിൽ ദുർബലയുമായ അവളുടെ അടിയന്തര കടമ, മുതലാളിത്തത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും തന്നെയും ഒപ്പം മനുഷ്യരാശിയെ ആകെയും മോചിപ്പിക്കാനുള്ള അന്തിമ പോരാട്ടത്തിൽ പങ്കാളിയാവുക എന്നതാണ്.

*റോസലക്സം ബർഗ്*



**എ.ജി.ഒലീന**
*ചെയർപേഴ്സൺ, വനിതാകമ്മിറ്റി*

പുതിയതും എളുപ്പത്തിൽവ്യാഖ്യാനിക്കാനാകാത്തതുമായ സമര രൂപങ്ങളെ നമ്മൾ എന്തു ചെയ്യും? നമ്മുടെ അലമാരയിലെ പഴയ രേഖകൾക്കിടയിൽ ഈ പുതിയ വാർത്തകൾ എവിടെയാണ് സ്ഥാപിക്കുക?

മുലക്കരം ചോദിച്ചെത്തിയ അധികാരിക്കു മുന്നിൽ മുലമുറിച്ചുവെച്ചു കൊടുത്തു ചേർത്തലയ്ക്കടുത്തൊരു നങ്ങേലി. മുല മുറിച്ചു പ്രതിഷേധിച്ച നങ്ങേലിയുടെ സമരസ്മരണയുമായി മുലച്ചിപ്പറമ്പ് നമ്മുടെ മുന്നിലുണ്ട്, നമ്പൂതിരി മനുഷ്യനാകാൻ തീരുമാനിച്ചപ്പോൾ ഏറ്റെടുത്ത ഒരു സമരായുധമായിരുന്നു കുടുമ മുറിക്കൽ. സവർണ മേധാവിത്തത്തിനെതിരെയുള്ള പ്രതിഷേധ രൂപമായിരുന്നു അയ്യാവൈകുണ്ഠന്റെ കണ്ണാടി പ്രതിഷ്ഠയും ശ്രീ നാരായണന്റെ അരുവിക്കരയിലെ പ്രതിഷ്ഠയും അയ്യങ്കാളിയുടെ വില്ലുവണ്ടിയിലെ യാത്രയുമൊക്കെ. കൃഷ്ണപിള്ള ഗുരുവായൂർ ക്ഷേത്രത്തിൽ മണിയടിച്ചത് മറ്റൊരു സമരരൂപം. കുപ്പായം ധരിച്ചു പള്ളിയിലെത്തിയ എശക്കി ചാന്നാട്ടി അറിഞ്ഞോ അറിയാതെയോ വലിയൊരു സമരത്തിനു തുടക്കം കുറിക്കുകയായിരുന്നു. ഇല്ലങ്ങളിലെ ഇരുട്ടു പിടിച്ച അകത്തളങ്ങളിൽ ഒടുങ്ങിപ്പോയ അനേകം വിധവകളുടെ ജീവിതതൃഷ്ണകളെ തി

രിച്ചറിഞ്ഞു കൊണ്ടാണ് വിധവാവിവാഹം ഒരു സമരരൂപമായി ഏറ്റെടുക്കപ്പെട്ടത്. വ്യക്തിയുടെ ഇച്ഛകളും കാമനകളും പൂരിപ്പിക്കപ്പെടേണ്ടതാണെന്നും അതു മനുഷ്യാവകാശപരമാണെന്നുള്ള തിരിച്ചറിവും ആ സമരത്തിനു പിമ്പിലുണ്ടായിരുന്നു. സമുദായാചാരങ്ങളിൽ പെട്ട് നട്ടംതിരിഞ്ഞ നമ്പൂതിരി സ്ത്രീകൾ സ്വാശ്രയ ശീലത്തിലേക്ക് വളരുന്നതിന്റെ സൂചനയാണ് തൊഴിൽ കേന്ദ്രങ്ങളെ കുറിച്ചുള്ള അവരുടെ സ്വപ്നവും അതിന്റെ കലാവിഷ്ക്കാരമായ നാടകവും. ഒരു കലാരൂപം തന്നെ കലാപപരമാവുകയായിരുന്നു. എഴുത്തും സംവിധാനവും പുരുഷവേഷവുമടക്കം നാടകം സമ്പൂർണമായി സ്ത്രീകൾ ആവിഷ്കരിച്ചുകൊണ്ടുള്ള ഒരു സമര രൂപം. ഞാൻ എന്ന സർവനാമം പോലും ജാത്യാചരശ്രേണീ വ്യവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതും അവർണർ ചെരിപ്പിട്ടു നടന്നതും കുടചൂടിയതും ആഭരണങ്ങളണിഞ്ഞതും പൊതുവഴിയിൽ നടന്നതും പൊതു കിണററിൽ നിന്നും വെള്ളമെടുത്തു കുടിച്ചതും ഒക്കെ ഓരോ ഘട്ടങ്ങളിലെ സമരമുദ്രകളായിരുന്നു. കല്ലുമാലയുപേക്ഷിച്ചതും അഷ്ടമുടിക്കായലിൽ അവർണ്ണർ ഓടിവള്ളത്തിൽ സഞ്ചരിച്ചതും അയിത്താചാരങ്ങൾ ബഹിഷ്കരിച്ചതുമൊക്കെ നമ്മുടെ സമരചരിത്രമായി മാറുകയായിരുന്നു. രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ ഇത്തരം എത്രയോ സമരരൂപങ്ങൾ നിറഞ്ഞതാണ് ജാതികേരളത്തിന്റെ ചരിത്രം. കുടുമ മുറിച്ചതിനെതിരെയും അയിത്താചാരങ്ങൾ ലംഘനത്തിനെതിരെയുള്ള പ്രതിഷേധ ശബ്ദങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. തെരഞ്ഞാൽ ചരിത്രത്തിന്റെ പുരാവസ്തു ശേഖരത്തിൽ നാണയങ്ങൾക്കൊപ്പം ചവററു കുട്ടയിൽ മാത്രം സ്ഥാനം കിട്ടേണ്ടുന്ന ചില രേഖകളെങ്കിലും കണ്ടെത്താനാകും. ആധുനിക കേരളത്തെ നിർമിച്ച പുരോഗമന ധാരകൾക്കു പിന്നിലുള്ള സമരരൂപങ്ങളെയും പ്രസ്ഥാനങ്ങളെയും തിരിച്ചറിയുമ്പോൾ തന്നെ കാലം റദ്ദുചെയ്ത പ്രതിഷേധ സ്വരങ്ങളെയും വിലയിരുത്തേണ്ടതുണ്ട്. വ്യക്തികൾ ഒററയ്ക്കും പിന്നീട് കൂട്ടായും ഏറ്റെടുത്ത ജാതികേരളത്തിലെ സമരങ്ങൾ വ്യക്തിപരത എന്ന സങ്കല്പത്തെയും വ്യക്തിസ്വാതന്ത്ര്യം എന്ന ആശയത്തെയും സാക്ഷാത്കരിക്കുന്നുണ്ട്. വ്യക്തി/സമൂഹം, വ്യക്തിസ്വാതന്ത്ര്യം/ സാമൂഹ്യസ്വാതന്ത്ര്യം എന്ന ദ്വന്ദ്വകല്പന അതിന്റെ വൈരുധ്യത്തിലല്ല മറിച്ച് തുടർച്ചയിലാണ് സഫലമാകുന്നത്. ജാതിസമൂഹത്തെ ജനാധിപത്യത്തിലേക്കും സ്വാതന്ത്രതയിലേക്കും നയിക്കാനുള്ള സമരങ്ങളുടെ മുൻനിരയിലായിരുന്നു വ്യക്തികൾ. ജാതിസമൂഹത്തോട് കലഹിച്ചും കലാപം കൂട്ടിയും വ്യക്തികൾ മുന്നിൽ നടക്കുകയായിരുന്നു. ജാതിസംബന്ധമായ ഒരു സമൂഹത്തോടുള്ള വ്യക്തികളുടെ കലഹമായിരുന്നു അന്നത്തെ മിക്ക സമരരൂപങ്ങളും. പിന്നാക്കാവസ്ഥയിലുള്ള ഒരു സമൂഹത്തിൽ ആ സമൂഹത്തോടു കലഹിച്ചു കൊണ്ടാണ് അത്തരം സമരങ്ങൾ രൂപം കൊണ്ടതും വ്യാപിച്ചതും വിജയിച്ചതും. അതാതു കാലത്തിന്റെ ആവശ്യങ്ങളെ സാക്ഷാത്കരിക്കാനുള്ള ഓരോ സമരരൂപവും സ്വാഭാവികമായും ഉരുത്തിരിയും എന്നാൽ ഈ സ്വാഭാവികതയ്ക്കുള്ളിൽ കർതൃത്വങ്ങളുടെ സ്ഥാനം പ്രധാനമാണ്. സ്വാഭാവിക ഉരുത്തിരിയലുകളെ ബോധപൂർവമായ ഇടപെടലുകളിലൂടെയാണ് ക്രിയാത്മകമായി പരിവർത്തിപ്പിക്കേണ്ടത്. സ്വാഭാവികതയിൽ നിന്ന് പ്രയോഗപരതയിലേക്കുള്ള പരിവർത്തനം അതുകൊണ്ടു തന്നെ പ്രധാനവുമാകുന്നു. അതിനു സഹായകമാകേണ്ടത് അതാത് സന്ദർഭങ്ങളിൽ മേൽക്കൈയുള്ള പ്രത്യയ ശാസ്ത്രങ്ങളാണ് *(dominant ideology)*

**ആധുനികകേരളം ശക്തമായ പുരോഗമന ധാരകൾക്കൊപ്പം ഒട്ടേറെ പാരമ്പര്യ ധാരകളും സ്വാംശീകരിച്ചിട്ടുള്ള ഒരു സമൂഹമാണ്. സമൂഹം മൊത്തം അംഗീകരിക്കപ്പെടുന്ന മട്ടിൽ ഒരു സമരം ഏറെറടുക്കാൻ പാകത്തിൽ വികസിതമാണോ നമ്മുടെ പൊതുമണ്ഡലം എന്നതു പരിശോധിക്കേണ്ടതുണ്ട്. നിരവധി സമുദായ സംഘടനകളും ഒട്ടേറെ തൊഴിൽസംഘടനകളുമൊക്കെ നിലനില്ക്കുന്ന നമ്മുടെ സമൂഹത്തെ നിർണയിക്കുന്ന സദാചാരബോധമാകട്ടെ വിക്ടോറിയൻ മൂല്യസങ്കല്പത്തിലധിഷ്ഠിതവുമാണ്.**


ആധുനികകേരളം ശക്തമായ പുരോഗമന ധാരകൾക്കൊപ്പം ഒട്ടേറെ പാരമ്പര്യ ധാരകളും സ്വാംശീകരിച്ചിട്ടുള്ള ഒരു സമൂഹമാണ്. സമൂഹം മൊത്തം അംഗീകരിക്കപ്പെടുന്ന മട്ടിൽ ഒരു സമരം ഏറെറടുക്കാൻ പാകത്തിൽ വികസിതമാണോ നമ്മുടെ പൊതുമണ്ഡലം എന്നതു പരിശോധിക്കേണ്ടതുണ്ട്. നിരവധി സമുദായ സംഘടനകളും ഒട്ടേറെ തൊഴിൽസംഘടനകളുമൊക്കെ നിലനില്ക്കുന്ന നമ്മുടെ സമൂഹത്തെ നിർണയിക്കുന്ന സദാചാരബോധമാകട്ടെ വിക്ടോറിയൻ മൂല്യസങ്കല്പത്തിലധിഷ്ഠിതവുമാണ്. അത്തരമൊരു സാഹചര്യത്തിലാണ് നമ്മൾ ചുംബന സമരത്തെക്കുറിച്ച് ചർച്ച ചെയ്യുന്നത്: ഒരുപക്ഷേ വേണ്ട വിധത്തിൽ ചർച്ച ചെയ്യപ്പെടാതെ പോയത്. ഏതു സമൂഹത്തിലും ഏററവും വിപ്ലവകരമായ ആശയങ്ങൾ ഏറെറടുക്കുക ആ സമൂഹത്തിലെ യുവാക്കളായിരിക്കും. പൊതുസമൂഹത്തിലെ യുവത ഈ സമരരൂപത്തെ എപ്രകാരം നോക്കിക്കണ്ടു എന്നു തിരിച്ചറിയാൻ കേവലം നാലോ അഞ്ചോ കൊല്ലമേ വേണ്ടൂ. പക്ഷേ ഇവിടെ പ്രസക്തമാകുന്ന മറെറാരു ചോദ്യമുണ്ട്. നമുക്കെന്താണ് യുവാക്കളോടു പറയാനുള്ളത് എന്ന്? സോമൻ കടലൂരിന്റെ ഒരു കവിത ഈ സന്ദർഭത്തിൽ ഏറെ പ്രസക്തമെന്നു തോന്നുന്നു,

നാട്ടിലില്ല
വീട്ടിലില്ല
റോട്ടിലില്ല
നാലാൾ കൂടുന്നിടത്ത് നിലവിലില്ല
അച്ഛനോടൊപ്പം വയലിലില്ല
അമ്മയോടൊപ്പം ആശുപത്രിയിലില്ല
കല്യാണവീട്ടിൽ മഹനീയസാന്നിധ്യമല്ല
പാർട്ടിയിലില്ല
ജാഥയിലില്ല
പ്രത്യയശാസ്ത്രത്തിലില്ല
വായനശാലയുടെ പരിസരത്ത് പൊടിപോലുമില്ല
പ്രിയപ്പെട്ട യുവാവേ നീയെവിടെയാണ് ഒളിച്ചിരിക്കുന്നത്?

നിന്നെക്കാണാൻ കൊതിയാവുന്നു സത്യമായും.
'I miss u da'

തീർച്ചയായും നമ്മുടെ യുവാക്കൾ Miss ആയിരിക്കുന്നുവെങ്കിൽ അതു നമ്മുടെ വളർത്തുദോഷം തന്നെ. ലോകത്തു പലയിടങ്ങളിലും പൊതുസ്ഥലത്തു തന്നെയുള്ള സ്വാഭാവിക സ്നേഹപ്രകടനമാണ് ചുംബനം. സ്നേഹത്തിൻെറ വിനിമയ സാധ്യതയായിട്ടാണ് ചുംബനത്തെ കാണാൻ നമുക്ക് കഴിയേണ്ടത്. ചുംബനം കാണാത്ത/കേൾക്കാത്ത / ലഭിക്കാത്ത ഋഷ്യശൃംഗൻമാരായിട്ടാണോ നമ്മുടെ യുവാക്കൾ മാറേണ്ടത്. അങ്ങനെ വളരുന്ന ഋഷ്യശൃംഗന്മാരുടെ കൈകൾ ബസ്സിലും ട്രെയിനിലും സഹയാത്രികയ്ക്കു നേരെ നീളുന്നതും തെരുവുകളിൽ പെണ്ണുടലിനു നേരെ തിരിയുന്നതും ആണോ ആശാസ്യം? മറിച്ച് ആരോഗ്യകരമായ മനുഷ്യ ബന്ധങ്ങളെക്കുറിച്ച്, ഏററവും ഊഷ്മളമായ സ്ത്രീപുരുഷ ബന്ധത്തെ കുറിച്ച് ഉയർന്ന ചിന്തയും വീക്ഷണവുമുള്ളവരായി വളരുകയല്ലേ വേണ്ടത്? എല്ലാ ജൈവകാമനകളും ഇച്ഛകളും അടക്കിയും ഒതുക്കിയും വെച്ച് അവസരം കിട്ടുമ്പോൾ കൈനീട്ടലുകളായും ആക്രമണങ്ങളായും പുറത്തെടുക്കാനാണോ പഠിപ്പിക്കേണ്ടത്?

മോഹൻലാലിൻെറ ഒരു കഥാപാത്രം നർത്തകികളോട് വീട്ടിപോടീ എന്ന് മീശപിരിച്ചു കല്പിക്കും പോലെ നമ്മൾ യുവാക്കളോട് അറിഞ്ഞോ അറിയാതെയോ പറഞ്ഞുകൊണ്ടിരിക്കുന്നത് വീട്ടിപോടാ എന്നു തന്നെയല്ലേ? എന്നിട്ട് യുവാക്കൾ എല്ലായിടത്തും അദൃശ്യരാണെന്നു വിലപിക്കുകയും ചെയ്യുന്നു. പണ്ടും പഴയ കാരണവന്മാർ യുവാക്കളോട് വീട്ടിൽ പോകാനാണ് കല്പിച്ചിട്ടുള്ളത്. പക്ഷേ അതു പഴയ കൂട്ടു കുടുംബമായിരുന്നുവെന്നു മാത്രം അങ്ങനെ പറഞ്ഞ കാരണവന്മാരുടെ ചൊല്ലുവിളി കോൾക്കാത്തവരായിരുന്നു വിടിയും എ കെ ജിയും ഇ എം എസും ഒക്കെ. അവർ ചൊല്ലിവിളി കേട്ടില്ല എന്നു മാത്രമല്ല അന്നത്തെ ഫ്യൂഡൽ കൂട്ടുകുടുംബത്തെ തകർത്തു കൊണ്ട് ആധുനികവും പുരോഗമനപരവും കൂടുതൽ സ്വതന്ത്രവുമായ പുതിയ അർഥത്തിലുള്ള കുടുംബത്തെ രൂപപ്പെടുത്താൻ നേതൃത്വം കൊടുക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ നമ്മുടെ ചെറുബാല്യക്കാർ വീട്ടിൽ പോയാൽ അവരെ



കാത്തിരിക്കുന്നത് മുതലാളിത്തം നിർമിച്ച ടെലിവിഷനുള്ള ഒരു സ്വീകരണ മുറിയും സൈബർ സ്പേസുള്ള കിടപ്പുമുറിയുമാണ്. തൊട്ടടുത്തു വീടുകളിൽ നിന്നു വരുന്ന നിലവിളികൾപോലും അവർ കേൾക്കുകയില്ല. അടുത്ത വീടുകൾ കത്തിയമർന്നാലും അവർ അറിയുകയില്ല. അപ്പോഴാണ് സോളൻ കടലൂരിന്റെ കവിത യാഥാർത്ഥ്യമാകുന്നത്.

കുടുംബത്തിനകത്തു സാധ്യമാകേണ്ട സ്വതന്ത്രതയെക്കുറിച്ച് പറയുമ്പോൾ തന്നെ ഏതുതരം കുടുംബത്തെയാണ് നമ്മൾ മഹത്വവല്ക്കരിക്കുന്നത് എന്നതും ഉറക്കെ ചിന്തിക്കേണ്ടതുണ്ട്. നിരന്തരം നമ്മൾ വാഴ്ത്തിക്കൊണ്ടിരിക്കുന്ന ഈ holy family തന്നെയാണ് ജ്യോതിഷത്തിൻെറയും അന്ധവിശ്വാസത്തിൻേറയും ആഭിചാരങ്ങളുടെയും ഭൈരവീയന്ത്രങ്ങളുടെയും ധനാകർഷണ യന്ത്രങ്ങളുടെയും വിതരണ കേന്ദ്രങ്ങൾ. ഇതേ കുടുംബങ്ങൾക്കുള്ളിൽ തന്നെയാണ് സ്ത്രീകളും കുഞ്ഞുങ്ങളും മൃഗീയമായി വേട്ടയാടപ്പെടുന്നത് കൂടുമ്പോൾ അത്രയൊന്നും ഇമ്പമില്ലാത്ത, ഈ കുടുംബഘടനയെ പ്രശ്നവല്ക്കരിക്കാതെ, കുടുംബത്തെ ജനാധിപത്യവല്ക്കരിക്കാതെ, ഒരു പുരോഗമന സമൂഹത്തിനു മുന്നോട്ടു പോകാനാവില്ല.

വാസ്തവത്തിൽ വ്യക്തിക്കു കൂടുതൽ സ്വാതന്ത്ര്യം അനിവാര്യമായൊരു സാമൂഹ്യസാഹചര്യമാണ് നിലവിലുള്ളത്. വ്യക്തിയുടെ സ്വകാര്യതയിൽ പോലും വൻശക്തികൾ നുഴഞ്ഞു കയറുന്ന ആഗോള സാഹചര്യത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിന് കൂടുതൽ ജനാധിപത്യപരമായ അർഥമാനങ്ങളുണ്ട്. നിലവിലുള്ള വസ്തുനിഷ്ഠ സാഹചര്യത്തിൽ കൂടുതൽ വ്യക്തിസ്വാതന്ത്ര്യം ആവശ്യപ്പെടുന്ന യുവാക്കളുടെ സമര രൂപങ്ങളെ ദീർഘവീക്ഷണത്തോടെയാണ് നോക്കിക്കാണേണ്ടത്. ആ അർഥത്തിൽ ചുംബനസമരം ഉയർത്തിയ ആശയസമരത്തെ സംസ്കാരത്തിൻെറ ഉയർന്ന മാനദണ്ഡങ്ങൾ കൊണ്ടാണ് രേഖപ്പെടുത്തേണ്ടത്. കേവലം നാലോ അഞ്ചോ വർഷം കൊണ്ടു തന്നെ കാലഹരണപ്പെട്ടു പോകുന്ന നിലപാടുകൾ ചരിത്രം ചവററുകുട്ടയിൽ തള്ളുക മാത്രമല്ല, ചരിത്രത്തിലെ നീതികേടായി വിലയിരുത്തപ്പെടുകയും ചെയ്യും. തീർച്ചയായും കൂടുതൽ സ്വതന്ത്രവും ജനാധിപത്യപരവും പാരസ്പര്യത്തിലധിഷ്ഠിതവുമായ മനുഷ്യ ബന്ധങ്ങൾ സാധ്യമാകുന്ന ഒരുവസ്ഥയിലേക്കാണ് സമൂഹം വികസിക്കേണ്ടത്. അതിനു നമ്മുടെ യുവാക്കളെ പഴഞ്ചൻ വളർത്തു ദോഷം ബാധിക്കരുത്.

# കേരള ഹയർ എഡ്യുക്കേഷൻ കമ്മീഷൻ (എ.കെ.പി.സി.ടി.എ) 2014-15

2014 ഓഗസ്റ്റ് 30 ന് കമ്മീഷൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടന്നതും പ്രവർത്തനങ്ങൾക്ക് ആസ്പദമായ പരിഗണനാ വിഷയങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടതും കഴിഞ്ഞ ലക്കം ജേണലിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നതാണ്. അതിനെ തുടർന്നു കോർ കമ്മിറ്റിയുടെ രണ്ടു യോഗങ്ങൾ 28 സെപ്റ്റംബർ 2014, 25 ഒക്ടോബർ 2014 എന്നീ തീയതികളിലായി നടക്കുകയും സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. പ്രമുഖ വിദ്യാഭ്യാസ വിചക്ഷണരും ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന രാഷ്ട്രീയ/ സാം,സ്കാരിക പ്രവർത്തകരും അടങ്ങുന്ന അറുപത്തിയൊൻപത് അംഗങ്ങൾ ഉൾപ്പെട്ട ഉപദേശകസമിതി രൂപീകരിച്ചു.

2. പരിഗണനാ വിഷയങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. അത് തുടർന്നു നടപ്പിലാക്കി. ഇപ്പോൾ പരിഗണാവിഷങ്ങൾ മലയാളത്തിലും ലഭ്യമാണ്.

3. കമ്മിഷന്റെ ഏറ്റവും സുപ്രധാന തലമായ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കാൻ തീരുമാനിച്ചു. പിന്നീട് കൂട്ടിചേർത്തതടക്കം ആകെ 23 ടാസ്ക് ഫോഴ്സുകൾ ആണ് ,രൂപീകരിച്ചത്. ഇതിൽ ഓരോ ടാസ്ക് ഫോഴ്സിനും ആവശ്യമായ പരിഗണനാ ,വിഷയങ്ങൾ രൂപീകരിക്കാൻ കോർ കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തി.

4 ടാസ്ക് ഫോഴ്സുകളുടെയും അവയുടെ കൺവീനർമാരുടെയും പേരുവിവരം ചുവടെ കൊടുക്കുന്നു.


1. History and Development of Higher Education : Dr. K M Praseed
2. Higher Education and Nation Building: S Shajitha
3. Statistics / Database Related to Higher Education: Dr. Jobi K Jose
4. Gender Issues in Higher Education: Dr. Lakshmi Priya
5. Access Related Issues in Higher Education: Prof. K Vasudevan Pillai
6. Self Financing sector in Higher Education: Dr. P K Padmakumar
7. Continuing Education / Distance Education as a part of Higher Education: Dr. P N Harikumar
8. Social Jistice Related Issues in Higher Education: Dr. K M Sudhakaran
9. Financing Higher Education: Dr. Anil Varma
10. Democracy and Secularism in Higher Education: Pramod Vellachal
11. Infrastructure for Higher Education (Benchmarking): Dr. Sunny Kuriakose
12. Classroom Environment and Higher Education: Dr. George Mathew
13. cluster colleges and other Resource sharing Models for Higher Education: Tommichen Joseph
14. Teacher Selection and In-service Training in Higher Education: Dr. R.K.Jayaprakash
15. Learner Centered Aspects in Higher Education: Dr. P.Thomas Mathew
16. Curriculam and Higher Education: R Indulal
17. Language in Higher Education: Dr. V P Marcose
18. Reaserch in Higher Education: Dr. K C Ajith Prasad
19. Examinations and Practices of evaluation in Higher Education: A Nisanth
20. Vocational Skills and Employability with Regard to Higher Education: Dr. M.B.Gopalakrishnan
21. Assessment and Acredition in Higher Education: Dr. M R Sudarshanakumar
22. Governance in Higher Education: Dr. K P Vinod
23. Extension Activities and Higher Education: Dr. S P Kumar

5. ഉപദേശക സമിതി അംഗങ്ങളുടെയും കോർ കമ്മിറ്റി അംഗങ്ങളുടെയും ടാസ്ക് ഫോഴ്സ് അംഗങ്ങളുടെയും സംയുക്തയോഗം വിളിച്ചുചേർത്തു പ്രവർത്തനപരിപാടിൾ വിശദീകരിക്കാൻ തീരുമാനിച്ചു.

6. ടാസ്ക് ഫോഴ്സുകൾക്ക് പ്രത്യേകം പ്രത്യേകമായുള്ള പരിഗണനവിഷയങ്ങൾ തയ്യാറായി വരുന്നു. അവ ഇനിയുള്ള യോഗങ്ങളിൽ ചർച്ച ചെയ്തു സമ്പൂർണ്ണമാക്കേണ്ടതുണ്ട്.

7. അടുത്ത ഘട്ടം പ്രവർത്തനങ്ങളിലേക്ക് കടക്കുന്നതിന് മുന്നോടിയായി മുഴുവൻ ടാസ്ക് ഫോഴ്സ് കൺവീനർമാരുടെയും ഒരു യോഗം 2015 ജനുവരി 31 നു ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 3.30 മണിവരെ തൃശൂർ കേരളവർമ്മ കോളേജിൽ വച്ച് ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ കമ്മീഷന്റെ കോർ കമ്മിറ്റി അംഗങ്ങളും, സംഘടനയുടെ ജില്ല അക്കാദമിക് കമ്മിറ്റി കൺവീനർമാരും പ്രവർത്തക സമിതി അംഗങ്ങളും പങ്കെടുക്കുന്നതാണ്.

സി.പത്മനാഭൻ
കൺവീനർ




# അന്താരാഷ്ട്ര പ്രകാശ വർഷം നമ്മുടെ കാമ്പസുകളിലും പ്രകാശം പരത്തട്ടെ.




ഡോ.എം.ആർ.സുദർശനകുമാർ
*എം.ജി.കോളജ്, തിരുവനന്തപുരം*

പ്രകാശ ശാസ്ത്രത്തിന്റെ നേട്ടങ്ങളേയും ഉപയോഗങ്ങളേയും കുറിച്ച് അവബോധം സൃഷ്ടിക്കുവാനായി 2015 അന്താരാഷ്ട്ര പ്രകാശ വർഷമായി ആചരിക്കുവാൻ ഐക്യരാഷ്ട്രസഭ തീരുമാനിച്ചു. ഇതിന്റെ ഉദ്ഘാടന ചടങ്ങുകൾ ജനുവരി 19,20 തിയതികളിൽ പാരീസിൽ വച്ച് നടത്തപ്പെടും. സുസ്ഥിര വികസനത്തിനും ഊർജം, വിദ്യാഭ്യാസം, കൃഷി, വാർത്താവിനിമയം, ആരോഗ്യം എന്നീ മേഖലകളിൽ ലോകം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പ്രകാശ സാങ്കേതിക വിദ്യകളെങ്ങനെ സഹായകരമാകും എന്നത് ലോകമെമ്പാടും എത്തിക്കുവാൻ ഈ വർഷാചരണത്തിലൂടെ ഐക്യരാഷ്ട്ര സഭ ലക്ഷ്യമിടുന്നു.

ഐക്യരാഷ്ട്ര സഭയിലെ ഘാനയിലേയും മെക്സിക്കോയിലേയും പ്രതിനിധികളാണ് 2015 അന്താരാഷ്ട്ര വർഷമായി ആചരിക്കണമെന്ന് എക്സിക്യൂട്ടീവ് ബോർഡിൽ ആദ്യമായി നിർദ്ദേശിച്ചത് 2013 ഡിസംബർ 20 ന് പൊതുസഭ ഇതംഗീകരിച്ചു. വിവിധ രാഷ്ട്രങ്ങളിലെ ശാസ്ത്രസ്ഥാപനങ്ങളും അന്താരാഷ്ട്ര ശാസ്ത്ര സംഘടനകളും .ഈ വർഷാചരണത്തിന്റെ പങ്കാളികളാകും/ ജനുവരി 19 ന് പ്രകാശ സംബന്ധിയായ 1000 കണ്ടുപിടിത്തങ്ങൾ അനാഛാദനം ചെയ്യപ്പെടും. കൂടാതെ ഒപ്റ്റിക്സ്, ഗണിതം, ജ്യോതി ശാസ്ത്രം എന്നീ മേഖലകളിൽ അതുല്യ സംഭാവനകൾ നൽകിയ. *Ibn AL-Haytham* ന്റെ പ്രധാന നേട്ടങ്ങളും ജനുവരി 19 ലെ പ്രദർശനത്തിന്റെ ഭാഗമാകും. വിജ്ഞാനാധിഷ്ഠിത പ്രദർശനത്തിന്റെ ഇസ്ലാമിക സുവർണ ശാസ്ത്ര കാലത്തിന്റെ പങ്ക് എന്ന വിഷയത്തിൽ 2015 സെപ്റ്റംബർ 14 ന് ഐക്യരാഷ്ട്രസഭ പ്രദർശനവും കോൺഫറൻസും സംഘടിപ്പിക്കുന്നുണ്ട്.

അന്താരാഷ്ട്ര പ്രകാശ വർഷത്തോടനുബന്ധിച്ച് നാമാഘോഷിക്കുന്ന ചില ചരിത്ര മുഹൂർത്തങ്ങൾ മാത്രം കുറിക്കട്ടെ.







1015 *Ibn AL-Haytham* ഒപ്ററിക്സിൽ നടത്തിയ നിരവധി പരീക്ഷണങ്ങൾ

1815 ആഗസ്ററിൻണീൻ പ്രൊഫണൽ പ്രകാശ തരംഗങ്ങൾ(*transversa*)അനുഹ്രസ്ഥമാണെന്ന് സ്ഥാപിച്ചു.

1865 ജെയിംസ് ക്ലാർക്ക് മാക്സ്വെൽ പ്രകാശത്തിൻെറ വിദ്യുത് കാന്തിക സിദ്ധാന്തം നിർദ്ദേശിച്ചു.

1915 ആൽബർട്ട് ഐൻസ്റ്റൻെറ പൊതു ആപേക്ഷിത സിദ്ധാന്തം

1965 Penzias ഉം wilson ഉം കോസ്മിക് മൈക്രോ വേവ് പശ്ചാത്തലം കണ്ടുപിടിച്ചു.

നമ്മുടെ ചുററുമുള്ള പ്രകാശം നമ്മുടെ നിത്യജീവിതത്തെ ഏതൊക്കെ രീതിയിലാണ് സ്വാധീനിക്കുന്നത്. പ്രകാശ ശാസ്ത്രത്തെ കുറിച്ചും, അതിൻെറ ചരിത്രത്തെ കുറിച്ചും വികാസത്തെ കുറിച്ചും ധാരാളം വിദ്യാർത്ഥി കേന്ദ്രീകൃതരായ പരിപാടികൾ നമ്മുടെ കലാലയങ്ങളിൽ ഈ വർഷാചരണത്തിൻെറ ഭാഗമായി സംഘടിപ്പിക്കുമെന്ന് പ്രത്യാശിക്കട്ടെ.

---

നം. 3243/ എസ്. എസ്.1/15/ പൊ. ഭ. വ

പൊതുഭരണ (എസ്. എസ്) വകുപ്പ്

തിരുവനന്തപുരം.

തീയതി : 19.1.2015

ഗവൺമെന്റ് സെക്രട്ടറി
സ്വീകർത്താവ്
എല്ലാ വകുപ്പു മേധാവികൾക്കും

സർ,

വിഷയം : പൊതുഭരണ (എസ്. എസ്.) വകുപ്പ്- ഒരു വിഭാഗം സർക്കാർ ജീവനക്കാരും അധ്യാപകരും നടത്തുന്ന 2015 ജനുവരി 22-ാം തീയതിയിലെ പണിമുടക്ക് ദിവസത്തെ ഹാജർനില ലഭ്യമാക്കുന്നത് സംബന്ധിച്ച്.


സൂചന : ജി. ഒ. (പി) നം.22/2015/ പൊ. ഭ.വ. തീയതി : 19/01/2015.

2015 ജനുവരി 22 ന് സംസ്ഥാനത്തെ ഒരു വിഭാഗം സർക്കാർ ജീവനക്കാരും അദ്ധ്യാപകരും നടത്തുന്ന പണിമുടക്കിൽ പങ്കെടുത്ത് ഓഫീസിൽ ഹാജരാകാതിരിക്കുന്ന ജീവനക്കാർക്ക് സൂചനയിലെ ഉത്തരവ് പ്രകാരം ഡയസ്നോൺ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ വകുപ്പദ്ധ്യക്ഷന്മാരും 2015 ജനുവരി 22-ാം തീയതിയിലെ ഹാജർ പട്ടിക എല്ലാ സബ് ഓഫീസുകളിൽ നിന്നും സമാഹരിച്ച് ടെലിഫോൺ മുഖേന ( 2327556/ 2518399) 10. 30 ന് മുമ്പായി ഈ വകുപ്പിനെ അറിയിക്കുന്നതിനോടൊപ്പം അന്നേദിവസം ഓഫീസിൽ ഹാജരാകാത്ത ജീവനക്കാരുടെ പേര്, തസ്തിക, സ്ഥാപനത്തിന്റെ പേര് എന്നിവ തയ്യാറാക്കി അയച്ചു നൽകേണ്ടതാണെന്ന് താൽപര്യപ്പെടുന്നു.

സൂചന ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും 22-ാം തീയതിയിലെ ഹാജർ 10.30 ന് മുമ്പായി ഫോൺ മുഖേന അറിയിക്കുന്ന കാര്യം വീഴ്ചയുണ്ടാകാതെ പ്രത്യേകം ശ്രദ്ധിക്കുവാൻ സബ് ഓഫീസുകൾക്ക് നിർദ്ദേശം നൽകണമെന്നും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ആർ. ഗോപകുമാർ
അഡീഷണൽ സെക്രട്ടറി
ഗവൺമെന്റ് സെക്രട്ടറിക്കുവേണ്ടി



# വൈജ്ഞാനിക വിപ്ലവത്തിലെ ചികിത്സാപർവ്വം



ഡോ.എം.എസ്.വസന്തകുമാർ
എസ്.എൻ.കോളജ്, കൊല്ലം

ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്ന ഹിപ്പോക്രാറ്റസ്, അരിസ്റ്റോട്ടിൽ, ക്രിസ്തുവിന് ശേഷമുള്ള രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗാലൻ തുടങ്ങിയ ഗ്രീക്ക് ശാസ്ത്രജ്ഞർ ജീവജാലങ്ങളുടെ ശരീരഘടനയെപ്പറ്റിയും ചികിത്സാ രീതികളെക്കുറിച്ചും എഴുതിയിട്ടുണ്ട്. അവയിൽ ശരിയും തെറ്റും ഉണ്ടായിരുന്നു. ഗാലന് ശേഷം പന്ത്രണ്ട് നൂറ്റാണ്ടുകൾ കടന്നുപോയി. ഗാലന്റെ ശരികളും തെറ്റുകളും അപ്പടി നിലനിന്നു. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ ഗാലന്റെ ലിഖിതങ്ങളെ ചോദ്യം ചെയ്തും നിരാകരിച്ചും മനുഷ്യ ശരീരശാസ്ത്രം ഒരു ഗ്രന്ഥമായി എഴുതി പ്രസിദ്ധീകരിച്ചത് നെതർലണ്ടുകാരനായ ആന്ദ്രിയാസ് വെസാലിയുസ് ആയിരുന്നു.

ഡി ഹുമാനി കോർപൊറിസ് ഫാബ്രിക്ക അഥവാ മനുഷ്യശരീരത്തിന്റെ ഘടന എന്നൊരു മഹാഗ്രന്ഥം അദ്ദേഹം ലോകത്തിന് സമർപ്പിച്ചു. 1543 ൽ ആയിരുന്നു അത് - കോപ്പർ നിക്കസിന്റെ സൗരയൂഥസിദ്ധാന്തഗ്രന്ഥം പിറന്ന അതേ വർഷം - അതുകൊണ്ടാണല്ലോ വൈജ്ഞാനിക വിപ്ലവത്തിന്റെ പ്രാരംഭവർഷമായി 1543 നിർണയിക്കപ്പെട്ടിട്ടുള്ളത്.

**പ്രചോദനം**

വൈജ്ഞാനിക വിപ്ലവത്തെ പുഷ്ടിപ്പെടുത്തിയതിൽ ക്രിസ്റ്റഫർ കൊളംബസ്, വാസ്കോഡഗാമ, മഗെല്ലൻ എന്നിവരുടെ സമുദ്രയാത്രകൾക്ക് വലിയ പങ്ക് ആണ് ഉള്ളത്. സമുദ്രവിതാനത്തിൽ ഭൂഖണ്ഡങ്ങളുടെ അതുവരെയുള്ള സ്ഥിതിയെ സംബന്ധിച്ച ധാരണകൾ ആ യാത്രകളാണ് തിരുത്തിയത്.

ഭൂഗോളത്തിൽ മയൻ, ഇൻകാ, അസ്റ്റക്ക് തുടങ്ങിയ സംസ്കാരങ്ങളും (അമേരിക്കൻ), ഗ്രീക്ക്, റോം, എന്നിവിടങ്ങളിലെ സമുന്നത സംസ്കൃതികളുമൊക്കെ ഉണ്ടെന്ന് ലോക ഭാഗങ്ങളാകെ പരസ്പരം അറിയാൻ ഇടവരുത്തിയ തുടർയാനങ്ങൾക്കും ആ യാത്രാഫലങ്ങൾ ഇടനൽകി.

യൂറോപ്യൻ വിജ്ഞാന കൗതുകം നക്ഷത്രങ്ങളും ഗ്രഹങ്ങളും അടങ്ങിയ ബാഹ്യലോകത്തേക്ക് ഏറെ കുതിച്ച



പ്പോൾ, വെസാലിയുസിന്റെ ഗ്രന്ഥം മനുഷ്യശരീരത്തിന്റെ അകം ലോകത്തേക്ക് കടന്നു. ആ ഗ്രന്ഥത്തിന്റെ നിർമിതിയിലേക്ക് പ്രചോദിപ്പിച്ച ഇതര വിജ്ഞാനീയങ്ങൾ ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം, ലോഹവിജ്ഞാനം, മരുഭൂമികളുടെ പഠനം, വനപഠനം, സസ്യജാലശാസ്ത്രം തുടങ്ങിയവ ആയിരുന്നു.

**അപരിഷ്കൃത പശ്ചാത്തലം**

സസ്യജാലപഠനം സസ്യങ്ങളുടെ ഔഷധ ഗുണ അന്വേഷണത്തിലേക്ക് തിരിഞ്ഞു. വൈദ്യശാസ്ത്രത്തിൽ ചരിത്രപുരുഷന്മാരും സമ്പ്രദായങ്ങളും ഉദയം ചെയ്തു. ഇന്ത്യയിലെ അത്രേയൻ, ചരകൻ, സുശ്രുതൻ, അറേബ്യയിലെ അവിസിന്ന (ഇബ്നുസിന) എന്നിവരുടെ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ യൂറോപ്പിലേതിനേക്കാൾ മികച്ചവ ആയിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

ശസ്ത്രക്രിയാ സമ്പ്രദായങ്ങൾ അക്കാലത്ത് പരുഷവും അപരിഷ്കൃതവും ആയിരുന്നു. ബോധത്തോടെ കിടക്കുന്ന രോഗിക്ക് ചെയ്യുന്ന ശസ്ത്രക്രിയ, ക്ഷുരകന്മാരെയായിരുന്നു ഏൽപ്പിച്ചിരുന്നത്. വളരെ പഠിച്ചവരായ ഭിഷഗ്വരന്മാരുടെ മാന്യതയ്ക്കു ചേരാത്തതായിരുന്നു മുറിക്കുക, വെടിയുണ്ട ഇളക്കിക്കളയുക, എന്നീ പണികളും പോസ്റ്റ് ഓപ്പറേറ്റീവ് മെഡിക്കേഷൻ ആയിരുന്ന തിളച്ച എണ്ണ മുറിവിൽ ഒഴിക്കുക തുടങ്ങിയ ഹീന പ്രയോഗങ്ങളും ! അംബ്രോസ് പരെ (1510 - 1590) ആയിരുന്നു തിളച്ച എണ്ണയുടെ സ്ഥാനത്ത് മുട്ടയുടെ വെള്ളയും പനിനീരും ടർപ്പനും കുഴച്ച മിശ്രിതം പ്രയോഗിച്ച് മുറിവുകൾ ഉണക്കുന്ന രീതി പരീക്ഷിച്ചത്. അതുവരെ എണ്ണ തിളപ്പിച്ചൊഴിച്ച് മുറിവ് പഴുത്ത് അളിയുന്ന രീതിയായിരുന്നുവത്രെ അവലംബിച്ചിരുന്നത്.

**ഗാലൻ**

ഏഷ്യാ മൈനറിലെ (ഇന്നത്തെ തുർക്കി) ബെർഗാമയിൽ ജനിച്ച ഗാലൻ, വൈദ്യശാസ്ത്രത്തിൽ പ്രവീണനായി. പരമ്പരാഗത വൈദ്യ ശൈലിയിൽ നിന്ന് അദ്ദേഹം വ്യതിചലിച്ചു. എപിക്യൂറിയനിസം (ഒരു ഭൗതികവാദം) സ്റ്റോയിസിസം (ഒരു നിസംഗതാധ്യാന വാദം) എന്നിവയുടെ സ്വാധീനമാണ് ഗാലനെ വേറിട്ട വഴിയിൽ എത്തിച്ചത്. ഭിഷഗ്വരനും ശസ്ത്രക്രിയാ വിദഗ്ദ്ധനും ആയി അദ്ദേഹം പ്രസിദ്ധി നേടി. വിജ്ഞാന ദാഹിയായ ഗാലെൻ 256 ഗ്രന്ഥങ്ങൾ എഴുതി. ശരീരഘടനാശാസ്ത്രവും വൈദ്യവും തമ്മിൽ ബന്ധിപ്പിക്കുന്ന 15 പുസ്തകങ്ങൾ ഇതിൽ പെടും. ദർശനം, വ്യാകരണം, നിയമം, ഗണിതം എന്നീ വിഷയങ്ങളിൽ ഊന്നിയ പുസ്തകങ്ങളും ഗാലന്റെ 256 പുസ്തകങ്ങളുടെ പട്ടികയിൽ ഉണ്ട്. 1400 ഓളം വർഷം യൂറോപ്യൻ വൈദ്യപഠന വിദ്യാർത്ഥികൾക്ക് പാഠപുസ്തകമായിരുന്ന ഓൺ അനാറ്റമിക്കൽ പ്രിപ്പറേഷൻസ് ഗാലന്റെ ശ്രദ്ധേയമായ സംഭാവനയാണ്. ഗാലന് മുമ്പും പിമ്പും അറേബ്യ, ഇന്ത്യ എന്നിവിടങ്ങളിൽ ആധികാരികതയാൽ ഗാലനെ പിന്നിലാക്കുന്ന വൈദ്യശാസ്ത്രം ഉണ്ടായി എങ്കിലും അവ യൂറോപ്പിലേക്ക് എത്തിയിരുന്നില്ല. അതിനാൽ യൂറോപ്പിൽ ശക്തമായ അംഗീകാരം പിടിച്ചുപറ്റിയതായിരുന്നു ഗാലന്റെ വൈദ്യശാസ്ത്രം

**പാരാസെൽസസ്**

ഗാലന്റെ മുൻഗാമിയായിരുന്നു ഒ. കെ. സെൽസസ്. വിവിധ ശാസ്ത്രപാരംഗതനായിരുന്ന സെൽസസിനും അപ്പുറം എന്ന് ദ്യോതിപ്പിക്കുന്ന ഒരു നാമം സ്വയം സ്വീകരിച്ച് എത്തിയ പാരാസെൽസസ് (1493- 1541) വിജ്ഞാനതൃഷ്ണയോടെ ദീർഘമായി സഞ്ചരിച്ചു. അൽക്കെമിയിലും രസതന്ത്രത്തിലും ലോഹവിജ്ഞാനീയത്തിലും തല്പരനായിരുന്നു അദ്ദേഹം. ജർമനിയിലെ ഹൈഡൽബെർഗിൽ പാരസെൽസസ് ഉപരിപഠനം നടത്തി. സർവ്വകലാശാലകളിൽ നിന്ന് സർവ്വകലാശാലകളിലേക്ക് പഠിച്ചും ഗുരുക്കന്മാരെ തന്റെ സംശയങ്ങൾ കൊണ്ട് പൊറുതിമുട്ടിച്ചും പാരസെൽസസ് മുന്നോട്ട് പോയി. പൂർവസൂരികളായ വൈദ്യശാസ്ത്ര വിശാരദന്മാരെ ചോദ്യം ചെയ്യുന്ന ഭിഷഗ്വരനായി അദ്ദേഹം മാറി. തന്റെ ചികിത്സാ രീതികളിലേക്കും ശസ്ത്രക്രിയാ മാർഗങ്ങളിലേക്കും പുതിയ ഭിഷഗ്വരൻമാരെ പ്രവേശിപ്പിക്കുന്ന ലിഖിതങ്ങളും അദ്ധ്യാപനവും അദ്ദേഹം കഠിനശ്രമങ്ങൾ കൊണ്ട് സംഭാവന ചെയ്തു. ഫലപ്രദമായ നാടൻ ചികിത്സാ രീതികളെ പ്രയോഗപരമായി നവീകരിച്ച് ഗുണഫലങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചു. അവ ലളിതമായ ഭാഷയിൽ വിവരിക്കുന്ന രീതിയും അദ്ദേഹം അവലംബിച്ചു. ഭ്രാന്തന്മാരെ കെട്ടിയിടുകയും പീഡിപ്പിക്കുകയും ചെയ്യുന്ന പ്രാകൃത സമ്പ്രദായങ്ങളെ അദ്ദേഹം എതിർത്തു. അതിനുപകരം സ്നേഹമസൃണമായ ശുശ്രൂഷയും പരിചരണവുമാണ് പാരാസെൽസസ് അവലംബിച്ചത്. അതിചികിത്സയേയും അത്യൗഷധ പ്രയോഗത്തെയും അദ്ദേഹം നിരാകരിച്ചു.

തുടർന്ന് യൂറോപ്പിലേക്കും പൗരസ്ത്യ രാജ്യങ്ങളിലേക്കും അറേബ്യയിലേക്കും ഉത്തരാഫ്രിക്കയിലേക്കും സഞ്ചരിച്ച് നേടിയ അറിവും അനുഭവവും പ്രയോഗവും കൊണ്ട് വൈദ്യശാസ്ത്രത്തിന് ഒരു പുതിയ ദിശ പാരാസെൽസസ് സൃഷ്ടിച്ചു. അത് വെസാലിയുസ്, ഹാർവി എന്നീ വൈജ്ഞാനിക വിപ്ലവദശയിലെ പ്രതിഭകൾക്ക് തെളിക്കപ്പെട്ട വഴിയായി മാറി.



> സസ്യജാലപഠനം സസ്യങ്ങളുടെ ഔഷധ ഗുണ അന്വേഷണത്തിലേക്ക് തിരിഞ്ഞു. വൈദ്യശാസ്ത്രത്തിൽ ചരിത്രപുരുഷന്മാരും സമ്പ്രദായങ്ങളും ഉദയം ചെയ്തു. ഇന്ത്യയിലെ അത്രേയൻ, ചരകൻ, സുശ്രുതൻ, അറേബ്യയിലെ അവിസിന്ന (ഇബ്നുസിന) എന്നിവരുടെ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ യൂറോപ്പിലേതിനേക്കാൾ മികച്ചവ ആയിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.




## വെസാലിയൂസ്

വൈജ്ഞാനിക വിപ്ലവത്തിന്റെ പ്രോത്ഘാടകനായി തീർന്ന ആന്ദ്രിയാസ് വെസാലിയൂസ് (1514- 1564) ജനിച്ചത് ബെൽജിയത്തിലെ ബ്രസൽസിലാണ്. അച്ഛൻ, മുത്തച്ഛൻ, മുതുമുത്തച്ഛൻ എന്നിവരും ഭിഷഗ്വരന്മാരായിരുന്നു. കുട്ടിയായിരുന്നപ്പോൾ മുതൽ തന്റെ പാരമ്പര്യം നിലനിർത്തുന്ന അഭിരുചീശീലങ്ങൾ വെസാലിയൂസ് കാട്ടിയിരുന്നു. വീട്ടിൽ, കറിക്ക് കൊണ്ടുചെല്ലുന്ന കോഴിയും ആടും മത്സ്യവും എല്ലാം ശസ്ത്രക്രിയ ചെയ്തു നോക്കുന്നതായിരുന്നു വെസാലിയൂസിന്റെ ശീലം.

പിന്നെ വൈദ്യം പഠിക്കാൻ പോയി. പാരീസ് സർവ്വകലാശാലയിൽ ആയിരുന്നു വിദ്യാഭ്യാസം. തുടർന്ന് ഇറ്റലിയിലെ വെനീസ് സർവ്വകലാശാലയിലും പഠിച്ചു. പാദുവ യൂണിവേഴ്സിറ്റിയിൽ നിന്ന് ഗവേഷണ ബിരുദം നേടി. യൂറോപ്പിലെ ഏറ്റവും ഉന്നത വൈദ്യവിദ്യാപീഠമായിരുന്ന പാദുവ യൂണിവേഴ്സിറ്റിയിൽ പിന്നീട് പ്രൊഫസറായി. അന്ന് വെസാലിയൂസിന് ഇരുപത്തിമൂന്ന് വയസ്സേ ഉണ്ടായിരുന്നുള്ളു.

ഹിപ്പോക്രാറ്റസിനെയും ഗാലനെയും നിരാകരിച്ച പാരാസെൽസസിന് എത്താൻ കഴിയാത്ത അഗീകാരതലത്തിലേക്ക് വെസാലിയൂസിന് എത്താൻ കഴിഞ്ഞത് വിദ്യാഭ്യാസ യോഗ്യതയും ഔദ്യാഗിക ഉന്നതിയും മഹനീയ വൈദ്യപാരമ്പര്യവും കൊണ്ടായിരുന്നു.



ഗാലന്റെ അനുയായികളായിരുന്ന സർവകലാശാലാ അദ്ധ്യാപകരുമായി കുശാഗ്രബുദ്ധിയായ വെസാലിയൂസ് ഏറ്റുമുട്ടി. എന്നാൽ അക്കാലത്ത് ജർമനി- ഫ്രാൻസ് യുദ്ധമുണ്ടായപ്പോൾ അദ്ദേഹം പാരിസ് വിട്ട് ബെൽജിയത്തിലെ ലുവൈൻ സർവകലാശാലയിൽ എത്തിച്ചേരേണ്ടി വന്നു.

ശവശരീരങ്ങൾ കീറി അനാറ്റമി പഠിക്കാൻ ലുവൈനിൽ ശവം കിട്ടാതെയായി. വെസാലിയൂസ് കൂട്ടുകാരെ കൂട്ടി സെമിത്തേരികളിൽ നിന്നും, വധശിക്ഷ നടത്തി പരസ്യമായി ശവം തൂക്കിയിട്ടിരുന്ന സ്ഥലങ്ങളിൽ നിന്നും ജഡങ്ങൾ മോഷ്ടിച്ചു. അങ്ങനെ സാഹസികമായും പ്രവർത്തിച്ച് ജന്മദൗത്യം സഫലമാക്കാൻ അദ്ദേഹം പരിശ്രമിച്ചു എന്ന് സാരം.

## ഫാബ്രിക്ക

പാദുവയിൽ വച്ച് തിരിച്ചറിഞ്ഞ ഗാലന്റെ പോരായ്മകൾ വെസാലിയൂസ് ആധികാരികമായി തന്നെ പ്രഖ്യാപിക്കുവാൻ പ്രാപ്തനായിക്കഴിഞ്ഞിരുന്നു. ശരീരശാസ്ത്ര ഘടനയെക്കുറിച്ചുള്ള ഗാലന്റെ ധാരണകളെ അദ്ദേഹം പരസ്യമായി ആക്രമിച്ചു.

കുരങ്ങിനെ ഡിസെക്ട് ചെയ്ത് കിട്ടിയ അറിവുകൾ മനുഷ്യനും ബാധകമാണെന്ന് ഗാലൻ സ്ഥാപിക്കുകയായിരുന്നു. എന്നാൽ വെസാലിയൂസ് കുരങ്ങിന്റെയും മനുഷ്യന്റെയും അസ്ഥിപഞ്ജരങ്ങൾ ഇടംവലം വച്ച്, രണ്ടും തമ്മിലുള്ള ഇരുനൂറിൽപ്പരം വ്യത്യാസങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഗാലനെ വിമർശിച്ചത്. ശീത സംഭരണികൾ ഇല്ലാതിരുന്ന അക്കാലത്ത് ജഡങ്ങൾ ചീയുന്നത് ഒഴിവാക്കാൻ ശിശിരകാലത്ത് വെസാലിയൂസ് നിരീക്ഷണ-പരീക്ഷണങ്ങൾ നടത്തിയത്. ഗാലനെതിരെയുള്ള വെസാലിയൂസിന്റെ വാദങ്ങൾ സ്വാഭാവികമായും എതിർപ്പിന് ഇരയായി. എന്നാൽ എതിർപ്പുകാരെ നേരിടാൻ പ്രത്യക്ഷ പരീക്ഷണങ്ങളും ബോദ്ധ്യപ്പെടുത്തലും നടത്തിയ വെസാലിയൂസിനെ എതിർപ്പുകാർ തന്നെ അംഗീകരിക്കുന്ന സ്ഥിതിയും ക്രമേണ ഉണ്ടായി. ലോകമെമ്പാടും തന്റെ വൈദ്യശാസ്ത്രധാരണകൾ അറിയിക്കുന്നതിന് വേണ്ടിയാണ് ഡി ഹുമാനി കോർപൊരിസ് ഫാബ്രിക്ക (മനുഷ്യശരീരത്തിന്റെ ഘടന) എന്ന പുസ്തകം അദ്ദേഹം പ്രസിദ്ധീകരിച്ചത്. പാരാസെൽസസിന്റെ സെക്രട്ടറിയായിരുന്ന ഒപ്പോറിനസ് (1507 - 1568) ആണ്'അയാളുടെ സ്വന്തം പ്രസിൽ അച്ചടിച്ച് ആ പുസ്തകം പ്രസിദ്ധീകരിച്ചത്. ഫാബ്രിക്ക എന്ന ചുരുക്കപ്പേരിൽ ആ പുസ്തകത്തെ പരാമർശിക്കാറുണ്ട്.

ദുർഗ്രഹത ഒഴിവാക്കാൻ വെസാലിയൂസ് ശ്രദ്ധിച്ചു. ജാൻ സ്റ്റീഫൻ എന്ന ലോകോത്തര ചിത്രകാരനെക്കൊണ്ട് ശരീരഘടനാചിത്രങ്ങൾ വരപ്പിച്ച് വെസാലിയൂസ് ഗ്രന്ഥം ആകർഷകമാക്കി. ശരീരാവയവങ്ങളുടെ സമഗ്രമായ രൂപങ്ങൾ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നു. 1543 ലെ അതിന്റെ പ്രസാധനവും കോപ്പർ നിക്കസിന്റെ സൗരയൂഥ സിദ്ധാന്ത ഗ്രന്ഥത്തിന്റെ പ്രസാധനവും നിമിത്തം പ്രസ്തുത വർഷം വൈജ്ഞാനിക വിപ്ലവത്തിന്റെ തുടക്കമായി വാഴ്ത്തപ്പെടുന്നു.

1537 ൽ വെസാലിയൂസ് പാദുവയിൽ സ്ഥാപിച്ച വിദ്യാലയം അനേകം ശരീരശാസ്ത്രജ്ഞന്മാർക്ക് ജന്മം നൽകി. അവരിൽ നെടുനായകനാണ് ഇംഗ്ലീഷുകാരനായ വില്യം ഹാർവി.

കടപ്പാട്
*വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം*
*- പി. ഗോവിന്ദപ്പിള്ള*
*കേരള ഭാഷാ ഇൻസ്റ്റിട്ട്യൂട്ട്, തിരുവനന്തപുരം*




# ഫാസിസ്റ്റ് അക്രമത്തിനെതിരെ പ്രതിഷേധം

സാമൂതിരി ഗുരുവായൂരപ്പൻ കോളജിലെ സീനിയർ അധ്യാപികയും സുവോളജി വിഭാഗം മേധാവിയുമായ ഡോ. എം. മാധവിക്കുട്ടിയുടെ വീട് ആക്രമിക്കുകയും പോർച്ചിൽ നിർത്തിയിട്ടിരുന്ന കാർ ഭീരുക്കളായ ഒരു കൂട്ടം അക്രമികൾ രാത്രിയുടെ മറവിൽ അഗ്നിക്ക് ഇരയാക്കുകയും ചെയ്തു. ജനുവരി 12 ഞായറാഴ്ച രാവിലെയായിരുന്നു സംഭവം. കോളജിലെ വിദ്യാർത്ഥി സംഘർഷവുമായി ബന്ധപ്പെട്ടു വിവിധ വിദ്യാർത്ഥി സംഘടനകളിൽപെട്ട ചില വിദ്യാർത്ഥികളെ കോളജ് അച്ചടക്കസമിതിയുടെ നിർദേശപ്രകാരം കോളജ് കൗൺസിൽ പുറത്താക്കിയിരുന്നു. എന്നാൽ ജനുവരി 11-ാം തീയതി ശനിയാഴ്ച കോളജ് ഗവേണിംഗ് കൗൺസിൽ യോഗത്തിനായി മാനേജ്മെന്റ് ഓഫീസിലേക്ക് തിരിച്ച പ്രിൻസിപ്പാളിനെയും ബോട്ടണി വിഭാഗം മേധാവി ജയശ്രീയെയും യോഗസ്ഥലത്ത് എത്തിക്കാൻ ടീച്ചർ കാർ എടുക്കുകയായിരുന്നു. യോഗസ്ഥലമായ തളിയിലെ മാനേജ്മെന്റ് ഓഫീസുനു തൊട്ടടുത്തുവച്ച് ഒരുകൂട്ടം എ.ബി.വി.പി പ്രവർത്തകർ ടീച്ചറുടെ കാർ തടഞ്ഞ് പുറത്താക്കിയവരെ തിരിച്ച് എടുക്കണമെന്ന് ആവശ്യപ്പെടുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. കാറിനു മുകളിൽ എ. ബി. വി .പിയുടെ പതാക വിരിച്ചു ആയിരുന്നു പ്രതിഷേധം. ആ അക്രമി സംഘത്തിൽ കോളജിലെ ഒരു വിദ്യാർത്ഥിപോലും ഉണ്ടായിരുന്നില്ല. ഒരടി മുന്നോട്ടുവച്ചാൽ കാർ കത്തിക്കും എന്നായിരുന്നു ഭീഷണി. അക്രമികൾ പ്രിൻസിപ്പൽ ഡോ. രതിതമ്പാട്ടിയേയും ഡോ. മാധവികുട്ടിയോടും അസഭ്യം പറയുകയും ചെയ്തു. കാറിൽ നിന്നും ഇറങ്ങുകയോ സഞ്ചാര സ്വാതന്ത്ര്യംപോലും നിഷേധിച്ച ഇന്ത്യ ഭരിക്കുന്ന വർഗ്ഗീയ ഫാസിസത്തിന്റെ കുഞ്ഞുങ്ങളോട് സംസാരിക്കുകയോ പോലും ചെയ്യാതെ സമാധാനമായി കാറിൽ ഇരിക്കുകയാണ് അവർ ചെയ്തത്. തുടർന്ന് പോലീസ് എത്തിയാണ് ടീച്ചറെ അക്രമികളിൽ നിന്നും മോചിപ്പിച്ചത്. പിറ്റേന്ന് പുലർച്ചെ 1.45ന് അസാധാരണമായി കാറിന് ബീപ് ശബ്ദം കേട്ട് ഉണർന്ന ടീച്ചർ പോർച്ചിൽ കണ്ടത് നിർത്തിയിട്ടിരുന്ന കാർ കത്തി അമരുന്നതാണ്. മൂന്ന് വശത്തെ ജനാല ചില്ലുകൾ എല്ലാം തന്നെ അക്രമികൾ അടിച്ചു തകർത്തിരുന്നു. സംഭവ സമയത്ത് വീട്ടിൽ ടീച്ചറും മകനും മകളും അവരുടെ മൂന്നരവയസും ആറുമാസവും പ്രായമുള്ള പേര കുട്ടികളും മാത്രമാണ് ഉണ്ടായിരുന്നത് അയൽ വീട്ടുകാരുടെയും അഗ്നിശമന സേനയുടെയും സഹായത്തോടെ തീ അണക്കുമ്പോഴേക്കും റിട്സ് കാർ പൂർണ്ണമായും കത്തി നശിച്ചിരുന്നു. തൊട്ടടുത്തു കിടന്നിരുന്ന മകളുടെ കാറിന് ഭാഗികമായി കേടുപാടുകൾ സംഭവിച്ചിരുന്നു. വകുപ്പ് മേധാവി എന്ന നിലയിൽ കോളജ് കൗൺസിൽ ഒരു മെമ്പർ മാത്രമായ ഡോ.മാധവികുട്ടിയെ ആക്രമിക്കുന്നത് എന്തിനാണെന്ന് വ്യക്തമല്ല. വകതിരിവില്ലാത്ത അസഹിഷ്ണുതയും വിവേചനവും ബുദ്ധിയില്ലാത്ത അക്രമവും ഫാസിസത്തിന്റെ എക്കാലത്തെയും സംഭവമാണല്ലോ.

ഗുരുക്കളെ ബഹുമാനിക്കണമെന്ന് നാഴികക്ക് നാല്പതുവട്ടം ഉദ്ഘോഷിക്കുന്ന നരേന്ദ്രമോദിയുടെ ഫാസിസ്റ്റ് സന്തതികൾ എൺപതുകളുടെ തുടക്കം മുതൽ ഗുരുവായൂരപ്പൻ കോളജിൽ അധ്യാപികയായി സേവനം അനുഷ്ടിക്കുന്ന സ്നേഹം മാത്രം വിദ്യാർത്ഥികൾക്ക് നല്കാൻ അറിയാവുന്ന മാധവിക്കുട്ടി ടീച്ചറെയും കുടുംബത്തെയും ശാരീരികമായി ഇല്ലായ്മ ചെയ്യാനുള്ള ഹീനശ്രമമാണ് നടത്തിയത് ഇത് ചെയ്ത/ ചെയ്യിപ്പിച്ച മൃഗങ്ങൾക്ക് ടീച്ചർ ആരാണെന്ന് അറിയില്ലായിരിക്കാം അതറിയണമെങ്കിൽ ജീവിതത്തിൽ എതെങ്കിലും ഒരു ടീച്ചറുമായി അവർക്ക് ആത്മബന്ധം ഉണ്ടായിരിക്കണം. വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകളിൽ വർഗീയ ഫാസിസത്തിന്റെ വിഷവിത്തുകൾ പാകി മുളപ്പിച്ചു കൊയ്ത്ത് നടത്തുന്ന ഇവർക്ക് മുറിക്കാത്ത പൊക്കിൾകൊടി ബന്ധമുള്ളത് അക്രമത്തോടും തീവപ്പിനോടും കൊലപാതകത്തോടും വംശഹത്യകളോടും മാത്രമാണ്. ടീച്ചർ ആരാണെന്ന് അറിയാൻ സംഭവത്തിനുശേഷം ഇന്നുവരെ വർഗ്ഗീയ ഫാസിസ്റ്റുകൾ തകർത്ത ആ വീട് സന്ദർശിച്ചവർ എത്ര പേരാണെന്ന് നോക്കിയാൽ മാത്രം മതി. എൺപതുകളിൽ ടീച്ചറുടെ ആദ്യ വിദ്യാർത്ഥി മുതൽ ഇപ്പോഴുള്ള വിദ്യാർത്ഥികൾ വരെ ഫാസിസ്റ്റ് ക്രൂരതയുടെ ഈ ജീർണ്ണമുഖം നേരിൽ കാണാനും പ്രതിഷേധം രേഖപ്പെടുത്താനും അവിടെ എത്തിചേർന്നു.


ചോര കൊണ്ടുള്ള ഈ കളി ഇവർ മുൻപും നടത്തിയിട്ടുണ്ട്. 2008 ൽ ഡൽഹി സർവകലാശാലയിലെ ഒരു സെമിനാർ ഹാളിൽ ഇരച്ചു കയറിയ ഏതാനും എബിവിപി വിദ്യാർത്ഥികൾ എസ് എ ആർ ഗീലാനിയുടെ മുഖത്ത് കാർകിച്ച് തുപ്പിയത് നമ്മൾ മറക്കരുത്. 2010 ൽ രാജസ്ഥാൻ സർവകലാശാലയിലെ ചീഫ് പ്രോക്ടറെ ആക്രമിച്ചതും എബിവിപി ക്കാർ തന്നെ. 2011ൽ മധ്യപ്രദേശിലെ ഭാഗ്വന്ത് റാവു അഗ്രികൾച്ചറൽ കോളജിൽ അശോക് ചൗധരി എന്ന അധ്യാപകന് എബിവിപി വിദ്യാർത്ഥികളിൽ നിന്ന് മർദ്ദനം ഏല്ക്കുന്നത് കണ്ടു സുന്ദർസിംഗ് താക്കൂർ എന്ന അധ്യാപകൻ ഹൃദയം തകർന്നു മരിച്ചു 2014 ഏപ്രിൽ ഡൽഹി യൂണിവേഴ്സിറ്റി സുവോളജി വിഭാഗം പ്രൊഫസ്സർ രാജുറാവത്തിനെ ആക്രമിച്ചതു നരേന്ദ്രമോഡിയെ വിമർശിച്ചു എന്ന കാരണം പറഞ്ഞു ആയിരുന്നു. ഡോ. മാധവിക്കുട്ടി എബിവിപിയെയോ അവരുടെ രാഷ്ട്രീയത്തെയോ വിമർശിച്ചിട്ടില്ല. അവരുടെ ഒരു നേതാക്കളെയും വിമർശിച്ചിട്ടില്ല. കോളജ് ഏല്പിച്ച ചുമതലകൾ മറ്റു വകുപ്പ് അധ്യക്ഷന്മാരോട് കൂടെ നിന്ന് ഉത്തരവാദിത്വത്തോടെ നിർവഹിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. എന്നിട്ടും സൗമ്യശീലയായ ഡോ. മാധവിക്കുട്ടിയെ എന്തിനാക്രമിച്ചു എന്നതൊരു പ്രഹേളിക ആണ്.

കണ്ണിനു കണ്ണ് കൈക്ക് കൈ കാലിനു കാൽ എന്ന മൃഗവാസനയ്ക്ക് ജനാധിപത്യ ഭാരതത്തിൽ ചവറ്റുകുട്ടയിലാണ് സ്ഥാനം എന്ന ഉത്തമ ബോധ്യമുള്ള നാനാ തുറയിലുള്ള വിദ്യാർത്ഥികളും പൊതുജനങ്ങളും വൻപിച്ച പ്രതിഷേധമാണ് രേഖപ്പെടുത്തിയത് യോജിക്കാനാവത്തവരെ ശാരീരികമായി ആക്രമിച്ചു കീഴടക്കുന്ന ഫാസിസ്റ്റ് രാഷ്ട്രീയ പരീക്ഷണത്തിനെതിരെ പടയണി ചേരാൻ ഗുരുവായൂരപ്പൻ കോളജിലെ എ.കെ.പി.സി.ടി.എ യൂണിറ്റ് അധ്യാപകരോട് ആഹ്വാനം ചെയ്തു. 2015 ജനുവരി 13 ന് കോളജിലെ എ.കെ.പി.സി.ടി.എ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഏകദിന സൂചനാ ഉപവാസസമരം സംഘടിപ്പിക്കു കയുണ്ടായി. സമരം യൂണിറ്റ് പ്രസിഡന്റ് ഡോ. എം. കെ. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ജനാധിപത്യ രീതിയിൽ സാമ്പ്രദായിക നിയമ വഴിയിലൂടെ ആക്ഷേപമുള്ള തീരുമാനങ്ങളെ ചോദ്യം ചെയ്യാതെ രാത്രിയുടെ മറവിൽ ഏതാനും ഭീരുക്കളായ അക്രമികൾ ഭീകരമായ ഫാസിസ്റ്റ് ആക്രമണം അഴിച്ചുവിട്ടതിനെ അദ്ദേഹം ശക്തമായി അപലപിച്ചു. ഉപവാസ സമരത്തിൽ യൂണിറ്റിലെ എല്ലാ അംഗങ്ങളും പങ്കെടുത്ത ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും പടർന്നു കയറുന്ന ഫാസിസത്തിന്റെ പ്രതീകമായി ഒരു നീരാളിയുടെ കോലം നിർമ്മിച്ച് ആ കോലം സമരക്കാർ കത്തിച്ചു അക്രമത്തിനെ അപലപിച്ച എസ്.എഫ്. ഐ, അനധ്യാപക ജീവനക്കാർ എന്നിവർ എ.കെ.പി.സി.ടി.എ സമരത്തോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു.

# എ.കെ.പി.സി.ടി.എ കുടുംബസംഗമവും കലാപരിപാടികളും




ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ കണ്ണൂർ-കാസർഗോഡ് ജില്ലാ വനിതാ കമ്മിറ്റള കുടുംബസംഗവും കലാപരിപാടികളും നടത്തി. കാഞ്ഞിരങ്ങാട് ഇൻഡോർപാർക്കിൽ തളിപ്പറമ്പ് നഗരസഭാ ചെയർപേഴ്സൺ റംല പക്കർ ഉദ്ഘാടനം ചെയ്തു. വനിതാ കമ്മിറ്റി ജില്ലാ .ചെയർപേഴ്സൺ പി.സോന അദ്ധ്യക്ഷയായി. സംസ്ഥാന വൈസ്പ്രസിഡന്റ് എ. ജി.ഒലീന മുഖ്യാതിഥിയായി. മേഖലാ കൺവീനർ ഷീല.എം. ജോസഫ് സംസാരിച്ചു. ജില്ലാകൺവീനർ ഡോ.ടി.പിയനഫീസാ ബേബി സ്വാഗതവും ജില്ലാ കമ്മിറ്റി.ംഗം ടി. ജിജികുമാരി നന്ദിയും പറഞ്ഞു. തുടർന്ന് അധ്യാപകരും കുടുംബാംഗങ്ങളും അവതരിപ്പിച്ച കലാപരിപാടികളും രാജേഷ് കച്ചുമ്പ്രോനും സംഘവും അവതരിപ്പിച്ച മാജിക് ഷോയും അരങ്ങേറി. ക്രിസ്തുമസ് പുതുവത്സരഘോഷവും നടന്നു. സമാപന സമ്മേളനത്തിൽ മുൻ സസ്ഥാന പ്രസിഡന്റ് എ. പി. കുട്ടികൃഷ്ണൻ പങ്കെടുത്തു. ജില്ലാ പ്രസിഡന്റ് പ്രമോദ് വെള്ളച്ചാൽ അധ്യക്ഷനായി. സംസ്ഥാന സെക്രട്ടറി വി.കുട്ട്യൻ, സംസ്ഥാന കമ്മിറ്റിയംഗം ഡോ. കെ.രാജൻ,. ജില്ലാ വൈസ് പ്രസിഡന്റ് ഡോ. ടി.വി. രാമകൃഷ്ണൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. ജില്ലാ സെക്രട്ടറി എ.നിശാന്ത് സ്വാഗതവും ജില്ലാ ട്രഷറർ പി.കിഷോർകുമാർ നന്ദിയും പറഞ്ഞു.




**തിരുവനന്തപുരം ജില്ല വനിത കൺവെൻഷൻ സി. എസ്. സുജാത ഉദ്ഘാടനം ചെയ്യുന്നു.**


KANNUR SHOWROOM
THALASSERY SHOWROOM
കല്ലറയ്ക്കൽ
മഹാറാണി
ജ്വല്ലേഴ്സ്
BANK ROAD, KANNUR: 0497 2701705
AVK NAIR ROAD, THALASSERY : 0490 2323955
MO ROAD, THRISSUR : 0487 2423377



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ **ഡോ. ഷീജാ നാരോത്ത്** ഇരിട്ടി എം. ജി കോളജിൽ അസോസിയേറ്റ് പ്രൊഫസ്സറാണ്. ***പ്രതിരോധ നിർമ്മിതി പുലയരുടെ കലകളിൽ***എന്ന വിഷയത്തിൽ ഡോ. കുമാരൻ വയലേരിയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും *Environmental Science* ൽ ഡോക്ടറേറ്റ് നേടിയ ഡോ. **മുഹമ്മദ് നാസർ കെ. എം.** എം.ഇ.എസ് അസ്മബീ കോളേജ്, കൊടുങ്ങല്ലൂരിൽ ബോട്ടണിയിൽ അസോസിയേറ്റ് പ്രൊഫസ്സറാണ്. ***Ecology and Bio diversity of Microalgae in the selected areas of Western Ghats*** എന്ന വിഷയത്തിൽ പൊന്നാനി എം.ഇ.എസ് കോളജിലെ ഡോ.എസ്.സുരേഷ്കുമാറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കണ്ണൂർ സർവ്വകലാശാലയിൽ നിന്നും മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ **ഡോ. ദീപേഷ് കരിമ്പുംകര** ചേളന്നൂർ എസ്. എൻ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസ്സറാണ്. ***ആധുനിക മലയാള കവിതയിലെ പിതൃബിംബങ്ങൾ*** എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് നേടിയത്.



കോഴിക്കോട് സർവകലാശാലയിൽ നിന്നും പ്രഥമ സദ്ഗുരു അവാർഡ് നേടിയ **ഡോ. സുധ ഇ. കെ** ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ അസോസിയേറ്റ് പ്രൊഫസ്സറാണ്



R.No. 36025/81
No. 247

KERALA PRIVATE COLLEGE TEACHER

Registered No. KL/TV (N)35/2012-2014
Rs. 11/-
JANUARY 2015




For reservations : +91 944 600 4251/52, +91 944 778 3716, +91 944 778 3714, +91 474 2769999
crs@qresorts.in, info@qresorts.in, www.qresorts.in

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494, Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal